
നവംബർ 2021

Price ₹ 25

# ജീവനും വെളിച്ചവും



₹

## സഭയിലെ സുവിശേഷപ്രഘോഷകരുടെ കൂട്ടായ പ്രവാഹമാണ് സിനഡാത്മകതയുടെ പൊരുൾ



വി. മറിയം മഗ്ദലേനാ
ദൈവാലയം
പരുത്തിയൂർ, പൊഴിയൂർ
(തിരുവനന്തപുരം ലത്തീൻ അതിരൂപത)
St. MARY MAGDALENE'S CHURCH
PARUTHIYOOR
POZHIYOOR
65
-ാമത്
ക്രിസ്തുരാജത്വ
തിരുനാൾ
മഹോത്സവം
2021 നവംബർ 12 മുതൽ 21 വരെ

## ജീവനും വെളിച്ചവും

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2021 നവംബർ
പുസ്തകം - 45 ലക്കം - 11
വില 25 രൂപ (വാർഷിക വരിസംഖ്യ: 300 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com



**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. സൂസപാക്യം
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. ഡോ. സി.ജോസഫ്
ഡോ. തോമസ് ജെ. നെറ്റോ
**ഉപദേശക സമിതി**
ഫാ. ഫാ. ഡാർവിൻ പീറ്റർ
ഫാ. സുരേഷ് പയസ്
ഫാ. മെൽക്കൺ
ഫാ. സാബാസ് ഇഗ്നേഷ്യസ്
ഫാ. ജോൺ ഡാൾ
ഫാ. സന്തോഷ്കുമാർ പനിയടിമ
ഫാ. ജോൺ എ.ആർ.
ഫാ. ഷാജിൻ ജോസ്
ഫാ. ഫാ. നിജു അജിത്
പി. ശശിധരൻ
**പത്രാധിപർ**
ഫാ. ദീപക് ആന്റോ
**സഹ പത്രാധിപർ**
ഫാ. വിക്ടർ എവരിസ്റ്റസ് IVDei
അഗസ്റ്റിൻ കണിപ്പിള്ളി
**പത്രാധിപ സമിതി**
മോൺ. യൂജിൻ എച്ച് പെരേര
മോൺ. ജെയിംസ് കുലാസ്
അഡ്വ. എം.എ.ഫ്രാൻസിസ്
ഇഗ്നേഷ്യസ് തോമസ്
ഡോ. സീന ഫെലിക്സ്
**ആർട്ടിസ്റ്റ്**
വർഗീസ് ജോർജ്
**ഡിറ്റിപി & ലേ-ഔട്ട്**
സുനിൽകുമാർ
**ഓഫീസ് നിർവഹണം**
സിസ്റ്റർ റീന


### മുഖവിചാരം

# 'കൂട്ടായ്മ' സഭയുടെ സ്വഭാവവും വിളിയും

നമ്മുടെ രൂപതയിൽ സംഘടനാപരമായ സംവിധാനങ്ങൾക്ക് ഒരു കുറവുമില്ല, എന്ന് പലപ്പോഴും പറഞ്ഞുകേൾക്കാറുണ്ട്. ഈ സംവിധാനങ്ങൾ സഭാ ഗാത്രത്തിന്റെ ഒരുമയ്ക്കും കൂട്ടായ്മാനുഭവത്തിനും സേവനസന്നദ്ധതയിലുറച്ച സുവിശേഷവൽക്കരണ പ്രവർത്തനങ്ങൾക്കും സഹായകമാണോ എന്ന ചോദ്യവും ചിന്തകൾക്ക് വിഷയമാകാറുണ്ട്. അരനൂറ്റാണ്ടുമുമ്പ് നടന്ന വത്തിക്കാൻ കൗൺസിലിന്റെ സ്വരം വ്യക്തമായിരുന്നു. ജ്ഞാനസ്നാനം സ്വീകരിച്ച ഓരോ വിശ്വാസിയും-അജപാലകരും, അല്മായരും, സമർപ്പിതരും-ഒന്നിച്ച് യാത്രചെയ്യുകയും പ്രവർത്തിക്കുകയും സാക്ഷ്യം നൽകുകയും ചെയ്തുകൊണ്ട് ക്രിസ്തുവിന്റെ മൗതികശരീരത്തിൽ ജീവിച്ച് പരിശുദ്ധാത്മാവിന്റെ പ്രേരണയാൽ തങ്ങളുടെ അപ്പസ്തോലിക ദൗത്യം പൂർത്തിയാക്കുന്നു. അതുകൊണ്ടുതന്നെ ഒരുമിച്ച് യാത്രചെയ്യുന്ന 'സിനഡാത്മകസഭ' എന്ന വിഷയം വെറും ഒരു ആശയമല്ല. സഭയുടെ യഥാർത്ഥ സ്വഭാവത്തെയും ദൗത്യത്തെയും പ്രവർത്തനരീതിയെയും ഉൾക്കൊള്ളുന്ന ഒന്നാണ്.

2018 ൽ പ്രസിദ്ധീകരിച്ച നവീകരിച്ച സിനഡ് മാർഗരേഖ പ്രകാരം പ്രാർത്ഥനാനിർഭരമായ സിനഡൽ സമ്മേളനങ്ങൾ പ്രാദേശികമായി രൂപതാതലത്തിൽ നിന്നാരംഭിച്ച് ദേശീയം, വ്യത്യസ്ത ഭൂഖണ്ഡങ്ങൾ, ആഗോളം എന്നീ തലങ്ങളിലെല്ലാം നടത്തപ്പെടണം. കൂടിവരികയും പരസ്പരം ശ്രവിക്കുകയും കൂടിയാലോചനകൾ നടത്തുകയും സംഘാതമായി തീരുമാനമെടുക്കുകയും ചെയ്യുന്ന സിനഡാലിറ്റി എന്ന വിഷയം തന്നെ വിചിന്തനം ചെയ്യുന്ന, ഈ സിനഡ് പ്രക്രിയ 2023 ഒക്ടോബറിൽ സിനഡ് പിതാക്കന്മാരുടെ കൂടിവരവോടെ സമാപിക്കുമ്പോൾ ഒരുപക്ഷേ ചരിത്രത്തിലെ ഏറ്റവും വിപുലമായ അഭിപ്രായം തേടൽ പ്രക്രിയയായിരിക്കും ഇതെന്ന് കരുതപ്പെടുന്നു.

1965 ൽ വി. പോൾ ആറാമൻ പാപ്പ മെത്രാൻ സിനഡിനെ അംഗീകരിച്ച് സ്ഥാപിച്ചതുമുതൽ കഴിഞ്ഞ 50 വർഷങ്ങൾക്കിടെ പതിനഞ്ച് സാധാരണ സിനഡുകളും മൂന്ന് അസാധാരണ സിനഡുകളും 11 പ്രത്യേക സിനഡുകളും ആഗോളസഭയിൽ നടന്നിട്ടുണ്ട്. തുടർന്നുവന്ന പാപ്പമാരൊക്കെ സിനഡ് കൂട്ടായ്മയുടെയും കൂടിയാലോചനകളുടെയും ഫലം അനുഭവിച്ചവരാണ്. പരസ്പരം ശ്രവിക്കാനും കൂടിവരുവാനും കൂടിയാലോചന നടത്തുവാനും ഒരുമിച്ച് യാത്രചെയ്ത് മുന്നേറാനും ഓരോ സിനഡും പ്രത്യേകിച്ച്, 'സിനഡാത്മകത' തന്നെ മുഖ്യചിന്താ വിഷയമായിരിക്കുന്ന മെത്രാന്മാരുടെ പതിനാറാം സിനഡ്സഭാമക്കളെ ക്ഷണിക്കുന്നു. അതിനാൽ തന്നെ സിനഡ് എന്നത് ഒരുവലിയ സമ്മേളനം എന്നതിനേക്കാളുപരിയായി സഭയിലെ ജീവിതശൈലിയായി കണ്ട് മുന്നോട്ടു പോകാം.

- പത്രാധിപർ




# പ്രതികരണങ്ങൾ

## മുഖവിചാരത്തോട് യോജിക്കുന്നു

ഒക്ടോബർ ലക്കത്തിന്റെ മുഖവിചാരം നന്നായി. ഒരു മതവിഭാഗം ലോകമെങ്ങും അക്രമവും കൊലയും നടത്തി ലോകം കീഴടക്കാനുള്ള തന്ത്രപരമായ നീക്കത്തിലാണ്. അതിനവർ മതത്തിന്റെ പിൻബലത്തിൽ എന്തും കാട്ടിക്കൂട്ടും. പോലീസ് മേധാവി വിരമിക്കൽ ദിവസം ലോകത്തോട് വിളിച്ചുപറഞ്ഞു: കേരളത്തിൽ മതതീവ്രവാദികളുടെ സ്ലീപ്പിംഗ് സെല്ലുകൾ പ്രവർത്തിക്കുന്നുണ്ടെന്ന്. അതേക്കുറിച്ച് സർക്കാരിന് ഒന്നും അറിയില്ല എന്ന നിയമസഭയിലെ മുഖ്യമന്ത്രിയുടെ പ്രസ്താവനയിൽ നിഗൂഢത തളം കെട്ടിയിക്കിടക്കുന്നു!

– ജെറാൾഡ് ബി. മിരാൻഡ
തോന്നയ്ക്കൽ

## കുടുംബ പ്രാർത്ഥനയും നവീകരണ പ്രസ്ഥാനങ്ങളും

നമ്മുടെ കുടുംബ പ്രാർത്ഥനയ്ക്ക് എന്തുസംഭവിച്ചു എന്ന മുൻ അൽമായ ശുശ്രൂഷാ ഡയറക്ടറുടെ നിരീക്ഷണങ്ങളും നിഗമനങ്ങളും നിലപാടുകളും നിർദ്ദേശങ്ങളും വായിച്ചു. അപഭ്രംശങ്ങൾ, അജ്ഞത, അപചയം, അന്തസത്ത, അറിവില്ലായ്മ... തുടങ്ങി ചെറു തലക്കെട്ടുകളിലൂടെ മുന്നേറിയ ലേഖനത്തിലെ വിവരങ്ങൾ പലർക്കും അറിവുള്ളതാണ്.

കൃഷിപ്പണിയും മറ്റുമായി നടന്ന പഴയ തലമുറയ്ക്ക് കൃത്യസമയത്തുതന്നെ എന്നും സന്ധ്യാപ്രാർത്ഥന നടത്തുവാൻ കഴിഞ്ഞിരുന്നു. അതുകൊണ്ട് തന്നെ സന്ധ്യാപ്രാർത്ഥനയുടെ സമയത്തിനു മാറ്റമുണ്ടായില്ല. നഴ്സായ ഞാൻ വീട്ടിൽ എത്തുമ്പോൾ ഏഴര മണിയാകും. അതിനേക്കാൾ താമസിച്ച് വീട്ടിൽ എത്തുന്നവരും ഉണ്ട്. നമ്മുടെ ലിറ്റർജി, കുടുംബ പ്രാർത്ഥന, സന്ധ്യാപ്രാർത്ഥന ഇവയെക്കുറിച്ചൊന്നും പുതുതലമുറയ്ക്ക് വലിയ ബോധവും ബോധ്യവുമില്ല. അത്തരം ആത്മീയ അവബോധം നൽകാൻ വൈദികരും സന്യസ്തരും തീക്ഷ്ണതയോടെ കുടുംബങ്ങളിലേക്ക് ഇറങ്ങിച്ചെല്ലേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

നവീകരണ പ്രസ്ഥാനങ്ങൾക്കു അപചയം നേരിട്ടു എന്ന നീര്ക്ഷണം ശരിയല്ല. നവീകരണ പ്രസ്ഥാനങ്ങളുടെ സജീവ സാന്നിധ്യവും ഊർജസ്വലതയും തന്നെയാണ് ആത്മീയതകർച്ചയിൽ നിന്നും വ്യക്തികളെയും കുടുംബങ്ങളെയും ഇന്നും പിടിച്ചുനിർത്തുന്നത്. വിശ്വാസം കാറ്റിൽ പറന്നു പോയെങ്കിൽ സഭ തന്നെ ഇന്ന് ഉണ്ടാകുമായിരുന്നോ? മാത്യുനായ്ക്കം പറമ്പിൽ, സേവ്യർഖാൻ വട്ടായിൽ, ഡൊമിനിക് വാളന്മനാൽ, ഡാനിയേൽ പൂവണ്ണത്തിൽ എന്നീ ദൈവികരിൽ ആരുംതന്നെ പ്രസ്ഥാനങ്ങളല്ല. ഇവരുടെ വചന പ്രഘോഷണവും ബൈബിൾ വ്യാഖ്യാനവും ഏതൊരു വ്യക്തിക്കും ആത്മീയോൽക്കർഷവും ആഴമായ സഭാ സ്നേഹവും ഉണ്ടാക്കുന്നതാണ്. കുടുംബ പ്രാർത്ഥന/ജപമാല പ്രാർത്ഥന നടത്തിയിട്ട് മാത്രമേ ഉറങ്ങൂ എന്ന സ്വയബോധം ഉണ്ടെങ്കിൽ നമ്മുടെ കുടുംബങ്ങൾ രക്ഷപ്പെടും. അല്ലെങ്കിൽ പാശ്ചാത്യരെ അനുകരിച്ച് സെക്കുലറിസം പറഞ്ഞ് നമ്മളും നമ്മുടെ കുടുംബങ്ങളും നശിക്കും.

– വിജയമ്മ ജെറാൾഡ്

# താളുകളിൽ


**ഓഖി ദുരിത ബാധിതർക്കുവേണ്ടി സർക്കാർ സമക്ഷം** 6
ഫാ. ഷാജിൻ ജോസ്

**അഞ്ചുതെങ്ങ് കലാപം ചരിത്രവും മിഥ്യയും** 8
എ. അനിൽകുമാർ

**കഥ: മറിയം** 16
ബർഗ്മാൻ തോമസ്

**കവിത: കണവമോതിരം** 20
ഷൈജു അലക്സ്

**മെത്രാന്മാരുടെ സിനഡ്: ആത്മാവ് സഭകളോട് പറയുന്നത് കേൾക്കാൻ** 22
ഫാ. തോമസ് ജെ. നെറ്റോ

**ചരിത്രപഥം** 25
ഇഗ്നേഷ്യസ് തോമസ്

**വായന: അടയാളപ്രേതം** 26
ജോയി ഗോതുരുത്ത്

**കാനോൻ ലോ** 33
ഫാ. ജോസ് ജി.

**നീർച്ചാൽ** 34

**വചനജ്വാല** 39

**തിരിച്ചറിവ്** 40
ഫാ. എ.ആർ. ജോൺ

**നേർക്കാഴ്ച** 42
ജെ.സി.










ലേഖനം



# ഓഖി ദുരിത ബാധിതർക്കുവേണ്ടി സർക്കാർ സമക്ഷം

ഭയപ്പെടുത്തുന്ന ഓർമ്മകളും വിട്ടുമാറാത്ത ദുരിത ജീവിതവും സമ്മാനിച്ച് തീരദേശ ജനതയെ കണ്ണീരാഴങ്ങളിൽ തളച്ചിട്ടുകടന്നുപോയ ഓഖി ചുഴലിക്കാറ്റ് ദുരന്തത്തിന് ഇത് നാലാം ഓർമ്മവർഷം.

2017 നവംബർ 29 ന്റെ മധ്യാഹ്നത്തിലാണ് ഓഖി ചുഴലിക്കാറ്റ് തൂത്തൂർ മുതൽ അഞ്ചുതെങ്ങ് വരെയുള്ള തീരദേശമേഖലയിൽ സംഹാരത്തിനിറങ്ങിയത്. അന്ന് മത്സ്യബന്ധനത്തിനായി കടലിൽ ആയിരുന്ന ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികളിൽ 143 പേരുടെ ജീവനും തീരദേശത്തിന്റെ ആകെ ജീവിത സമ്പാദ്യങ്ങളും അപ്പാടെ അപഹരിച്ചാണ് ഓഖി ചുഴലിക്കാറ്റ് തീരം വിട്ടത്. അന്നുതുടങ്ങിയ തീരത്തിന്റെ ദുരിത ജീവിതത്തിന് ആശ്വാസമേകാൻ ഇടപെടലുകൾ പലതുണ്ടായെങ്കിലും ആ ജീവിതങ്ങൾ ഇനിയും അനിശ്ചിതത്വത്തിലാണ്. ഓഖിയിലൂടെ ജീവനും ജീവിതവും നഷ്ടപ്പെട്ടവർക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകിയ വാഗ്ദാനങ്ങൾ പലതും പൂർണമായോ ഭാഗികമായോ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലെന്നത് തീരദേശ ജനതയുടെ പ്രതീക്ഷകൾക്ക് മങ്ങലേൽപ്പിച്ചിരിക്കുന്നു.

അതേസമയം ദുരിതബാധിതരുടെ വേദനയിൽ പങ്കുചേർന്ന് അവർക്ക് ആശ്വാസവും സഹായവുമായ തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ കാരുണ്യ പ്രവർത്തനങ്ങൾ ഇപ്പോഴും നിർവിഘ്നം തുടരുന്നുവെന്നതാണ് ദുരിതബാധിതരുടെ വേദനയെ ഒരുപരിധിവരെയെങ്കിലും അകറ്റിനിർത്തുന്നത്.

കഴിഞ്ഞ നാലുവർഷത്തിനിപ്പുറം സർക്കാർ വാഗ്ദാനങ്ങൾ എത്രമാത്രം പാലിക്കപ്പെട്ടുവെന്നതിനെ ആശ്രയിച്ചാണ് തീരദേശത്തിന്റെ ജീവിതാവസ്ഥ നിലനിൽക്കുന്നത്. ഓഖി ചുഴലിക്കാറ്റിൽപ്പെട്ട് മരണമടയുകയോ കാണാതാവുകയോ ചെയ്ത 143 മത്സ്യത്തൊഴിലാലികളുടെ കുടുംബങ്ങൾക്ക് 20 ലക്ഷം രൂപാവീതവും തീരദേ



ഫാ. ഷാജിൻ ജോസ്

ശത്തെ 113923 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2000 രൂപ വീതവും അടിയന്തിര സഹായമായി നൽകിയ സർക്കാർ നടപടി അംഗീകരിക്കുമ്പോൾ തന്നെ നിറവേറ്റപ്പെടാതെ പോയ വാഗ്ദാനങ്ങൾ ആകെ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ശോഭ കെടുത്തിക്കളയുന്നു. ഓഖി ദുരിതബാധിതരുടെ ക്ഷേമത്തിനായുള്ള പദ്ധതികളുടെയോ വാഗ്ദാനങ്ങളുടെയോ കുറവല്ല, അവ യഥാസമയം നടപ്പാക്കുന്നതിലെ കാലതാമസവും സഹായങ്ങൾ ലഭ്യമാക്കുന്നതിലെ ആത്മാർത്ഥതയില്ലായ്മയുമാണ് നാലുവർഷം കഴിഞ്ഞിട്ടും ദുരിതജീവിതം ശമിക്കാത്തതിന് കാരണം.

തിരുവനന്തപുരം ജില്ലയിലെ ഓഖി ദുരിതബാധിതർക്കായി സർക്കാർ ഇതുവരെ ചെലവഴിച്ചത് നാല്പത്തിനാലുകോടി എൻപത്തിഒൻപതുലക്ഷത്തിൽപ്പരം രൂപയാണ്. ഭവനരഹിതർക്ക് വീടുവച്ചു നൽകാൻ വകയിരുത്തിയ ഏഴുകോടി നാല്പത്തി ഒന്നു ലക്ഷം രൂപയും, മരണമടഞ്ഞവരുടെ ആശ്രിതർക്ക് ഇരുപതുലക്ഷം രൂപ വീതം നൽകിയതും വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സഹായമായി വകയിരുത്തിയ 91730000 രൂപയും ഇതിൽപ്പെടുന്നു. അതേ സമയം കേരള മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൂറ്റിതൊണ്ണൂറ്റിനാലര കോടിയിൽപ്പരം രൂപ ലഭിക്കുകയുണ്ടായി. ഇതിൽ അറുപത്തിയൊൻപതു കോടി 60 ലക്ഷം രൂപയാണ് തിരുവനന്തപുരം ജില്ലയിലെ ഓഖി ദുരിതബാധിതർക്കായി സർക്കാർ നീക്കിവച്ചത്. സർക്കാർ കണക്കനുസരിച്ച് ഓഖി ദുരിതബാധിതർക്കായി നീക്കിവച്ച തുകയിൽ ഇരുപത്തിനാലുകോടി എഴുപത് ലക്ഷത്തിൽപ്പരം രൂപ ഇനിയും ചെലവഴിക്കപ്പെടാതെ ബാക്കിയായിട്ടുണ്ട്. ദുരിത ബാധിതർക്കുള്ള ദീർഘകാല സഹായ പദ്ധതികളുടെ ആവിഷ്കാരമോ പൂർത്തീകരണമോ ആണ് ഇതുമൂലം നടപ്പിലാകാതെ പോകുന്നത്. കടൽരക്ഷാ സൈന്യ രൂപീകരണം 4.50 കോടി എഫ്ആർപി ബോട്ടുകൾ – 9.88,സാറ്റ്ലൈറ്റ് ഫോൺ – 9.42 കോടി, ലൈഫ് ജാക്കറ്റ് – 6.10 കോടി, നാവിക് പദ്ധതി – 15.93 കോടി മറൈൻ ആംബുലൻസ് – 7.36 കോടി എന്നിങ്ങനെ വകയിരുത്തിയിട്ടുണ്ടെങ്കിലും അവയിൽ പലതും ഭാഗികമായി മാത്രമേ നടപ്പാക്കാനോ ആരംഭിക്കാനോ കഴിഞ്ഞിട്ടുള്ളൂ.

ഓഖിയിൽ മരണപ്പെടുകയോ കാണാതാവുകയോ ചെയ്തവരുടെ ആശ്രിതരായ വനിതകൾക്ക് തൊഴിൽ നൽകാനായി നാലുകോടി ചെലവിൽ വിഴിഞ്ഞത്ത് വിഭാവനം ചെയ്ത പദ്ധതി ഇനിയും വെളിച്ചം കണ്ടില്ല. അതുപോലെ മുട്ടത്തറയിലെ വല നിർമ്മാണ ഫാക്ടറിൽ 42 പേർക്ക് ദിവസ വേതന നിരക്കിൽ ജോലി നൽകിയെങ്കിലും വേതനക്കുറവും യാത്രാദുരിതവും കണക്കിലെടുത്ത് അവരിൽ പകുതിയിലേറെപേർക്കും തൊഴിൽ ഉപേക്ഷിക്കേണ്ടിവന്നു. ഓഖി ദുരിതബാധിതരുടെ കടങ്ങൾ ഇളവ് ചെയ്തുനൽകാനുള്ള സർക്കാർ തീരുമാനം ഇനിയും പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല. ഇതുമൂലം ഒട്ടേറെ ദുരിതബാധിതർ ഇന്ന് കടക്കെണിയുടേയും ബാങ്ക് ജപ്തികളുടെയും ഭീഷണിയിലാണ്.

ഇത്രയും വലിയ ഒരു ദുരന്തം തീരദേശത്തെ ദരിദ്രരും നിസ്സഹായരും അസംഘടിതരും ശബ്ദരഹിതരുമായ പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ മാത്രമായി ബാധിച്ചതുകൊണ്ടുതന്നെ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ വിദ്യാഭ്യാസ മതേതരത്വ സമൂഹം ഇവരുടെ ദുരിതാനന്തര പുനഃരധിവാസ പ്രവർത്തനങ്ങളോട് കുറ്റകരമായ മൗനവും അവഗണനയുമാണ് പുലർത്തുന്നത്.

പൊതു സമൂഹത്തിനുണ്ടാകുന്ന എല്ലാ ദുരന്തങ്ങളെയും ഹൃദയത്തിൽ ഏറ്റുകയും മുന്നും പിന്നും നോക്കാതെ ചാടി ഇറങ്ങുകയും ചെയ്യുന്നവരാണ് മത്സ്യത്തൊഴിലാളികൾ. അത് പ്രളയത്തിലും തുടർന്നുണ്ടായ എല്ലാ ദുരന്തങ്ങളിലും കണ്ടതാണ്. എന്നിട്ടും ഓഖി ദുരന്തത്തിന്റെ കൊടുംഭീകരതകൾ അനുഭവിച്ച തിരുവനന്തപുരം ലത്തീൻ അതിരൂപതയിലെ മത്സ്യത്തൊഴിലാളികൾക്ക് അവരുടെ പുനഃരുദ്ധാരണത്തിന് ലഭ്യമായതുകയുടെ മൂന്നിലൊന്ന് മാത്രമേ ചെലവഴിക്കാനായുള്ളൂ അല്ലെങ്കിൽ ചെലവഴിക്കാനായി മാറ്റി വച്ചിട്ടുള്ളൂ എന്നത് ഈ സമൂഹത്തോട് കാണിക്കുന്ന അവഗണനയുടെ ഏറ്റവും വലിയ മുഖമാണ്.

ഈ വസ്തുത മുന്നിൽ കണ്ട് ഓഖിയും സമാന ദുരിതങ്ങളും അതിരൂക്ഷമായി ബാധിച്ച പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കായി ഒരു പുനരുദ്ധാരണ പദ്ധതി (Package) രൂപീകരിച്ച് നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ തയ്യാറാകണമെന്നതാണ് ഓഖി ദുരന്തത്തിന്റെ നാലാം വാർഷികത്തിൽ മത്സ്യത്തൊഴിലാളികൾ മുന്നോട്ടുവയ്ക്കുന്ന ആവശ്യം. ■



ലേഖനം



# അഞ്ചുതെങ്ങ് കലാപം ചരിത്രവും മിഥ്യയും

**അഞ്ചുതെങ്ങിന്റെ ഇന്നുകാണുന്ന സാംസ്കാരിക പൈതൃകം രൂപപ്പെട്ടതിൽ ബ്രിട്ടീഷുകാർ പണികഴിപ്പിച്ച അഞ്ചുതെങ്ങ് കോട്ടയ്ക്കുള്ള സ്വാധീനം ഒരു ചരിത്രസത്യമാണ്. അഞ്ചുതെങ്ങിന്റെ ചരിത്രം കോട്ടയുടെ ചരിത്രവുമായി ഇഴചേർന്നതാണെന്ന് ചരിത്ര രേഖകൾ പറയുന്നു. എന്നാൽ കോട്ടയുമായി ബന്ധപ്പെട്ട് 1721 ൽ നടന്ന അഞ്ചുതെങ്ങ് കലാപത്തെ മറ്റൊരു ദേശത്തിന്റെ പേരിനൊപ്പം എഴുതിച്ചേർക്കാനുള്ള നീചവും ബോധ പൂർവ്വവുമായ ഒരു ശ്രമം ഇപ്പോൾ നടക്കുന്നു. ഇത് ചരിത്രത്തോടും അഞ്ചു തെങ്ങ് ദേശത്തോടും കാണിക്കുന്ന അനീതിയും ചരിത്രവഞ്ചനയുമാണ്. കോട്ട അഞ്ചുതെങ്ങിൽ നിലനില്ക്കുന്നിടത്തോളംകാലം അതിനെ ചൂഴ്ന്നുനിൽക്കുന്ന സംഭവങ്ങളും അതിന്റെ പിതൃത്വവും അഞ്ചുതെങ്ങിന് അവകാശപ്പെട്ടതാണ്. ഈ പശ്ചാത്തലത്തിൽ അഞ്ചുതെങ്ങ് കലാപത്തിന്റെ ചരിത്രവഴികളിലേക്ക് ഒരു എത്തിനോട്ടമാണ് ഈ ലേഖനം.**



**എ. അനിൽകുമാർ** അഞ്ചുതെങ്ങ് ചരിത്രകാരൻ

നാം ഇതുവരെ കണ്ടതും കേട്ടതും അറിഞ്ഞതുമായ സംഭവങ്ങളുടെ (വിപ്ല വങ്ങളുടെ, യുദ്ധങ്ങളുടെ, പ്രക്ഷോഭങ്ങ ളുടെ) പിന്നിൽ പ്രബലരും അല്ലാത്തവ രുമായ ഭരണാധികാരികൾ (രാജാവോ, റാണിയോ, മന്ത്രിയോ ദളവയോ, ദിവാ നോ, സുൽത്താനോ) ആയിരിക്കും. പല പ്പോഴും അവർ പങ്കെടുത്തിരുന്നില്ലെങ്കിൽ കൂടി അത്തരക്കാരുടെ പേരിൽ ആ സംഭവം അറിയപ്പെടും. എന്നാൽ അതിൽ നിന്നും തികച്ചും വ്യത്യസ്തമാ യിരുന്നു അഞ്ചുതെങ്ങ് വിപ്ലവം. ഈ യാഥാർത്ഥ്യം നമ്മിൽ പലർക്കുമറിയില്ല. അധിനിവേശ ശക്തികളും നാട്ടുഭരണാ ധികാരികളും നികുതിപിരിക്കുന്ന മാടമ്പി മാരും ചേർന്ന്, അഞ്ചുതെങ്ങിലെയും പരിസരപ്രദേശങ്ങളിലേയും ജനതയുടെ ജീവിക്കാനുള്ള അവകാശം നിഷേധിച്ച

പ്പോഴുണ്ടായ പ്രതിഷേധമാണ് അഞ്ചുതെങ്ങുകലാപം. അധിനിവേശ ശക്തികൾക്കെതിരെയുള്ള ഇന്ത്യയിലെ ആദ്യ പ്രക്ഷോഭമായിരുന്നു അഞ്ചുതെങ്ങ് കലാപം.

അഞ്ചുതെങ്ങ് കലാപത്തെക്കുറിച്ച് ലഭിക്കുന്ന പരിമിതമായ അറിവ് ചില വൈദേശിക ഗ്രന്ഥങ്ങളിൽ നിന്നും ഇവിടെയുള്ള എഴുതിപ്പഴകിയ വിവരണങ്ങളിൽ നിന്നുമാണ്. മാത്രമല്ല, കേരള ചരിത്രം ഞങ്ങൾ പറയുന്ന രീതിയിൽ മറ്റുള്ളവർ അറിഞ്ഞാൽ മതി എന്ന് ചിന്തിക്കുന്ന കേരള ചരിത്ര രചനയുടെ കുത്തക കയ്യടക്കിയിരിക്കുന്ന ചിലരുണ്ട്. അപ്രതീക്ഷിതമായി ആരെങ്കിലും പുതിയ പഠനങ്ങളുമായി രംഗത്തുവന്നാൽ അവരെ അധിക്ഷേപിക്കുക, അധികാരികളെ കൂട്ടുപിടിച്ച് അവരുടെ ശ്രമങ്ങളെ മുളയിലെ നുള്ളിക്കളയുക, മാധ്യമങ്ങളുമായിചേർന്ന് അവരെ മൊത്തത്തിൽ അടിച്ചമർത്തുക എന്നിവ ഉൾപ്പെടെ എതിർ സ്വരത്തിന് അവസരം കൊടുക്കാത്ത സമീപനമാണ് ചരിത്ര രചനയിൽ ഇപ്പോൾ നടക്കുന്നത്.

## അഞ്ചുതെങ്ങ് കലാപത്തിന് ഇപ്പോൾ എന്താണ് പ്രസക്തി ?

തിരുവനന്തപുരം നഗരം മോടി പിടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് കേരള ടൂറിസം വകുപ്പും സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡും ചേർന്ന് ആവശ്യപ്പെട്ട പ്രകാരം ആർട്ടീരിയ കലാകാരന്മാർ ആക്കുളം ബൈപ്പാസ് മതിലിൽ അഞ്ചുതെങ്ങ് കലാപത്തെ അടിസ്ഥാനമാക്കി വരച്ച 9000 അടി വിസ്തൃതിയുള്ള ചിത്രവും അതിനോടനുബന്ധിച്ചുള്ള ചുവരെഴുത്തുമാണ് ഇപ്പോൾ ചർച്ചാ വിഷയമായിരിക്കുന്നത്. വിഷയത്തിൽ സങ്കുചിതമായ പ്രാദേശികവാദം ഉയർത്തിക്കൊണ്ടുവരാനുള്ള ശ്രമമാണ് വിവാദത്തിന് കാരണം. 'അഞ്ചുതെങ്ങ് സമരം പ്രതിരോധം 1721' ആർട്ടീരിയക്കാർ ഇതേക്കുറിച്ച് പഠിച്ചും അനുബന്ധ പുസ്തകങ്ങൾ റഫർ ചെയ്തുമാണ് ഇങ്ങനെ എഴുതാനുള്ള ഒരു നിഗമനത്തിൽ എത്തിയത്. എന്നാൽ അഞ്ചുതെങ്ങുസമരം എന്ന ചുവരെഴുത്ത് മാറ്റി ആറ്റിങ്ങൽ സമരം എന്ന് എഴുതണമെന്ന് ആവശ്യപ്പെട്ട് ആറ്റിങ്ങൽ നഗരസഭ പ്രമേയം പാസാക്കി. ആറ്റിങ്ങൽ എംഎൽഎയും മന്ത്രിയും ഇക്കാര്യത്തിൽ ഇടപെട്ടതോടെ പ്രശ്നം രൂക്ഷമായി. ഇത്രയും സമ്മർദ്ദമുണ്ടായിട്ടും ആർട്ടീരിയ പ്രവർത്തകർ ചരിത്ര യാഥാർത്ഥ്യം ഉൾക്കൊണ്ട് അഞ്ചുതെങ്ങ് സമരം എന്ന് തന്നെ തലക്കെട്ട് നൽകി.

അഞ്ചുതെങ്ങ് സമരത്തെ ആറ്റിങ്ങൽ കലാപം എന്ന നിലയിൽ വ്യാഖ്യാനിക്കാൻ ശ്രമിക്കുന്നവർ പ്രധാനമായും ആശ്രയിക്കുന്നത് ഡച്ച്കാരനായ Jacob Canter Visser എഴുതി നാട്ടിലേക്കയച്ച കത്തിനെയാണ്.അഞ്ചുതെങ്ങിൽ നിന്ന് പുറപ്പെട്ട കോട്ടയുടെ തലവനായ ഗിഫോർഡിന്റെ നേതൃത്വത്തിലുള്ള സംഘത്തെ ആറ്റിങ്ങൽ റാണി സ്വീകരിക്കുകയും അവർ നൽകിയ സമ്മാനങ്ങളും പണവും വാങ്ങിയശേഷം അവരെ റാണി മദ്യം ഉൾപ്പെടെ നൽകി സൽക്കരിച്ചുവെന്നും രാത്രി വൈകിയതിനാൽ ഇനി നാളെ പോയാൽ മതിയെന്ന് പറഞ്ഞ് ഗിഫോർഡ് ഉൾപ്പെടെയുള്ളവരെ വിവിധ മുറികളിൽ പാർപ്പിച്ചുവെന്നം പറയുന്നു. മദ്യപിച്ചിരുന്നതിനാൽ വേഗം ഉറങ്ങിപ്പോയ അവരെ റാണിയുടെ ആൾക്കാർ തന്ത്രപൂർവ്വം വകവരുത്തിയെന്നുമാണ് പറയപ്പെടുന്നത്. എന്നാൽ, ഇങ്ങനെയുള്ള ഒരു അബദ്ധം ചെയ്യാൻ റാണിയുടെ തലക്കെന്തുപറ്റി, റാണി അഭിനയിക്കുകയാണോ എന്നാണ് കാന്റർ വിഷറിന്റെ ഈ വിഷയത്തിലെ പ്രതികരണം. എന്തായാലും ഈ കഥമെനഞ്ഞ ചരിത്രകാരന്മാർ അറിയേണ്ടത് തിരുവിതാംകൂറിൽ ഡച്ചുകാർ നല്ല നിലയിൽ പ്രവർത്തിക്കുകയും ജനങ്ങളുടെയും ഉൽപ്പാദകരുടെയും പ്രാദേശിക കച്ചവടക്കാരുടെയും പ്രീതി പിടിച്ചുപറ്റുകയും നല്ല നിലയിൽ വ്യാപാരം നടത്തുകയും ചെയ്തിരുന്നു എന്നാണ്. ഡച്ചുകാരുടെ പ്രവർത്തനത്തെ ആറ്റിങ്ങൽ റാണി ഭയപ്പെട്ടിരുന്നു. ഡച്ചുകാർ കാരണം ജനങ്ങൾ തന്നെ ധിക്കരിക്കുമെന്ന് റാണി ഭയന്നിരുന്നു. അതേതുടർന്ന് റാണി ഇംഗ്ലീഷുകാരെ ക്ഷണിച്ചുവരുത്തി വ്യാപാരം നടത്താൻ അനുവാദം നൽകി. റാണിയെ മോശമായി ചിത്രീകരിക്കാനും കുറ്റങ്ങൾ അവരുടെ തലയിൽ ചുമത്താനും ഒരവസരം കാത്തുകഴിയുമ്പോഴാണ് ഡച്ചുകാർ ഇങ്ങനെ ഒരു സംഭവം അറിയുന്നത്.

ഇതിൽ നിന്ന് അല്പം വ്യത്യാസം വരുത്തി ചരിത്രകാരിയായ ലീനമോർ എഴുതിയത് ഇങ്ങനെയാണ്. കൊട്ടാരത്തിലല്ല, കൊട്ടാര പരിസരത്തോ സമീപത്തോ വച്ച് കുടമൺപിള്ളയുടെ നേതൃത്വത്തിൽ ആക്രമിച്ച് കൂട്ടായി കൊലപ്പെടുത്തി എന്നാണ്. ഈ സംഭവങ്ങൾ കൂട്ടക്കൊലയാണെ



*ചിത്രം: റവ. ഫാ. ലൂസിയാൻ തോമസ്*

ങ്കിൽ പിന്നെങ്ങനെ ഇതൊരു വിപ്ലവമായി. അവിടെയാണ് നാം മനസ്സിലാക്കേണ്ടത് കൂട്ടക്കൊല എന്നുപറഞ്ഞാൽ ആരെങ്കിലും ഇത് വായിക്കാൻ തയ്യാറാകുമോ? ശ്രീധരമേനോനാണ് ആദ്യം ഇതിനെ ആറ്റിങ്ങൽ വിപ്ലവമാക്കി അവതരിപ്പിച്ചത്. അതേപടി അത് പാഠപുസ്തകങ്ങളിൽ അച്ചടിച്ചുവന്നപ്പോൾ അതിന് സ്ഥിര പ്രതിഷ്ഠ ലഭിക്കുകയും ചെയ്തു. തുടർന്നുവന്ന പ്രാദേശിക ചരിത്രകാരന്മാർ ഈ സംഭവത്തെ വിപ്ലവമാക്കി അവതരിപ്പിക്കാൻ പുതിയ കഥകൾ മെനഞ്ഞു. മാത്രവുമല്ല, ഇതേക്കുറിച്ചുള്ള പുതിയ പഠനങ്ങളെയും എഴുത്തുകളെയും ഇവർ ഭയക്കുകയും, അങ്ങനെ ചെയ്യുന്നവരെ അധികാരികളെ ഉപയോഗിച്ച് ഭീഷണിപ്പെടുത്തുകയും ചെയ്തുപോന്നു.



കാന്റർ വിഷറുടെയും മറ്റും നിലപാടുകൾ ശരിയാകണമെങ്കിൽ റാണി അത് സമ്മതിക്കണം. എന്നാൽ ഇങ്ങനെയൊരു സംഭവത്തിന് താൻ സാക്ഷിയല്ല. ഞാൻ അറിയാത്ത സംഗതികളാണ് ഇവ. (അഞ്ചുതെങ്ങിലെ ഫാക്ടറി അധികാരികളെ ഞാൻ കണ്ടു എന്നത് ശരി തന്നെ). അവർ കൊണ്ടുവന്ന സമ്മാനങ്ങളും പണവും തനിക്ക് ലഭിച്ചില്ലെന്നും റാണി പറയുന്നു. കുടമൺ പിള്ളയും ആൾക്കാരും ചേർന്ന് തട്ടിയെടുത്തോ എന്ന് സംശയിക്കുകയും ചെയ്യുന്നു. ചില പിള്ളമാർ റാണിയുടെ രസീതും കൊണ്ട് പണം തരണം എന്നുപറഞ്ഞ് ഗിഫോർഡിനെ സമീപിച്ചിരുന്നു. എന്നിട്ടും റാണിക്ക് നേരിട്ട് സമ്മാനവും പണവും കൊടുക്കാനാണ് ഗിഫോർഡും സംഘവും അഞ്ചുതെങ്ങിൽ നിന്ന് യാത്രതിരിക്കുന്നത്. റാണിയെ കണ്ട ആൾ അത് നൽകാതിരിക്കുമോ? ഇതാണ് വിശ്വാസിക്കാൻ പറ്റാത്ത സംഗതി. എന്നാൽ ജനക്കൂട്ടത്തിനടുത്ത് നിൽക്കുമ്പോൾ റാണിയുടെ ഒരു സന്ദേശം ലഭിക്കുന്നതായി ഗിഫോർഡ് പറയുന്നു. അഞ്ചുതെങ്ങിലേക്ക് മടങ്ങിപോകണം എന്ന രീതിയിൽ ഇതേക്കുറിച്ച് ബ്രിട്ടീഷ് ചരിത്രകാരനായ ബിഡൾഫ് രേഖപ്പെടുത്തുന്നു. കൊട്ടാരത്തിൽ ഇന്ന് താമസിക്കണമെന്ന് റാണി പറഞ്ഞു എന്ന രീതിയിൽ വിഷറും മറ്റും പറഞ്ഞതിന് വിപരീതമാണിത്. ബിഡൾഫ് പറയുന്നത് ശരിയാണെങ്കിൽ ഗിഫോർഡും സംഘവും യാത്ര ചെയ്തുവരുമ്പോൾ ഇടയ്ക്കുവച്ച് ജനക്കൂട്ടം അവരെ സ്വീകരിക്കുകയോ തടയുകയോ ഉണ്ടായി എന്നുവേണം കരുതാൻ. ഇത് ദൂതന്മാർ വഴി അറിഞ്ഞ റാണി അപകടം ഒഴിവാക്കാൻ തിരിച്ചുമടങ്ങാൻ ആവശ്യപ്പെട്ടിരിക്കും എന്നതാണ് ശരി.

1906 ൽ പ്രസിദ്ധീകരിച്ച നാഗമയ്യയുടെ The Travancore State Manual Vol-I ൽ Murder of the English Factors എന്ന തലക്കെട്ടിൽ എഴുതിയ ലേഖനത്തിൽ എട്ടുവീട്ടിൽ പിള്ളമാരെ ഈ സംഭവത്തിൽ ഉൾപ്പെടുത്താൻ കിണഞ്ഞു പരിശ്രമിക്കുന്നുണ്ട്. എട്ടുവീട്ടിൽ പിള്ളമാരുടെ നേതൃത്വത്തിൽ നടന്ന കൂട്ടക്കൊല എന്ന മട്ടിൽ തന്നെയാണ് നാഗമയ്യ ഈ വിഷയത്തെ അവതരിപ്പിക്കുന്നത്. ഇതേ പരിശ്രമം നടത്തുന്ന മറ്റ് രണ്ടു പേരാണ് Leena More ഉം K.K. Kusumam ഉം. ഇവർ മൂന്നുപേരും Alexander Hamilton ന്റെ A New Account of the East - Indies (Page 335 ൽ) പരാമർശിക്കുന്ന എട്ടുവീട്ടിൽ പിള്ളമാരുടെ പങ്കിനെ സാധൂകരിക്കുന്നു. എന്നാൽ Hamilton ന്റെ ഈ സംഭവം പരാമർശിക്കുന്ന രേഖയിൽ ഒരിടത്തുപോലും ഒരു പിള്ളയുടെയോ മാമ്പിമാരുടെയോ പേരുകൾ പരാമർശിക്കുന്നില്ല. ഒന്നുകിൽ അവർ ഈ ഗ്രന്ഥം കണ്ടുകാണില്ല. നാഗം അയ്യയും കെ.കെ.കുസുമനും 335-ാം പേജാണ് പരാമർശിക്കുന്നത്. Leena More 332, 333 പേജുകളാണെന്ന് പറയുന്നെങ്കിലും അവരും പിള്ളമാരുടെ നേതൃത്വത്തിലാണ് ആറ്റിങ്ങൽ കലാപത്തെ കൊണ്ടുചാർത്തുന്നത്. ഇല്ലാത്തെ ഒന്നിനെ അലക്സാണ്ടർ ഹാമിൾട്ടൺ പറഞ്ഞു എന്ന നിലയിൽ ചരിത്രത്തെ വളച്ചൊടിക്കാൻ ശ്രമിക്കുന്നു.

എന്നാൽ 1940 ൽ പ്രസിദ്ധീകരിച്ച T.K. Velupilla യുടെ Travancore State Mannual Vol-II ൽ Incident at Angengo നാഗമയ്യ നിർദ്ദേശിച്ചു എന്ന




രീതിയിൽ എട്ടുവീട്ടിൽ പിള്ളമാരുടെ പങ്കിനെ തള്ളിക്കളയുകയാണ് വേലുപ്പിള്ള ചെയ്യുന്നത്. എട്ടുവീട്ടിൽ പിള്ളമാർ ഏതൊരു സംഭവത്തിലും ഒരുമിച്ചാണ് ഇടപെടുന്നത്. ഇവിടെ കൊടർവംപിള്ളയെ കുടമൺപിള്ളയായി തെറ്റിദ്ധരിച്ച് ആറ്റിങ്ങൽ സംഭവത്തിൽ ചേർക്കുന്നത് ശരിയല്ല. കാരണം അതിന് വ്യക്തമായ തെളിവുമില്ല.

ഈ എട്ടുവീടരെ അനുകൂലിക്കുന്ന ചരിത്രകാരന്മാർ തെറ്റിദ്ധാരണ ഉണ്ടാകുമ്പോൾ പോലും ആറ്റിങ്ങൽ റാണി ഈ സംഭവത്തിനുശേഷം മദ്രാസിലേക്ക് അയച്ച കത്തിൽ കൊടർവംപിള്ള എന്നാണ് പറഞ്ഞുവയ്ക്കുന്നത്. മറ്റൊരു പിള്ളയായ വഞ്ചിമുട്ടം പിള്ള മുഖ്യമന്ത്രിയും കൊടവർവംപിള്ള മന്ത്രിയുമാണ്. ഈ കൊടർവംപിള്ളയെയാണ് കുടമൺപിള്ളയായി ചിത്രീകരിക്കാൻ ശ്രമിക്കുന്നത്.

അഞ്ചുതെങ്ങിലെ ഇംഗ്ലീഷുകാർക്ക് ആറ്റിങ്ങൽ റാണിയോടോ, അവരുടെ മന്ത്രിമാരായ പിള്ളമാരോടെ ഒരുതരത്തിലുള്ള വിരോധവും എതിർപ്പും ഇല്ലായിരുന്നുവെന്ന് ഈ സംഭവങ്ങൾ വിലയിരുത്തുമ്പോൾ മനസിലാകും. മറിച്ച് മേൽപ്പറഞ്ഞ രണ്ടു കൂട്ടരും ഒരു കാര്യത്തിൽ മത്സരിക്കുന്നത് കാണാം. പാവപ്പെട്ട ഉൽപ്പാദകരെയും പ്രാദേശിക വ്യാപാരികളെയും അഞ്ചുതെങ്ങിലെ പ്രദേശവാസികളെയും തൊഴിലാളികളെയും ചൂഷണം ചെയ്യുന്നതിലും, അവരുടെ അദ്ധ്വാനത്തിന്റെയും വിയർപ്പിന്റെയും വില പങ്കുവയ്ക്കുന്നതിനും ഒരു മടിയും ഇക്കൂട്ടർ കാട്ടിയിരുന്നില്ല. അതിൽ റാണിയും പിള്ളമാരും, അഞ്ചുതെങ്ങിലെ കമ്പനി മേധാവികളും ഒരുപോലെ ശ്രദ്ധിച്ചിരുന്നു. ശരിക്കും ആഗോളചൂഷകന്റെയും നാടുവാഴിയുടെയും നാട്ടുപ്രമാണിമാരുടെയും ചൂഷണത്തിന് ഇരയായത് ഇവിടത്തെ സാധാരണക്കാരായ ജനങ്ങളും തൊഴിലാളികളും തന്നെയായിരുന്നു.

ബ്രിട്ടീഷുകാർ ഇവിടെ വരുന്നതിന് മുൻപ് ഡച്ചുകമ്പനിയിൽ നിന്ന് ഒരു കിലോ കുരുമുളകിന് 85 രൂപ കിട്ടിക്കൊണ്ടിരുന്നതിനെ റാണിയോടുള്ള വിരോധം നിമിത്തം ഡച്ചുകാർ 50 രൂപയിൽ താഴെയാക്കി കുറച്ചു. രാജ്യത്തെ മുഴുവൻ കുരുമുളകിന്റെയും കുത്തക ഇംഗ്ലീഷുകാർക്ക് നൽകാമെന്നും അതിൽ നിന്ന് കിട്ടുന്ന ലാഭം പകുതി ഇംഗ്ലീഷുകാർക്ക് (അഞ്ചുതെങ്ങ് കമ്പനിക്ക്) പകുതി റാണിക്കും എന്ന രീതിയിൽ കരാർ ഉണ്ടാക്കിയതുമുതൽ തുടങ്ങിയതാണ് അഞ്ചുതെങ്ങിലെ പ്രക്ഷോഭം. അത് നിരന്തരം തുടരുകയും ചെയ്തു. കരാർ ഒപ്പിട്ട് എഴുതിക്കൊടുത്ത ആറ്റിങ്ങൽ റാണിക്കെതിരെയാണ് സമരം ചെയ്യേണ്ടിയിരുന്നത്. എന്നാൽ 12 ഓളം കിലോമീറ്റർ താണ്ടി ആറ്റിങ്ങൽ വരെ പോയി പ്രക്ഷോഭം നടത്താൻ മടിയായതുകൊണ്ടും പ്രധാന തൊഴിലിടം അഞ്ചുതെങ്ങായതുകൊണ്ടും പ്രദേശവാസികൾ അതിന് തയ്യാറായില്ല. മാത്രമല്ല, ചാതുർവർണ്യത്തിൽ അധിഷ്ഠിതമായ സവർണമേധാവിത്വത്തിനെതിരെ സമരം ചെയ്യുകയെന്നതും റാണിയിൽ നിന്നും പിള്ളമാരിൽ നിന്നും 100 അടി മാറിനിന്നുവേണം സമൂഹത്തിലെ മറ്റു ജനങ്ങൾക്ക് എന്തെങ്കിലും പ്രവർത്തിക്കാൻ എന്നതും കമ്പനിക്കോട്ടയ്ക്കെതിരെ സമരമുഖം തുറക്കുന്നതിന് ജനങ്ങളെ പ്രേരിപ്പിച്ചു. കമ്പനിയോടാകുമ്പോൾ ജാതിയുടെ പ്രശ്നം ഉദിക്കു

ന്നുമില്ല. ഇംഗ്ലീഷുകാർക്കെതിരെ സമരം ചെയ്താലും റാണിക്ക് പ്രശ്നമാകും. അല്ലെങ്കിൽ വരുമാനം കുറയുമ്പോൾ പാവങ്ങളുടെ കണ്ണീരിന്റെ കഥകൾ റാണി അറിയുമെന്ന് ആ പട്ടിണി പാവങ്ങൾ കരുതി. പക്ഷേ ആറ്റിങ്ങൽ റാണിയും പിള്ളമാരും വരുമാനത്തിൽ മാത്രമേ ശ്രദ്ധവച്ചുള്ളൂ. ജനതയുടെ പ്രക്ഷോഭങ്ങൾ ഒന്നും കണ്ടില്ലെന്ന് നടിച്ചു. ഈ പ്രക്ഷോഭങ്ങളുടെ പേരിൽ അഞ്ചുതെങ്ങിലെ എത്രയെത്ര മനുഷ്യജീവനുകളാണ് ബ്രിട്ടീഷ് പട്ടാളത്തിന്റെ പീരങ്കി ഉണ്ടകളേറ്റ് പൊലിഞ്ഞത്.



അലക്സാണ്ടർ ഹാമിൽട്ടൺ

റാണി ഇടപെട്ടിരുന്നത് ഈ പ്രക്ഷോഭങ്ങളിൽ ബ്രിട്ടീഷുകാർക്ക് ഉണ്ടായ നഷ്ടം പരിഹരിക്കാനായിരുന്നു. 1695 ൽ അഞ്ചുതെങ്ങിലെ ബ്രിട്ടീഷ് കമ്പനി അഞ്ചുതെങ്ങിലെ ജനങ്ങളുടെ ആക്രമണത്തിൽ നശിപ്പിക്കപ്പെട്ടപ്പോൾ (Bruce ന്റെ ഗ്രന്ഥവും ഡച്ച് രേഖകളും സാക്ഷി) 80000 പണം നൽകി ഫാക്ടറി പുനർനിർമിച്ചു. രണ്ടാമത് 1697 ൽ ആണ് ഇടപെടുന്നത്. കോട്ടനിർമാണത്തിന്റെ അവസാന നാളുകളിൽ അതിന്റെ 4 കൊത്തളങ്ങളിൽ പീരങ്കി ഉറപ്പിക്കുന്നതുമായി ബന്ധപ്പെട്ടാണ്. അത് ജനങ്ങളുടെ നിരന്തരമായ ആവശ്യപ്രകാരമായിരുന്നു. ബ്രിട്ടീഷുകാരുടെ ഈ ചെയ്തി തനിക്കും ദോഷമായി ഭവിക്കുമെന്ന് മനസ്സിലാക്കിയാണ് റാണി സൈന്യത്തെ അഞ്ചുതെങ്ങിലേക്ക് അയച്ചത്. പക്ഷേ, ആ സൈനിക നടപടി കമ്പനി പട്ടാളത്തിന്റെ ആധുനിക ആയുധങ്ങൾക്ക് മുമ്പിൽ ദയനീയമായി പരാജയപ്പെട്ടു. ഇതിനുശേഷവും പ്രക്ഷോഭങ്ങൾ ഇടതടവില്ലാതെ നടന്നുവരികയായിരുന്നു.



ജോൺ ബിഡൾഫ്

1698-ലെ ഉമയമ്മറാണിയുടെ മരണം വലിയതുറവച്ച് നടന്നുവെന്ന് മനുപിള്ള രേഖപ്പെടുത്തുന്നു. അതിനുശേഷം ആറ്റിങ്ങലിലെ ഭരണം ദുർബലമായി. കമ്പനി ഭരണം ശക്തമായി. പിന്നീട് കൊല്ലം രാജാവിന്റെ സഹോദരിയെ ആറ്റിങ്ങൽ റാണിയായി നിയമിച്ചു. അവർ പിള്ളമാരുടെ കയ്യിലെ പാവയായി മാറി. ഈ അവസരം മുതലാക്കി അഞ്ചുതെങ്ങിലെ കമ്പനി അധികൃതർ തദ്ദേശവാസികളോടും വ്യാപാരികളോടും വളരെ മോശമായ പെരുമാറാൻ തുടങ്ങി. വിവിധ സമുദായങ്ങളിലെ ആൾക്കാരെ തിരഞ്ഞുപിടിച്ച് അധിക്ഷേപിച്ചു. കമ്പനി മേധാവികളായ ജോൺ ബാരാബോണം സൈൺകൗസും ജനങ്ങളോടും തൊഴിലാളികളോടും വ്യാപാരികളോടും അല്പം മാന്യമായി ഇടപെട്ടപ്പോൾ ജോൺ കിഫും, വില്യം ഗിഫോർഡും വളരെ മോശമായ രീതിയിലായിരുന്നു പെരുമാറിയത്. ഒടുവിൽ പറഞ്ഞ രണ്ടുപേരും ഉൽപ്പാദകരെയും പ്രാദേശിക വ്യാപാരികളെയും പറ്റിച്ചും കമ്പനിയെ കബളിപ്പിച്ചും അനേകം സ്വകാര്യ വസ്തുക്കൾ അഞ്ചുതെങ്ങിലും പരിസരങ്ങളിലും വാങ്ങിക്കൂട്ടി. അതുപോലെ കോട്ടയിലെ പരിഭാഷകനായ ഇഗ്നേഷ്യോ മൽഹിരോസ് കോടുതല അഞ്ചുതെങ്ങിലെ ഹൈന്ദവക്ഷേത്രങ്ങൾ ഉൾപ്പെടുന്ന ഏകദേശം മൂന്നുമൈൽ ദൈർഘ്യമേറിയ ഫലഭൂയിഷ്ഠമായ കൃഷിഭൂമി 90000 പണത്തിന് വാങ്ങി. ഇത് ആ വിഭാഗത്തിലുള്ളവർ അഞ്ചുതെങ്ങ് കമ്പനിക്കെതിരെ തിരിയാൻ കാരണമായി. ഒപ്പം കോട്ടയിൽ സൈമൺ കൗസിനെ കാണാൻ എത്തിയ അഞ്ചുതെങ്ങിലെ മുസ്ലീം വ്യാപാരികളോട് മൽഹിരോസും ഗിഫോർഡും സഭ്യമല്ലാത്ത രീതിയിൽ പെരുമാറിയത് ആ വിഭാഗത്തിലുള്ളവരും കോട്ടയ്ക്കെതിരെ തിരിയാൻ കാരണമായി. നേരത്തെ തന്നെ സ്ഥലവാസികളും പ്രാദേശിക വ്യാപാരികളും തൊഴിലാളികളും കോട്ടയിലെ കമ്പനി അധികൃതർക്കെതിരെ പ്രക്ഷോഭത്തിലുമാണ്. അഞ്ചുതെങ്ങിലെ സ്ഥലവാസികളെയും ഡച്ചുകാരെയും ചതിയന്മാരായാണ് കമ്പനി ചിത്രീകരച്ചിരുന്നത്. തിരുവതാംകൂർ ചരിത്രകാരനായ കെ.പി.പദ്മനാഭമേനോനും ജോൺ ബിഡൾഫും അവരുടെ ഗ്രന്ഥങ്ങളിൽ ഇക്കാര്യം പറയുന്നുണ്ട്. ഇങ്ങനെയുള്ള എതിർപ്പുകളെയും കൂടിച്ചേരലുകളുടെയും ഫലമായി കോട്ടയിലെ കമ്പനി അധികാരികൾക്കെതിരെ ഒരവസരത്തിനായി കാത്തിരിക്കുകയായിരുന്നു ജീവിതം വഴിമുട്ടിയ വിവിധ വിഭാഗക്കാരായ ജനങ്ങൾ.

ഈ അവസരത്തിലാണ് മുടങ്ങിക്കിടന്ന കപ്പം റാണിക്ക് നൽകാൻ ഗിഫോർഡ് തയ്യാറാകുന്നത്. മന്ത്രിമാരായ പിള്ളമാർ കമ്പനി അധികാരിയെ സമീപിച്ചെങ്കിലും, ഗിഫോർഡ് അവരെ വിശ്വാസത്തിലെടുക്കാതെ റാണിക്ക് നേരിട്ട് കപ്പം നൽകാൻ തീരുമാനിച്ചു. അങ്ങനെ 120 ഓളം പട്ടാളക്കാരും അത്രതന്നെ ജോലിക്കാരുമായി 1721 ഏപ്രിൽ 15 ഉച്ചകഴിഞ്ഞ് അഞ്ചുതെങ്ങ് കോട്ടയിൽ നിന്നും ആറ്റിങ്ങൽ കൊട്ടാരത്തിലേക്ക് ഗിഫോർഡ് മാർച്ച് ചെയ്തു.

നിലയ്ക്കാമുക്കിനും മണനാക്കിലെ ഏലാപ്പുറത്തിനും ഇടയ്ക്കുള്ള (ബിഡൾഫ് പറയുന്ന നാലുമൈൽ ദൂരത്തിൽ) സ്ഥലത്തെത്തിയപ്പോൾ ഒരു വലിയ ജനക്കൂട്ടം, ഗിഫോർഡിനെയും സംഘത്തെയും സ്വീകരിക്കുകയോ തടയുകയോ ചെയ്തു. (ഐവിസ് എഡ്വേർഡിന്റെ ഗ്രന്ഥത്തിൽ അഞ്ചുതെങ്ങ് കോട്ടയിൽ നിന്ന് ആറ്റിങ്ങൽ കൊട്ടാരത്തിലേക്കുള്ള ദൂരം ഏഴര മൈൽ (11 കിലോ മീറ്ററോളം) ആണെന്ന് വ്യക്തമാക്കുന്നു. വളരെ സ്നേഹത്തോടും സൗഹാർദ്ദത്തോടുംകൂടി പെരുമാറിയ ജനക്കൂട്ടം ശത്രുക്കളാണോ മിത്രങ്ങളാണോയെന്ന് തിരിച്ചറിയാൻ വൈകിയതാണ് ഗിഫോർഡിനെയും സംഘത്തെയും ഇത്രയും വലിയ ദുരന്തത്തിലേക്ക് തള്ളിവിട്ടതെന്ന് കെ.പി.പത്മനാഭമേനോനും, ജോൺ ബിഡൾഫും വ്യക്തമാക്കുന്നു. പ്രാദേശിക ഭാഷാ പരിജ്ഞാനിയായ സൈമൺ കൗസിന്റെ വാക്കുകളെ മുഖവിലക്കെടുക്കാത്തതും കലാപത്തിന്റെ ആക്കം കൂട്ടി. കലാപശേഷം അഞ്ചുതെങ്ങ് കോട്ടയിലേക്ക് നിരവധി പരിക്കുകളോടെ ഓടിയെത്തിയവർ വഴിയാണ് കോട്ടയിൽ അവശേഷിച്ചവർ സംഭവങ്ങളുടെ ഗൗരവം അറിയുന്നതും മറ്റ് നടപടികളും മുൻകരുതലും എടുക്കാൻ തയ്യാറാകുന്നതും.

പിറ്റേദിവസം മുതൽ ജനങ്ങൾ കോട്ടക്ക് ശക്തമായ ഉപരോധം ഏർപ്പെടുത്തി. തുടർന്നുണ്ടായ സംഘർഷത്തിൽ നിരവധി പ്രദേശവാസികൾ മരിക്കുകയും പരിക്കേൽക്കുകയും ചെയ്തു. ഏകദേശം ആറുമാസത്തോളം ഉപരോധം നീണ്ടുനിന്നു. കോട്ടയുടെ പ്രവർത്തനം നേരെയാകാൻ ഇംഗ്ലീഷ് കമ്പനിക്ക് 1723 വരെ കാത്തിരിക്കേണ്ടിവന്നു. ഇതിനുശേഷം നടന്ന കരാർ പ്രകാരം ഈ കലാപം നടത്തിയ സ്വന്തം ജനതയെ ശിക്ഷിച്ച് തന്റെ അധികാരം സംരക്ഷിച്ച് തരണമെന്ന് ബ്രിട്ടീഷ് കമ്പനിയോട് പറയാതെ പറയുന്ന ആറ്റിങ്ങൽ റാണിയെയാണ് പിന്നീട് നമുക്ക് കാണാൻ കഴിയുന്നത്. തിരുവിതാംകൂർ രാജാവിനുവേണ്ടി അഞ്ചുതെങ്ങ് കോട്ടയിൽ കരാറിലൊപ്പിടാൻ വന്നത് അന്നത്തെ നെയ്യാറ്റിൻകര രാജകുമാരനും ആധുനിക തിരുവിതാംകൂറിന്റെ ശില്പിയുമായ മാർത്താണ്ഡവർമയായിരുന്നു. കരാർ വ്യവസ്ഥകൾ നമ്മെ അത്ഭുതപ്പെടുത്തുന്നതാണ്. രാജ്യത്ത് എവിടെ വേണമെങ്കിലും ഫാക്ടറി സ്ഥാപിക്കാം കുളച്ചലിൽ ഒരു കോട്ട തിരുവിതാംകൂറിന്റെ ചെലവിൽ സ്ഥാപിക്കാം, നാണയമടിക്കാനുള്ള കമ്മട്ടവും അത് ചെയ്യുന്ന ജോലിക്കാരേയും അഞ്ചുതെങ്ങിലെത്തിച്ച് കമ്പനിക്ക് തിരുവിതാംകൂർ നാണയം അടിക്കാനുള്ള എല്ലാ സഹായവും ചെയ്യാം തുടങ്ങിയവയായിരുന്നു കരാർ വ്യവസ്ഥകൾ. ഈ കരാർ ആറ്റിങ്ങലിന്റെയും തിരുവിതാംകൂറിന്റെയും ഒരു കീഴടങ്ങലായിരുന്നു.

അഞ്ചുതെങ്ങിൽ 1694 മുതൽ 1722 വരെ നടന്ന നിരന്തരമായ പ്രക്ഷോഭത്തിൽ നിന്ന് അല്പം മാറി നടന്ന ഒരു സംഭവത്തെ അടർത്തിയെടുത്ത് ആറ്റിങ്ങൽ കലാപം എന്നപേരിൽ അവതരിപ്പിക്കുന്നത് ചരിത്രസത്യത്തെ വളച്ചൊടിക്കലാണ്. ചരിത്രകാരന്മാർ ഇത് സത്യസന്ധമായി വിലയിരുത്തുകയും ശരിയായി പരിശോധിക്കുകയും വേണം. കലാപത്തിന്റെ കേന്ദ്രസ്ഥാനം അഞ്ചുതെങ്ങായിരുന്നു. അഞ്ചുതെങ്ങ് പ്രക്ഷോഭത്തിന്റെ ഭാഗമായി നടന്ന കലാപത്തെ അഞ്ചുതെങ്ങ് കലാപം എന്നുതന്നെയാണ് വിളിക്കേണ്ടത്. ■

**ഇംഗ്ലീഷുകാർക്കെതിരെ സമരം ചെയ്താലും റാണിക്ക് പ്രശ്നമാകും. അല്ലെങ്കിൽ വരുമാനം കുറയുമ്പോൾ പാവങ്ങളുടെ കണ്ണീരിന്റെ കഥകൾ റാണി അറിയുമെന്ന് ആ പട്ടിണി പാവങ്ങൾ കരുതി. പക്ഷേ ആറ്റിങ്ങൽ റാണിയും പിള്ളമാരും വരുമാനത്തിൽ മാത്രമേ ശ്രദ്ധവച്ചുള്ളൂ. ജനതയുടെ പ്രക്ഷോഭങ്ങൾ ഒന്നും കണ്ടില്ലെന്ന് നടിച്ചു. ഈ പ്രക്ഷോഭങ്ങളുടെ പേരിൽ അഞ്ചുതെങ്ങിലെ എത്രയെത്ര മനുഷ്യജീവനുകളാണ് ബ്രിട്ടീഷ് പട്ടാളത്തിന്റെ പീരങ്കി ഉണ്ടകളേറ്റ് പൊലിഞ്ഞത്.**



**'പ്രതീക്ഷകളും ആശങ്കകളും' എന്ന വിഷയത്തിൽ മാധ്യമ കമ്മീഷൻ സംഘടിപ്പിച്ച വിദ്യാഭ്യാസ വെബിനാറിന്റെ പശ്ചാത്തലത്തിൽ തയ്യാറാക്കിയ ലേഖനം**



# വീണ്ടും സ്കൂളിലേക്ക്

**കോ**വിഡ് പ്രോട്ടോകോൾ പാലിച്ച് 2021 നവംബർ ഒന്നുമുതൽ സംസ്ഥാനത്ത് സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാൻ തുടങ്ങിയിരിക്കുന്നു. ഒന്നുമുതൽ ഏഴുവരെയുള്ള ക്ലാസുകളും 10 മുതൽ 12 വരെയുള്ള ക്ലാസുകളുമാണ് ആദ്യഘട്ടത്തിൽ ആരംഭിച്ചിരിക്കുന്നത്. ബാക്കിയുള്ള ക്ലാസുകൾ നവംബർ 15 മുതൽ ആരംഭിക്കും. സ്കൂളുകൾ തുറക്കുന്ന ഈ പശ്ചാത്തലത്തിൽ അധ്യാപകരും രക്ഷകർത്താക്കളും കുട്ടികളും സ്കൂൾ അധികൃതരും പാലിക്കേണ്ട നിർദ്ദേശങ്ങളെ സംബന്ധിച്ച് സർക്കാർ വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഈ മാർഗനിർദ്ദേശങ്ങൾ സംബന്ധിച്ച് ഒട്ടേറെ ആശങ്കകൾ നിലനിൽക്കുന്നു. ഈ ആശങ്കകൾ പരിഹരിച്ച് വിദ്യാഭ്യാസം സാധ്യമാക്കുന്നതിലാണ് കോവിഡാനന്തര സ്കൂൾ വിദ്യാഭ്യാസത്തിന്റെ വിജയം വിലയിരുത്തപ്പെടുന്നത്.

ഓൺലൈൻ വിദ്യാഭ്യാസ രീതിയിൽ നിന്നുമാറി സ്കൂളിലെത്തി സുഹൃത്തുക്കളോടൊപ്പം പഠിക്കാനുള്ള അവസരം തിരിച്ചുകിട്ടിയതിന്റെ സന്തോഷത്തിലാണ് വിദ്യാർഥികൾ ഇന്ന്. രണ്ടുവർഷം വീട്ടിലിരുന്നതിന്റെ മുഷിച്ചിലുകൾ മാറുന്നുവെന്ന് മാത്രമല്ല, മാനസികവും ആരോഗ്യപരവുമായ ഉണർവിന് വിദ്യാലയപഠനം കുട്ടികളെ പ്രാപ്തമാക്കുന്നുവെന്നത് സ്കൂൾ തുറക്കാനുള്ള തീരുമാനത്തെ സാധൂകരിക്കുന്നു. എന്നാൽ ഇനിയും നിലനിൽക്കുന്ന കോവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ഇത് വിദ്യാർത്ഥികളുടെ ആരോഗ്യ-മാനസികാവസ്ഥയെ എപ്രകാരം ബാധിക്കുമെന്നതിൽ മാതാപിതാക്കൾക്കും അധ്യാപകർക്കും ഉള്ള ആശങ്ക നിസാരമായി തള്ളിക്കളയാനാകില്ല. സ്കൂൾ തുറക്കലുമായി ബന്ധപ്പെട്ട ആശങ്കകളും പ്രതീക്ഷികളും സംബന്ധിച്ച് തിരുവനന്തപുരം അതിരൂപത മാധ്യമ കമ്മീഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കപ്പെട്ട വെബിനാർ ഒട്ടേറെ



രജിത വിൻസെന്റ്

നിർദ്ദേശങ്ങളും പ്രതീക്ഷകളും ആശങ്കകളും മുന്നോട്ടുവയ്ക്കുകയുണ്ടായി.

വിദ്യാർത്ഥികളുടെ ശാരീരിക ആരോഗ്യത്തെയും പഠനത്തെയും സ്കൂളിലെത്തിയുള്ള വിദ്യാഭ്യാസം ഏറെ സഹായിക്കുമെന്നുള്ള അഭിപ്രായത്തെ വെബ്നാർ സ്വാഗതം ചെയ്തു. കുട്ടികളുടെ വാക്സിനേഷൻ ഉൾപ്പെടെയുള്ള രോഗപ്രതിരോധ കാര്യങ്ങളിലെ ആശങ്ക ഏറെ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ടെന്ന് വെബിനാർ ചൂണ്ടിക്കാട്ടുന്നു. 18 വയസ്സുവരെയുള്ള കുട്ടികൾക്ക് വാക്സിനേഷൻ നൽകാനാണ് ശ്രമിക്കുന്നതെങ്കിലും ഇതുവരെ അത് പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ലെന്നതാണ് ഇന്നത്തെ വിദ്യാലയ അന്തരീക്ഷത്തെ ആശങ്കാഭരിതമാക്കുന്നു. വിദ്യാർഥികളുടെ വാക്സിനേഷൻ പൂർത്തിയായതിന് ശേഷം വിദ്യാലയങ്ങൾ തുറന്നാൽ മതിയായിരുന്നുവെന്ന അഭിപ്രായത്തോടൊപ്പം എൽപി-യുപി വിഭാഗങ്ങൾ ഇപ്പോൾ തുറക്കേണ്ടതില്ലായിരുന്നു എന്ന നിലപാടും വെബിനാർ മുന്നോട്ടുവച്ചു.

കോവിഡ് പ്രതിസന്ധികൾക്കുമുമ്പിൽ പകച്ചുനിൽക്കാതെ കോവിഡ് വെല്ലുവിളികൾ നേരിട്ടുകൊണ്ട് ധൈര്യസമേതം മുന്നേറാൻ വിദ്യാർഥികളെ പ്രാപ്തമാക്കുന്ന തരത്തിൽ സ്കൂൾ പ്രവർത്തനം ക്രമീകരിക്കണമെന്ന നിർദ്ദേശമാണ് വെബിനാറിൽ പങ്കെടുത്ത ഏറെപ്പേരും മുന്നോട്ടുവച്ചത്.

വിദ്യാലയങ്ങൾ തുറക്കുന്നു: പ്രതീക്ഷകളും ആശങ്കകളും എന്ന വിഷയത്തിൽ സംഘടിപ്പിച്ച വെബിനാറിൽ ഇഗ്നേഷ്യസ് തോമസ് മോഡറേറ്ററായിരുന്നു. ഹയർ സെക്കൻഡറി വിഭാഗം അധ്യാപകനായ എ.വി. ഇന്ദുലാൽ വിഷയാവതരണം നടത്തി.

## വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. രക്ഷിതാക്കളുടെ അനുമതിയോടുകൂടി മാത്രം സ്കൂളിൽ പോവുക.
2. ക്ലാസുകളിലും കാമ്പസ്സിനകത്തും കോവിഡ് പ്രോട്ടോകോൾ പാലിക്കുക.
3. ഒന്നുമുതൽ ഏഴുവരെ ക്ലാസുകളിൽ ഒരു ബെഞ്ചിൽ രണ്ടുകുട്ടികൾ മാത്രം എന്നുറപ്പാക്കുക.
4. ഭിന്നശേഷിക്കാരായ കുട്ടികൾ ആദ്യഘട്ടത്തിൽ സ്കൂളിൽ പോകുന്നില്ലെന്ന് ഉറപ്പാക്കുക.
5. നല്ല വായുസഞ്ചാരമുള്ള മുറികളോ ഹാളുകളോ അധ്യാപനത്തിനായി തെരഞ്ഞെടുക്കുക.
6. കുട്ടികളെ സ്കൂളിൽ എത്തിക്കാനും തിരികെ കൊണ്ടുവരാനുമായി കൂടെ വരുന്ന രക്ഷിതാക്കൾ സ്കൂളിൽ പ്രവേശിക്കുന്നില്ലെന്നും കൂട്ടംകൂടി നിൽക്കുന്നില്ലെന്നും ഉറപ്പാക്കുക.
7. മാസ്ക്, സാനിറ്റൈസർ എന്നിവ ഉപയോഗിക്കുകയും ശാരീരിക അകലം പാലിക്കുകയും ചെയ്യുക.
8. രക്ഷിതാക്കളുടെയും അധ്യാപകരുടെയും ആരോഗ്യപ്രവർത്തകരുടെയും നിർദേശങ്ങൾ കർശനമായി പാലിക്കുക.
9. ഭക്ഷണം, കുടിവെള്ളം എന്നിവയും ക്ലാസിൽ ഉപയോഗിക്കുന്ന വസ്തുക്കളും മറ്റുള്ളവരുമായി പങ്കുവയ്ക്കാതിരിക്കുക.
10. സ്കൂളിൽ വരേണ്ട ദിവസം സമയം എന്നിവ സംബന്ധിച്ച് സ്കൂളിൽ നിന്ന് നൽകുന്ന നിർദ്ദേശം കർശനമായി പാലിക്കുക.
11. വ്യക്തിശുചിത്വം, പരിസര ശുചിത്വം, പോഷകസമൃദ്ധമായ ഭക്ഷണം എന്നിവ ശീലമാക്കുക.
12. ഏതുതരം ആശങ്കകളും ആകുലതകളും അധ്യാപകരുമായി പങ്കുവയ്ക്കുക.
13. ഒരുകാര്യത്തിലും ഭീതിയില്ലാതെ കരുതലോടെ ഇരിക്കുക. ■



കഥ



# മറിയം

‘എന്റുണ്ണിയെ നിങ്ങൾ എവിടെ കൊണ്ടുപോകുന്നു...”

ഉച്ചവെള്ളിയുടെ കദനച്ചൂടിൽ ഉരുകിയൊലിച്ച്, പാറമുനകളിലും കുറ്റിച്ചെടികളിലും വീണുടഞ്ഞ്, അർധബോധാവസ്ഥയിൽ ഗാഗുൽത്താമലയുടെ ചരിവുകളിലൂടെ മറിയം ഓടുകയായിരുന്നു.

‘എന്റെ അരുമസുതനെ എങ്ങോട്ടു കൊണ്ടുപോകുന്നു...” അവൾ പിന്നെയും അലറിവിളിച്ചു.

ആ ശോകാക്ഷരക്കീറ് ശൂന്യതയിൽ വിലയംപ്രാപിച്ചതേയുള്ളൂ. സംഭ്രാന്തമായ പാതയിലൂടെ, മാതൃഹൃദയം ഒരഭയശിലയുടെ സാമീപ്യത്തിനായി പരതി. സാന്ത്വനത്തിന്റെ വാക്യശകലങ്ങൾക്കായി കൊതിച്ചു.

ചരിത്രത്തിൽ നിറവേറാനിരിക്കുന്ന ഭാഗധേയത്തിന്റെ നാന്ദിയാണീ പദയാത്രയെന്ന് മറിയം അറിഞ്ഞിരുന്നോ എന്തോ?

മുപ്പത്തിമൂന്നുവർഷങ്ങൾക്കുമുമ്പും ഇതുപോലൊരു ദുർഘടയാത്ര... ബെത്‌ലഹേമിൽനിന്നും ഈജിപ്തിലേക്കുള്ള പലായനം. ഉണ്ണിയെ കൊല്ലാൻ ഒരുക്കൂട്ടിയ ഹെറോദേസിന്റെ കൈകളിൽ നിന്നും രക്ഷനേടാൻ വെമ്പൽപൂണ്ട്... എത്ര ദിനരാത്രങ്ങളാണ് ആ ഓട്ടം തുടർന്നത്. ഒന്നും ഓർക്കാനേ വയ്യ. യോസേഫും അന്ന് ഏറെ ആശങ്കപൂണ്ടിരുന്നു. ഈജിപ്തിലേക്കുള്ള കവാടം കടക്കവേ, ദൈവത്തിനു സ്തോത്രംചൊല്ലി സമാധാനിച്ചു, ഉണ്ണി ഇനി ദൈവത്തിന്റെ കരങ്ങളിൽ സുരക്ഷിതനാണ്. പക്ഷേ, ഇപ്പോൾ...

കാതങ്ങളെത്ര താണ്ടിയെന്നറിയില്ല. അസ്വാസ്ഥ്യത്തിന്റെ പിന്നിട്ടവഴികൾ ഉടഞ്ഞുകിടക്കുന്നതവൾ കണ്ടു. പ്രാർത്ഥനയുമായി ആകാശത്തേക്ക് കൈകൾ വിടർത്തി. കാളുന്ന സൂര്യൻ. അവിടേക്ക് നോക്കുവാനാവാതെ... ഇമകളിൽ ഇരുട്ടുപടരുന്നതുപോലെ... മുറിഞ്ഞുപോയ പ്രാർത്ഥന വീണ്ടും കൊരുത്തു. അപ്പോൾ കാണായി, മുന്നിലേക്കു നീണ്ടുനീണ്ടുപോകുന്ന ര



ബർഗ്മാൻ തോമസ്

ക്തപങ്കിലമായ കാല്പാടുകൾ... 'ഹൊണ്ട" ആ ചോരപ്പാടുകളിലേക്ക് ഒരാവർത്തികൂടി നോക്കുവാൻ കെല്പില്ലാതെ മറിയം...

എവിടെനിന്നോ കിതച്ചെത്തിയ ശക്തിയേറിയ കാറ്റിനൊപ്പം ആർപ്പുവിളികളും അട്ടഹാസങ്ങളും അവളുടെ കാതുകളിൽ വന്നലച്ചു. ആരവമുയർന്നിടത്തേക്കുള്ള നീൾകാഴ്ചകളിൽ അകലെ കുന്നുകയറുന്ന വമ്പിച്ച ജനക്കൂട്ടത്തെ അറിഞ്ഞു;

പുത്രന്റെ യാതനായാത്ര...

പരവശയായ മറിയം ആൾക്കൂട്ടത്തിലേക്കു കണ്ണയച്ച്, രക്തനിലത്തുകൂടി പിന്നെയും ഓടി. പക്ഷേ, പായാനാവുന്നില്ല. വിറപൂണ്ടു. കൽച്ചീളുകളിൽ തറഞ്ഞ് മനസ്സ് മണ്ണിൽ നിപതിച്ചു.

മരുച്ചെടികളുടെ മൃദുമർമ്മരങ്ങൾ ഏതോ വിഷാദഗീതം പോലെ അവൾക്കുചുറ്റും അലയടിച്ചുകൊണ്ടിരുന്നു.

മകനെ ഒരുനോക്കു കാണണം. ആധിയാൽ പിടഞ്ഞെണീറ്റു. വിറയാർന്ന കൈത്തലത്തിലെ ചോരപുരണ്ട തരിമണലിലേക്കു നോക്കി വിതുമ്പിപ്പോയി; 'മോനേ..." വിജനതയിൽ ആ അമ്മവിലാപം വീണ്ടും പ്രതിധ്വനിച്ചു.

വെയിൽ തൂവിക്കൊണ്ടിരുന്നു. ചുടുവെയിലേറ്റ് അവളുടെ ഉടലാകെ മന്ദീഭവിച്ചു.

'ഹോാായ്..."

കുന്നിറങ്ങിവരുന്നതാരാണ്?

അവൻ വിളിച്ചുകൂവുന്നതെന്താണ്?

ഏതാനും നല്ലവാക്കിനായി അവൾ കാത്തു.

'അല്പദൂരംമാത്രം ഞാനാ കുരിശ്ചുമന്നു. എന്റെ പാപപരാധീനക്കെട്ടുകളഴിഞ്ഞപോലെ..." ആരോടെങ്കിലുമൊന്നോതാൻ വെമ്പലാർന്ന് ആഗതൻ പറഞ്ഞു. ചാരിതാർത്ഥ്യത്തിന്റെ ഒരു ചെരാത് അപ്പോൾ മറിയം അവന്റെ മുഖത്തു ദർശിച്ചു.

'ഈ തലയോടിടങ്ങളിലൂടെ ഇത്രദൂരവും കനത്ത കുരിശുതാങ്ങി നീങ്ങുമ്പോഴും പതറാതെ ഗുരു..." അവന്റെ കണ്ണുകളിലേക്കുറ്റുനോക്കി സദ്‌വാർത്തകൾക്കായി അവൾ പിന്നെയും ചെവികൂർപ്പിച്ചു.

'അവനെ ഉദരത്തിൽ വഹിച്ചവൾ ആരായിരുന്നാലും അവൾ അനുഗൃഹീതയാണ്." അങ്ങനെ പറഞ്ഞുകൊണ്ട് അവൻ എവിടേയ്ക്കോ ഓടിപ്പോയി.

അനുഗൃഹീത... മറിയം മനസ്സിൽ ഉരുവിട്ടു.

കാലത്തിന്റെ തൊടുകുറിയിൽ ചാർത്തിയ ദിവ്യാക്ഷരമന്ത്രം സംഘഗാനമായി കേൾക്കുന്ന പോലെ; അനുഗൃഹീത...

എവിടെ നിന്നാണത്?

എവിടെ നിന്നും...

ആയിരം കണ്ഠനാളങ്ങൾ ഏറ്റുപാടുന്ന സങ്കീർത്തനത്തിന്റെ ആ പൊരുളിലൂടെ മറിയം അല്പദൂരം സഞ്ചരിച്ചു;

അന്നൊരുനാൾ, അറിയാതെ വഹിച്ച ഗർഭത്തിന്റെ അപഖ്യാതിനിറഞ്ഞ വഴികളിലൊന്നിൽ, 'നീ അനുഗൃഹീതയാകുന്നു', ഒരു ദിവ്യപ്രകാശം അരുളിച്ചെയ്തത് നിറഹൃദയത്തോടെയായിരുന്നു ഏറ്റു വാങ്ങിയത്.

പിന്നെ, മുപ്പതാമത്തെവയസ്സിൽ ഒരു വെള്ളിയാഴ്ച–

'... നീ എങ്ങോട്ടു പോകുന്നു?"

'ജന്മങ്ങളുടെ പൂർത്തീകരണത്തിന്..."

'അമ്മയേയും നേർവഴി പഠിപ്പിച്ച വളർത്തുപിതാവിനെയും വിട്ട്..."

'വെളിച്ചത്തിലേക്കുള്ള പഥം ദുർഘടമെന്നു ഞാനറിയുന്നു. നിയോഗത്തിന്റെ വഴികളിലൂടെയാണിനിയെന്റെ യാത്ര..."

യാത്രാമൊഴിപോലും ചൊല്ലാതെ പോയ മകന്റെ കനത്ത വേർപാടിൽ, അപ്പോഴും പുണ്യമായൊരശരീരി കേട്ടിരുന്നു. എല്ലാം ആത്മാവിലാവാഹിച്ച് അനുഗ്രഹവർഷങ്ങളിലൂടെ സഞ്ചരിക്കെ എന്തിനീ ആകുലതകൾ? മാനവന്റെ പാപക്കറകൾപുരണ്ട മണ്ണിലേക്ക് പുത്രനെ നൽകുകവഴി ആത്മാ



വിനെ ദാനംചെയ്യുകയായിരുന്നുവല്ലോ, പിന്നെന്തിനീ ആശങ്കകൾ? എനിക്കറിഞ്ഞുകൂടാ...

ഈ യാനമെന്തിന്?

ഈ ദുഃഖയാനമെന്തിന്?

ഒന്നും വെളിവാകുന്നില്ലല്ലോ ദൈവമേ വെള്ളിയാഴ്ചകളുടെ ദുഃഖമായി മറിയം വിങ്ങി.

ഒരുകൂട്ടം മേഘങ്ങൾ എങ്ങോ ആർത്തലച്ചുപോകുന്നു. നിയതി സമ്മാനിച്ച വീഥിയിലൂടെ പിന്നെയും മറിയം...

കന്മുനകൊണ്ട കാല്പാദങ്ങൾ ഇടറുകയും മുൾമരങ്ങളിലുടക്കിയ മൃദുമേനി നോവുകയും...

'മറിയം..." ഒരുനിമിഷം അവൾ സ്തബ്ധയായി. തെളിനീരുറവപോലൊഴുകിയെത്തിയ വാക്കിന്റെ ഉറവിടം തേടുമ്പോൾ, മുന്നിൽ വിതുമ്പലുമായി വെറോണിക്ക.

അവൾ രക്തത്തിൽകുളിച്ച ഒരു തൂവാല മുറുകെപ്പിടിച്ചിരുന്നു. വെറോണിക്കയെ മറിയം പിടിച്ചുകുലുക്കി; 'പറയൂ, എന്റെ പൊന്നുമോനെ അവർ എന്തുചെയ്തു?"

വെറോണിക്കയുടെ കണ്ണുകളിൽ ഭീതി നിഴലിച്ചിരുന്നു. മറുവാക്കിനായി അവൾ പരതി.

മറിയം തൂവാല പിടിച്ചുവാങ്ങി. അതിൽ അരുമസുതന്റെ ചോരചാലിച്ച മുഖം. കാലിത്തൊഴുത്തിൽ പിള്ളക്കച്ചകൊണ്ടു പൊതിഞ്ഞ് പുൽത്തൊട്ടിയിൽകിടന്ന പ്രകാശപൂരിതമായ ഉണ്ണിയുടെ മുഖമോ ഇത്? തൂവാലയിൽ ഒരുവട്ടംകൂടി നോക്കുവാൻ മറിയത്തിനായില്ല, ഒരു ശില്പംകണക്കേ...

വാനമേഘങ്ങളിൽ സ്തുതിഗീതങ്ങൾ മുഴങ്ങിക്കേട്ട രാവിൽ, ബത്‌ലഹേമിലെ കാലിക്കൂട്ടിൽ മാംസരൂപം പൂണ്ട വചനത്തെ, പാപമോചനത്തിന്റെ പിറവിയെ കണ്ടുനില്ക്കുമ്പോൾ തെറ്റിദ്ധാരണയുടെ പെരുവഴി അവിടെ അവസാനിക്കുകയായിരുന്നില്ലേ?

'നന്മനിറഞ്ഞവളേ..."

സാന്ദ്രമായ വചനധാരയിൽ മറിയം ഉണർന്നു. തൂവാലയിൽ മുഖംപൊത്തിക്കരയുന്ന മറിയത്തെ വെറോണിക്ക ആശ്വസിപ്പിച്ചു;

'നോക്കൂ, ഞങ്ങളെന്തുമാത്രം അവനെ സ്നേഹിക്കുന്നു. അവന്റെ പീഡാസഹനം വരുംകാല മോചനമാണെന്ന അറിവാണ് ഞങ്ങൾക്ക് തെല്ലെങ്കിലും ആശ്വാസമേകുന്നത്." വെറോണിക്ക തുടർന്നു; 'എല്ലാമറിയുന്ന നിനക്കും അതിൽ പങ്കുചേരാൻ കഴിയാത്തതെന്ത്?"

ഒന്നും ഉരിയാടാൻ മറിയത്തിനായില്ല. 'പങ്കുചേരാൻ കഴിയാത്തതെന്ത്?' ആ വാക്കുകൾ ഉള്ളിൽ അനുരണനമുണ്ടാക്കി. സ്മൃതിമേഘങ്ങളിൽ അവൾ അലഞ്ഞു;

നിന്റെ മകന് ഭ്രാന്താണ്; അവൻ ജനത്തെ വിളിച്ചുകൂട്ടി എന്തൊക്കെയോ പുലമ്പുന്നു, അതു കേട്ടാണ് അന്ന് കാണാൻ ഓടിയെത്തിയത്. അന്നേരം നീ ഗലീലിയാമലയിൽ പ്രബോധനം നടത്തുകയായിരുന്നു. കാണാൻ വന്നതറിഞ്ഞ് ജനക്കൂട്ടത്തെ നോക്കി നീ പറഞ്ഞു; ഇവരൊക്കെയാണ് എന്റെ അമ്മയും സഹോദരൻമാരും... ആരും കാണാതെ അന്നു ഞാൻ എന്തുമാത്രം കരഞ്ഞു. നീയറിയുമോ, ജെറുസലേമിൽ തിരുനാളുകൂടിയശേഷം തിരികെ പോരുമ്പം നീ ഞങ്ങളുടെ കൂട്ടത്തിലില്ലെന്നറിഞ്ഞ് യോസേഫും ഞാനും നിന്നെത്തേടിയലഞ്ഞതും... ആകുലതകൾനിറഞ്ഞ മൂന്നാം നാൾ, ഉപാദ്ധ്യായന്മാരുടെ ഇടയിലിരുന്ന് തർക്കിക്കവേ, മേനെ നീ എവിടെയായിരുന്നു, ഞങ്ങൾ എവിടെയൊക്കെ അന്വേഷിച്ചു എന്ന ഞങ്ങളുടെ പരിഭ്രാന്തിക്ക് നിങ്ങൾ എന്തിനെന്നെ അന്വേഷിക്കുന്നു എന്നു മറുചോദ്യമുരച്ചപ്പോൾ ആത്മക്ഷതങ്ങളാൽ നൊന്തതും... മകനേ, എല്ലാം ഞാനെന്റെ ഹൃദയപേടകത്തിൽ ഒളിപ്പിച്ചുവച്ചു.

കുതിരക്കുളമ്പടികളുടെ കോലാഹലം അന്തരീക്ഷത്തിൽ പ്രകമ്പനം കൊണ്ടു.

കപാലഗിരിക്കുമേലെ ഒരൊറ്റയാൻ പക്ഷി ചിറകടിച്ചു പറന്നു.

കണ്ടു, ഒരു കണ്ണേറുദൂരത്തിനപ്പുറം പുരുഷാരം.

'ജറുസലെം പുത്രിമാരേ നിങ്ങളെന്നെയോർത്ത്..."

മകന്റെ വാക്കുകളല്ലേ ആ കേൾക്കുന്നത്. നെഞ്ചിൽ ഒരു കൊള്ളിയാൻ മിന്നി. മകൻ എന്നും ജനത്തെ സ്നേഹിച്ചുവെന്നോ? മൂന്നുവർഷക്കാലം കൊണ്ട് മനുഷ്യമനസ്സുകളിൽ അവൻ കുടിയിരിക്കുന്നുവെന്നോ? ഏവരേയും ആശ്വസിപ്പിക്കാൻ ഉഴറിനടന്നവൻ അമ്മയെ...ണ്ട എല്ലാപേരുടെയും മുറിവുണക്കുന്ന നീ എന്റെ ആത്മാവിലെ മുറിവുകൾ അറിയാത്തതെന്ത്?

ദു:ഖിതരുടെയും ഹൃദയം തകർന്നവരുടെയും നടുവിലെത്തിയിരുന്നു മറിയം. വാവിട്ടുകരയുന്ന സ്ത്രീകൾക്കും കുട്ടികൾക്കുമിടയിലൂടെ മുന്നോട്ടാഞ്ഞു. കുരിശുപേറുന്ന വത്സലപുത്രനെ കണ്ടു. മകനും അമ്മയെ കണ്ടു.

വിശുദ്ധമൗനം വിതുമ്പുന്ന നിമിഷങ്ങൾ...

'നിന്റെ ഹൃദയത്തിലൂടെയും ഒരു വാൾ കടന്നു പോകും...' ഒരശരീരി മറിയം കേട്ടു.

പെട്ടെന്നുണ്ടായ ഒരിടിമുഴക്കത്താൽ ഗാഗുൽത്തയാകെ വിറങ്ങലിച്ചു.

മറിയം മകൻ വഹിച്ച കുരിശ് സ്വന്തം തോളിലേറ്റി നടന്നു. ഒരു ശബ്ദവും അവൾ കേട്ടില്ല, ഒരു വേദനയും അറിഞ്ഞില്ല. ഏതോ സുകൃതംപോലെ...

'തലമുറകളുടെ വിമോചനത്തിന്റെ കുരിശാണിത്. ഇങ്ങുതരൂ, ഇതു ഞാൻതന്നെ ചുമക്കേണ്ടതാകുന്നു...'

മകന്റെമേൽ ഉറച്ചുപതിക്കുന്ന ചാട്ടവാറടികളുടെ ശബ്ദംകേട്ട് ഞെട്ടിയുണർന്നു മറിയം. പുറത്തുവരാത്ത നിലവിളിയാൽ അവൾ... പിന്നെ, പ്രിയം നിറഞ്ഞ കരങ്ങൾനീട്ടി കെഞ്ചി; 'എന്റെ കുഞ്ഞ് എന്തു തെറ്റാണ് ചെയ്തത്, ഒരു മഹാപാപിയെപ്പോലെ ഇവ്വിധം അവനെ. ഞാനെന്നെ സമർപ്പിക്കാം, ഈ കുഞ്ഞാടിനെ..."

പുരുഷാരം കാൽവരിമലമുകളിലെത്തിയിരുന്നു.

ശബ്ദായമാനം കാൽവരിക്കുന്ന്...

യൂദന്മാരുടെയും പരീശന്മാരുടെയും മുഖത്തെ തിളക്കം മറിയം കണ്ടു.

യഞ്ജവേദിയിൽ, ചീറിയടിക്കുന്ന പരിഹാസക്കാറ്റിലും ചീറിപ്പായുന്ന നിന്ദനങ്ങളുടെ കൂരമ്പുകൾക്കിടയിലും അടക്കിയ തേങ്ങലുകൾ... വിതുമ്പലുകൾ...

മകന്റെ വസ്ത്രമുരിയുന്നതും കാരിരുമ്പാണികളാൽ മരക്കുരിശിൽ തറയ്ക്കപ്പെടുന്നതും കണ്ടുനിൽക്കാനാവാതെ കണ്ണടച്ചു. ആണിതറയ്ക്കലിന്റെ മുറിവുകളിൽനിന്നും രക്തം അവളുടെ മുഖത്തു തെറിച്ചു. മുഖംപൊത്തി മറിയം കരഞ്ഞു.

ശാപനിമിഷത്തിലെപ്പോഴോ ഉണർന്ന മറിയം കണ്ടത്, കുരിശിൽ കിടക്കുന്ന പൊന്നുണ്ണിയെയാണ്. ഒരുന്മാദിനിയെപ്പോലെ അവൾ ശതാധിപന്മാർക്കുനേരെ കോപക്കല്ലുകൾ വർഷിച്ചു.

'എനിക്കു ദാഹിക്കുന്നു..." കുരിശി

ലെ ദേഹം തേങ്ങി. തൊണ്ട വരളുന്ന മകനെ മറിയം കണ്ടു. അവളുടെ നെഞ്ചിൽനിന്നും പാൽ ചുരന്നു. പാൽത്തറയിൽ മുലഞെട്ടിലെ നീറ്റലുമായി...

'സ്ത്രീയേ...'' മറിയം ശ്രദ്ധിച്ചു, മകൻ വിളിക്കുകയാണ്.

'എന്തിനേവം വിഷാദം, വ്യാകുലം...'' അതെ, മകൻ തന്നോടായി പറയുന്നു.

'പീഡകളുടെ ഈ കുരിശേറ്റം, നീതിക്കും സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള പോരാട്ടങ്ങളുടെ മുന്നൊരുക്കമെന്നു നീ അറിയുന്നില്ലയോ? ശാന്തിയുടെയും പ്രകാശത്തിന്റെയും പകലുകൾക്കായി പുത്രനെ നൽകാൻ തക്കവണ്ണം ലോകത്തെ നീ അത്രമാത്രം സ്നേഹിക്കുന്നില്ലയോ?''

മകന്റെ പ്രവചനമിഴികളിലേക്ക് മുഖംതറച്ച് മറിയം.

വെളിപാടുപോലെ കേട്ടു;

'അറിയുക, ഇതൊരു പുറപ്പാടാണ്. കാലദേശദൂരങ്ങളിലേക്കു നീളുന്നൊരു തീർത്ഥസഞ്ചാരപഥം. പഥങ്ങളിൽ, വിഘ്നങ്ങളുടെ കൽത്തറയും പാപമുൾപ്പടർപ്പുകളും താണ്ടി മുന്നേറുമ്പോഴൊക്കെയും പാഥേയമായി അമ്മ കൂടെയുണ്ടല്ലോ എന്നവനോർക്കും, ആശ്വസിക്കും. അമ്മ ധന്യയും പുണ്യയുമാവുന്നതും...''

'...ചരിത്രപാഠങ്ങളിലിടം നേടുന്നതും.'' അവളുടെ ഉള്ളുരച്ചു.

മാനവകുലത്തിന്റെ മോചനമാർക്ഷത്തിലേക്ക് അമ്മയും ചേരുന്ന ധന്യമുഹൂർത്തത്തെ ഉൾ ക്കൊള്ളാൻ കൊതിച്ച് മറിയം... ആരൊക്കെയോ പുകഴ്ത്തുന്നു, പൂക്കൾ വർഷിക്കുന്നു. രോമാഞ്ചപ്പൂക്കളാൽ മറിയം കുളുർന്നു. ആത്മഹർഷത്താൽ അവൾ വിതുമ്പി;

'ആശിർവാദങ്ങളോടെ ഇതാ അമ്മ...''

'കടന്നുപോകുന്ന അസംഖ്യം അനർത്ഥങ്ങളുടെ, അകൃത്യങ്ങളുടെ ഭീകരദിനങ്ങളും വിനാശ ങ്ങളുടെ വേലിയേറ്റങ്ങളും ഞാൻ കാണാതെ പോകുന്നില്ലല്ലോ മോനെ... ഒടുവിൽ, സംഭവ്യമാകുന്ന ഒരിതൾ സമാധാനത്തിനും കൈക്കുമ്പിൾ കാരുണ്യത്തിനുംമേലുള്ള സഹനങ്ങളുടെ ഈ കയ്യൊപ്പ് അറിയാതെയും പോകുന്നില്ലല്ലോ...''

മറിയത്തിന്റെ കണ്ണിൽനിന്നും ആശങ്കയുടെ കണികകൾ അടർന്നുവീണ് വരണ്ടുകിടന്ന മരുത്തറ കുതിർന്നു.

വെയിലാറിയിരുന്നു.

ആളും ആരവവുമൊഴിഞ്ഞ് മൂകം ഇപ്പോൾ, ഗാഗുൽത്ത.


രക്തസാക്ഷിയായി മകനും ജീവസാക്ഷിയായി അമ്മയും നിൽക്കെ, ആ സായാഹ്നം പെട്ടെന്നിരുണ്ടു. നാടെങ്ങും അന്ധകാരാവൃതമായി. ഭൂമി വിറകൊള്ളുകയും പാറകൾ പിളരുകയും ചെയ്തു. ദിഗന്തങ്ങൾ മാറ്റൊലിക്കൊണ്ടു. കൊടും ഇരുട്ടിലും അമേയമായ ഒരു പ്രകാശധാര മറിയം കണ്ടു. പിന്നെപ്പൊഴോ ആകാശത്തു പ്രത്യക്ഷപ്പെട്ട ഒറ്റനക്ഷത്രത്തിന്റെ വെട്ടത്തിൽ, കുരിശിൽ നിശ്ചലമായ ഉണ്മയെ കണ്ണിമയാതെ മറിയം നോക്കിനിന്നു. കുരിശേറിയ മുഖത്തെ എല്ലാം നിവർത്തിയായതിന്റെ തിളക്കം വ്യക്തമായും അറിഞ്ഞു. അറിവിന്റെ സ്വച്ഛതയിലൂടെ വെള്ളരിപ്രാവുകൾ പറന്നു.

'മനുഷ്യപുത്രൻ...' അങ്ങനെ പുലമ്പിക്കൊണ്ട് ഓടിച്ചെന്ന് പുത്രന്റെ കാല്പാദങ്ങളെ കെട്ടിപ്പുണർന്നു മറിയം. ആണിപ്പാടുകളിൽ ചേർത്തും പേർത്തും ചുംബിച്ചു.

രക്താങ്കിതമായ മകൻ. നിർവൃത ബാഷ്പത്താൽ അമ്മ. കെട്ടുപിണഞ്ഞപോലെ...

കുരിശിലെ ചോരയും മറിയത്തിന്റെ കണ്ണീരും ഒന്നായി.

കാൽവരിയിൽനിന്നും ആ കണ്ണീരും ചോരയും അവിരാമമായി ഒഴുകി അനന്തകാലത്തിന്റെ വഴികളോളം നീണ്ടു. ■





നവംബർ 2021 ജീവനും വെളിച്ചവും 19

കവിത



**ഷൈജു അലക്സ്**
കൊച്ചുതുറ

# കണവമോതിരം



വിശപ്പ് പരവതാനി വിരിച്ച
കുടിലിന്റെ മുറ്റമില്ലാ മുറ്റത്ത്
ഒരു തളർന്ന കാറ്റ്...

അരിസിക്കൊള്ള വകതേടി
കടലേറിപ്പോയ തുണയോനെക്കാത്ത്
കാത്തുകാത്തു കണ്ണുതുരുമ്പിച്ച പെണ്ണാപ്പെറന്തവ

നാവിന് രുചിയായി മീൻകൂട്ടിയിട്ടെത്രനാൾ?
മീന്തല കൊതിച്ച് ഉമിനീരിറക്കി പൊറുത്തിട്ടെത്രനാൾ?

അപ്പന്റെ ചിറകിലൂടെ ഭാഗ്യപ്പല്ലി
ഇഴഞ്ഞുനടപ്പുണ്ടെന്ന്
എവിടെ നിന്നോ കരേറിവന്നവന്റെ പൊയ്പ്പേച്ച്
അമ്മയുടെ ഇരുണ്ടമിഴികളിൽ തകർന്നുപോയി.

ദിവസങ്ങൾക്കു മുൻപ്
കടലാഴങ്ങളിൽ നിന്നും
കോരിയെടുത്ത ഓലക്കണവ,
മഷിചീറ്റി കറിച്ചട്ടിയിൽ വെന്തുനൊന്തു.

വെറും വലയിലെ കുഞ്ഞുകണ്ണികൾ
പഞ്ഞകാലത്തെക്കുറിച്ച്
എന്നോട് രഹസ്യമായി സംസാരിക്കുമ്പോൾ
അടുക്കളയില്ലാത്ത വീട്ടിലിരുന്ന് അവൾ
കരച്ചിലിന്റെ ലായനിയെ വേർതിരിച്ചെടുക്കുന്നു.

കണവ
മകളുടെ കൈവരിലുകളിലെമ്പാടും
മോതിരമായി മിന്നിത്തുടങ്ങുമ്പോൾ
സ്വർണത്തിൽ തീർത്ത മോതിരക്കനവിനായി
ഇന്നു രാത്രിയും അവളോട് കല്ലുവച്ചനുണപറയുകതന്നെ ചെയ്തു
കറുത്ത മിന്നാമിനുങ്ങുകൾ
തലയ്ക്ക് മുകളിലൂടെ
അപ്പോൾ ചിറകില്ലാതെ പറക്കുന്നുണ്ടായിരുന്നു.

# BOYS TOWN

Monvila, Thiruvananthapuram 659583, Kerala, India

"എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തുകൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തു തന്നത്." (Mathew 25 : 40)








## ലഘു വിവരണം

തിരുവനന്തപുരം അതിരൂപതയുടെ കീഴിൽ, പാവപ്പെട്ടവരും നിർദ്ധനരുമായ കുട്ടികൾക്കുവേണ്ടി 1968–ൽ മൺവിള എന്ന സ്ഥലത്ത് "ബോയ്സ് ടൗൺ" എന്നപേരിൽ ഈ സ്ഥാപനം ആരംഭിച്ചു. സംസ്ഥാന, കേന്ദ്ര സർക്കാരുകളുടെ എല്ലാ നിയമങ്ങളും പാലിച്ചുകൊണ്ടാണ് ഈ സ്ഥാപനം മുന്നോട്ടു പോകുന്നത്. 5–ാം ക്ലാസ്സു മുതൽ 10–ാം ക്ലാസ്സുവരെയുള്ള കുട്ടികളെയാണ് ഇവിടെ നിർത്തി പഠിപ്പിക്കുന്നത്.

## ലക്ഷ്യം

ഈ സ്ഥാപനത്തിന്റെ പ്രഥമവും പ്രധാനവുമായ 3 ലക്ഷ്യങ്ങൾ

മികച്ച താമസ സൗകര്യം
മികച്ച ഭക്ഷണം
മികച്ച വിദ്യാഭ്യാസം

## രൂപീകരണം

ഒരു കുട്ടിയുടെ സമഗ്രമായ വളർച്ചയ്ക്കുവേണ്ട എല്ലാകാര്യങ്ങളും ഇവിടെ ഒരുക്കികൊടുക്കുന്നുണ്ട്

പ്രത്യേകമായ് ശ്രദ്ധകൊടുക്കുന്നത്

ബൗദ്ധിക വളർച്ച, ആത്മീയ വളർച്ച, ശാരീരിക– മാനസിക രൂപികരണം, സ്വഭാവ രൂപീകരണം

## ബോയ്സ് ടൗണിനൊരു കൈത്താങ്ങ്

ബോയ്സ് ടൗൺ പോലുള്ള സ്ഥാപനങ്ങളുടെ മുന്നോട്ടുള്ള പ്രയാണത്തിന് നമ്മുടെ സമൂഹത്തിലുള്ള നല്ലവരായ വ്യക്തികളുടെ മനസ്സറിഞ്ഞുള്ള സഹായം വലിയൊരു അനുഗ്രഹമാണ്.

ഭക്ഷണം, താമസം, പഠനം മറ്റ് അനുബന്ധ ചിലവുകൾക്കായി ഏകദേശം 4,000 രൂപ മുതൽ 4500 രൂപ വരെയാണ് ഒരു മാസം ഒരു കുട്ടിയ്ക്ക് ചിലവാകുന്നത്. ഓരോരുത്തരും നൽകുന്ന ചെറിയ സഹായങ്ങൾ ഈ സ്ഥാപനത്തിന്റെ മുന്നോട്ടുള്ള വളർച്ചയ്ക്ക് വലിയൊരു കൈത്താങ്ങാണ്.

## SPONSER A CHILD

ഇവിടെ നിൽക്കുന്ന പാവപ്പെട്ടവരായ കുട്ടികളെ സ്പോൺസർ ചെയ്യാൻ നിങ്ങൾക്ക് താൽപര്യമുണ്ടെങ്കിൽ നിങ്ങൾക്ക് കഴിയുന്ന രീതിയിൽ, ഒരു കുട്ടിക്ക് വേണ്ടി മാസം 500 രൂപ മുതൽ നിങ്ങൾക്ക് സാധിക്കുന്ന തുക എല്ലാമാസവും നൽകി സഹായിക്കാവുന്നതാണ്. അപ്രകാരം ഒരു വർഷമോ, ഒരു കുട്ടി 10–ാം ക്ലാസ്സ് പഠനം പൂർത്തിയാകുന്നതുവരെയോ ആ കുട്ടിയെ സഹായിക്കുവാനുള്ള അവസരം നിങ്ങൾക്ക് തിരഞ്ഞെടുക്കാം.

നിങ്ങളുടെ ഭവനത്തിൽ സന്തോഷകരമായ ദിനങ്ങൾ വിശേഷ അവസരങ്ങൾ ആഘോഷങ്ങൾ വരുമ്പോൾ ഈ സ്ഥാപനത്തെയും കുട്ടികളെയും ഓർക്കുന്നതും ഞങ്ങളെ സഹായിക്കുന്നതിനും മറക്കരുതേ

ഒരു നേരത്തെ ഭക്ഷണം കുട്ടികൾക്കായി നൽകാവുന്നതാണ്

സ്റ്റേഷനറി സാധനങ്ങൾ വാങ്ങി നൽകാവുന്നതാണ്

സാമ്പത്തികമായും സഹായിക്കാവുന്നതാണ്

### ഒരു കുട്ടിക്കായി ഒരുമാസം സഹായിക്കാൻ സാധ്യമാകുന്ന തുക തിരഞ്ഞെടുക്കാവുന്നതാണ്

| | | | | |
|---|---|---|---|---|
| ₹500 | ₹1500 | ₹2500 | ₹3500 | |
| ₹1000 | ₹2000 | ₹3000 | ₹4000 | ₹4500 |



### ACCOUNT DETAILS

**BOYS TOWN**

Account. No: 0497053000012989
IFSC Code: SIBL0000497
Branch: Sreekariyam, South Indian Bank

Yuvadeepthi Press # 2598073

Contact
Ph.: 0471 2597487 Director: 97 44 35 89 98
boystown1962@gmail.com

ലേഖനം

## മെത്രാന്മാരുടെ സിനഡ്

# ആത്മാവ് സഭകളോട് പറയുന്നത് കേൾക്കാൻ

**രണ്ടുവർഷം നീണ്ടുനിൽക്കുന്ന ഒരു സിനഡ് പ്രക്രിയയ്ക്ക് (ഒക്ടോ. 2021 – ഒക്ടോ. 2023) ആഗോള കത്തോലിക്കാസഭ തുടക്കം കുറിച്ചിരിക്കുന്നു. മെത്രാന്മാരുടെ സിനഡിന്റെ 16–ാമത് സാധാരണ പൊതുസമ്മേളനം 2023 ഒക്ടോബറിൽ റോമിൽ നടക്കും. സഭയുടെ നവീകരണത്തിന് വലിയൊരു അവസരമായി ഇത് വിലയിരുത്തപ്പെടുന്നു. സിനഡിന്റെ ചർച്ചയ്ക്കായി തെരഞ്ഞെടുത്തിരിക്കുന്ന വിഷയവും വിഭാവന ചെയ്തിരിക്കുന്ന മുന്നൊരുക്ക പ്രക്രിയയും ഈ സിനഡിനെ ഏറെ വ്യത്യസ്തമാക്കുന്നു. ഒരു ഒരുക്കരേഖയും (Prepratory Document) ഒരു കൈപ്പുസ്തകവും (*Vademecum*) റോമിലെ മെത്രാന്മാരുടെ സിനഡ് സെക്രട്ടേറിയറ്റ് ഇതിനകം പ്രസിദ്ധീകരിച്ചുകഴിഞ്ഞു. ഒരു പുത്തൻ ആവേശം പ്രാദേശിക സഭകളിലും ഇപ്പോൾ പ്രകടമായി തുടങ്ങിയിരിക്കുന്നു. സിനഡ് പ്രക്രിയയിൽ സഭയിലെ എല്ലാവരും സജീവമായി പങ്കാളികളാകാൻ ഫ്രാൻസിസ് പാപ്പ ആഹ്വാനം ചെയ്യുകയുണ്ടായി. ഇന്ന്, ആത്മാവ് സഭകളോട് സംസാരിക്കുന്നത് ശ്രവിക്കുവാനുള്ള ഒരു പുറപ്പാടാണിത്.**



ഫാ. തോമസ് ജെ. നെറ്റോ

### സിനഡ്: നവീകരണത്തിന് ഒരു അവസരം

ഇക്കഴിഞ്ഞ ഒക്ടോബർ 17 ഞായറാഴ്ച നമ്മുടെ ഇടവക ദേവാലയങ്ങളിൽ സിനഡിനെക്കുറിച്ച് ഒരു ഇടയലേഖനം വായിക്കുകയുണ്ടായി. നമ്മുടെ സൂസപാക്യം മെത്രാപ്പൊലീത്ത തന്റെ ഇടയലേഖനം ഉപസംഹരിക്കുന്നത് ഇപ്രകാരമാണ്: "ഫ്രാൻസിസ് പാപ്പയുടെ സിനഡ് പ്രഖ്യാപനവും അതിനായി നൽകിയ മാർഗരേഖകളും ഒരു ദൈവനിയോഗമായി ഞാൻ കരുതുന്നു. ഒരുഘട്ടത്തിൽ നമ്മുടെ അതിരൂപതയിൽ തീഷ്ണതയോടെ രൂപംകൊണ്ട സംവിധാനങ്ങളും ശുശ്രൂഷകളും കാലക്രമേണ മന്ദീഭവിച്ചുപോയി എന്നൊരു ആക്ഷേപം പരക്കെ കേൾക്കാറുണ്ട്. അതിൽ കുറെയേറെ സത്യവുമുണ്ട്... പഴയ മനുഷ്യനെ ഉരിഞ്ഞുമാറ്റി പുതിയ മനുഷ്യനെ ധരിക്കുന്ന ഒരു ഉയർത്തെഴുന്നേൽപ്പിനായി നാം പ്രാർഥിക്കുകയായിരുന്നു. അതിനായുള്ള ഒരസുലഭാവസരമാണ് ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ച ഈ സിനഡിലൂടെ നമുക്ക് സംലഭ്യമായിരിക്കുന്നത്".

## സിനഡ്: രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ തുടർച്ച

മെത്രാന്മാരുടെ സിനഡ് എന്ന സംവിധാനം രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ (1962–65) തുടർച്ചയാണ്. ആധുനിക സഭാചരിത്രത്തിലെ നാഴികകല്ലായ പ്രസ്തുത കൗൺസിൽ നവമായൊരു സഭാദർശനം വിശുദ്ധ ഗ്രന്ഥത്തിന്റെയും സഭാ പിതാക്കന്മാരുടെ പഠനങ്ങളുടെയും വെളിച്ചത്തിൽ മുന്നോട്ടുവച്ചു. സഭ ദൈവജനമാണെന്നും സഭാംഗങ്ങളെല്ലാവരും സഭയുടെ പ്രേഷിത ദൗത്യത്തിൽ പങ്കാളികളാണെന്നും കൗൺസിൽ പഠിപ്പിച്ചു. സഭ ഒരു കൂട്ടായ്മയാണെന്ന കാഴ്ചപ്പാട് അംഗീകരിച്ചപ്പോൾ മെത്രാന്മാരുടെ സംഘാത്മകത (Collegiality of the Bishops) എന്ന തത്വത്തിന് പ്രാധാന്യം കൈവന്നു. പാപ്പ ഒറ്റയ്ക്കല്ല, മറിച്ച് മെത്രാന്മാരുടെ സംഘാത്മകതയാണ് സഭയെ നയിക്കുന്നത് എന്ന നിലപാട് അംഗീകരിച്ചു. ഈ സംഘാത്മകശൈലിയുടെ പ്രായോഗിക രൂപങ്ങളാണ് രണ്ടാം വത്തിക്കാൻ കൗൺസിലും തുടർന്ന് 1965 ൽ പോൾ ആറാമൻ പാപ്പ സ്ഥാപിച്ച മെത്രാന്മാരുടെ സിനഡ് എന്ന സംവിധാനവും. സഭയുടെ അടിസ്ഥാന സ്വഭാവം ഈ സംവിധാനത്തിലൂടെ പ്രതിഫലിക്കുകയും നവമായി സാക്ഷാൽക്കരിക്കുകയും ചെയ്യുന്നു.


## 2023 ലെ സിനഡിന്റെ സവിശേഷത

'ഒരുമിച്ചുള്ള യാത്ര' എന്നാണ് 'സിനഡ്' എന്ന വാക്കിന്റെ മൂലാർഥം. ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്ന സിനഡിന്റെ ചർച്ചാവിഷയം 'സിനഡാത്മക സഭയ്ക്കായി: കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം' എന്നാണ്. സിനഡ് ചർച്ച ചെയ്യുന്നത് സിനഡാത്മകത (Synodality) എന്ന തത്വത്തിന്റെ പ്രായോഗിക മാനങ്ങളെക്കുറിച്ചാണ്.

## സിനഡാത്മകതയുടെ മൂന്ന് നെടുംതൂണുകൾ

സിനഡാത്മക സഭയുടെ മൂന്ന് നെടുംതൂണുകളാണ്, കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം: ഇവ പരസ്പരം ബന്ധപ്പെട്ടുനിൽക്കുന്ന കാര്യങ്ങളാണ്. സിനഡ് ഇവയുടെ സ്വഭാവം മനസ്സിലാക്കാനും അവ എത്രത്തോളം ഇന്ന് സഭയിൽ പ്രായോഗികമായിരിക്കുന്നു എന്ന് പരിശോധിക്കാനും ശ്രമിക്കുന്നു.

**കൂട്ടായ്മ :** ദൈവത്താൽ വിളിച്ചു കൂട്ടപ്പെട്ടവരുടെ സമൂഹമായ സഭ ഒരു കൂട്ടായ്മയാണ്; അതിൽ ഓരോ



അംഗത്തിനും അവരുടേതായ പങ്ക് നിർവഹിക്കാനുണ്ട്.

**പങ്കാളിത്തം:** സഭാംഗങ്ങളായ എല്ലാവർക്കും – അൽമായർ, സന്യസ്തർ, വൈദികർ, മെത്രാന്മാർ – തങ്ങൾക്ക് ലഭിച്ച വരദാനങ്ങൾക്കനുസൃതമായി സഭയുടെ ജീവിതത്തിലും ദൗത്യത്തിലും പങ്കാളിത്തമുണ്ട്. സിനഡാത്മക സഭയിൽ സഭ മുഴുവനും ഈ പ്രക്രിയയിൽ പങ്കാളികളാണ്. അതിർവരമ്പുകളിലായവരെയും ഇതിൽ പങ്കുചേർക്കണം.

**പ്രേഷിതത്വം:** സഭ നിലനിൽക്കുന്നതുതന്നെ സുവിശേഷപ്രഘോഷണത്തിനാണ്. സഭയുടെ ദൗത്യം മാനവകുടുംബത്തിൽ ദൈവസ്നേഹത്തിന് സാക്ഷികളാകുക, ദൈവരാജ്യത്തിന് ശുശ്രൂഷ ചെയ്യുക എന്നതാണ്.

## സിനഡാത്മകത: ആശയവും അർത്ഥവും

സഭയുടെ സ്വഭാവം, രൂപം, ജീവിതശൈലി, ദൗത്യം തുടങ്ങിയവയെ സൂചിപ്പിക്കാനുപയോഗിക്കുന്ന വാക്കാണ് സിനഡാത്മകത. സഭയെ സിനഡാത്മകതയായി കാണാവുന്നതാണ്. ഒരുക്കരേഖ നം.10 ഇപ്രകാരം വ്യക്തമാക്കുന്നു: "സിനഡാത്മകത എന്നത് കേവലം ഒരു സഭാത്മക സമ്മേളനമല്ല. അതിനേക്കാൾ ഉപരിയായി കൂട്ടായ്മയായ സഭയിലെ എല്ലാ അംഗങ്ങൾക്കും സഭയുടെ പ്രേഷിത ദൗത്യത്തിൽ പങ്കാളിത്തമുള്ള സഭയുടെ ജീവിതത്തിന്റെയും പ്രവർത്തനങ്ങളുടെയും പ്രത്യേക രീതിയും രൂപവുമാണ്''. ഈ കാഴ്ചപ്പാടിന്റെ വിശുദ്ധഗ്രന്ഥാടിസ്ഥാനവും സഭാ പാരമ്പര്യവും ഒരുക്കരേഖ നം.11–15 വിശദമാക്കുന്നു.

പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ ദൈവത്തിന് തന്റെ ജനത്തോട് പറയാനുള്ളത് ഒരുമിച്ച് ശ്രവിക്കാനും അതിലൂടെ സഭ നവീകൃതമാകാനുമുള്ള പാതയെ സൂചിപ്പിക്കുന്നതാണ് സിനഡാത്മകത.

"സിനഡാത്മകതയുടെ പാതയാണ് മൂന്നാം സഹസ്രാബ്ദത്തിലെ സഭയിൽ ദൈവം ആഗ്രഹിക്കുന്നത്..." ഈ യാത്ര ഒരു ദാനവും ഒരു ഉത്തരവാദിത്തവുമാണ്. ഒരുമിച്ച് യാത്രചെയ്യുന്നതിലൂടെയും പിന്നിട്ട യാത്രയെക്കുറിച്ച് ഒരുമിച്ച് വിചിന്തനം ചെയ്യുന്നതിലൂടെയും സഭയ്ക്ക് തന്റെ അനുഭവങ്ങളിൽ നിന്ന് കൂട്ടായ്മയോടെ ജീവിക്കാനും പങ്കാളിത്തം കൈവരിക്കാനും പ്രേഷിതത്വത്തിന് തുറവിയുള്ളവളാകാനും, എത്തരത്തിലുള്ള ഒരു പ്രക്രിയയാണ് സഹായകരം എന്ന് പഠിക്കാനാവും. തീർത്ഥാടകയും പ്രേഷിതയും, ദൈവജനവുമാകുന്ന സഭയുടെ സ്വഭാവം 'സിനഡിൽ പ്രകടമാണ്' (ഒരുക്ക രേഖ നം. 1).

സിനഡാത്മകതയാണ് സഭയെ സഭയാക്കുന്നത് എന്ന കാഴ്ചപ്പാടാണ് ഒരുക്കരേഖയിലുള്ളത്. സിനഡാത്മകത പ്രകടമാകുന്ന മൂന്ന് പ്രധാനതലങ്ങൾ ഒരുക്കരേഖ എടുത്തുപറയുന്നു. ഒന്ന്, സഭയുടെ സാധാരണ ജീവിത ശൈലിയുടെയും പ്രവർത്തനശൈലിയുടെയും തലം. രണ്ട്, സഭയുടെ പങ്കാളിത്ത ഘടനകളുടെയും പ്രക്രിയകളുടെയും തലം. മൂന്ന്, സഭയുടെ സിനഡാത്മക പ്രക്രിയകളു

ടെയും സംഭവങ്ങളുടെയും തലം. ഒരു പ്രാദേശികസഭയിൽ എത്രത്തോളം സിനഡാത്മകത ഉണ്ട് എന്നറിയാൻ ഈ മൂന്നു തലങ്ങളെ ആസ്പദമാക്കിയുള്ള പരിശോധനകളും വിശകലനങ്ങളും സഹായകരമാകും.

## സിനഡാത്മകത ലക്ഷ്യം വയ്ക്കുന്ന കാര്യങ്ങൾ

സിനഡാത്മകത ലക്ഷ്യമാക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് ഒരുക്കരേഖ നം.2 വ്യക്തമാക്കുന്നത് താഴെ പറയുന്നവയാണ്:

- ആത്മാവ് എപ്രകാരമാണ് സഭയുടെ ഇതുവരെയുള്ള യാത്രയെ ചരിത്രത്തിലൂടെ നയിച്ചത് എന്ന് തിരിച്ചറിയുക; ഇന്ന് എങ്ങനെയാണ് ദൈവസ്നേഹത്തിന് ഒരുമിച്ച് സാക്ഷ്യമേകാൻ ദൈവം നമ്മെ വിളിക്കുന്നത് എന്ന് മനസ്സിലാക്കുക.
- എങ്ങനെ എല്ലാവർക്കും പ്രത്യേകിച്ച് അതിർവരമ്പുകളുള്ളവർക്ക് തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടമാക്കാനും കേൾക്കപ്പെടാനും കഴിയുന്ന തരത്തിലുള്ള പങ്കാളിത്തത്തിന്റെയും ഉൾച്ചേരലിന്റെയും ഒരു സഭാത്മക പ്രക്രിയ ജീവിക്കാം.
- എല്ലാവരിലുമുള്ള ആത്മാവിന്റെ വരങ്ങളും ദാനങ്ങളും തിരിച്ചറിയുകയും അംഗീകരിക്കുകയും അത് സഭയുടെയും സമൂഹത്തിന്റെയും നന്മയ്ക്ക് ഉപയുക്തമാക്കുക
- സുവിശേഷ പ്രഘോഷണത്തിലും നല്ലൊരു ലോക നിർമിതിയിലും ഉത്തരവാദിത്തങ്ങളുടെ നിർവഹണം എങ്ങനെ കൂടുതൽ പങ്കാളിത്തരീതിയിൽ നടപ്പിലാക്കാം.
- അധികാരവും ചുമതലകളും സഭയിൽ എപ്രകാരമാണ് ഇന്ന് നടപ്പിലാകുന്നത്, അതിന് ഉപയോഗപ്പെടുത്തിയിരിക്കുന്ന സഭാ ഘടന എന്തൊക്കെയെന്ന് പരിശോധിക്കുക.
- ക്രിസ്തീയസമൂഹത്തിന് പൊതുസമൂഹത്തിന്റെ വിവിധ മേഖലകളിലെ സംഭാഷണത്തിന്റെയും അനുരഞ്ജനത്തിന്റെയും സാമൂഹ്യ സൗഹൃദത്തിന്റെയും പാതയിൽ എങ്ങനെ വിശ്വാസ്യതയുള്ള ഒരു പങ്കാളിയാകാം.
- വിവിധ ക്രൈസ്തവ സഭകളുമായും ഇതരമതസ്ഥരുമായും സാമൂഹ്യസാംസ്കാരിക ജനകീയ പ്രസ്ഥാനങ്ങളുമായും എങ്ങനെ നല്ല ബന്ധങ്ങൾ രൂപപ്പെടുത്താം.
- അടുത്തകാലത്ത് നടന്ന സിനഡ് അനുഭവങ്ങൾ എങ്ങനെ കൂടുതൽ പരിപോഷിപ്പിക്കാം.

## സിനഡ്: ആദ്യഘട്ടത്തിന്റെ ലക്ഷ്യം

ഓരോ പ്രാദേശിക സഭകളിൽ അഥവാ രൂപതകളിലാണ് സിനഡിന്റെ ആദ്യഘട്ടം (2021 ഒക്ടോബർ - 2022 ഏപ്രിൽ) നടക്കുക. വളരെ വ്യാപകമായ രീതിയിൽ പ്രാദേശിക സഭയുടെ വിവിധ തലങ്ങളിലും എല്ലാ ആളുകളിലും ഒരു കൂടിയാലോചന പ്രക്രിയ പരിപോഷിപ്പിക്കുക എന്നതാണ് ആദ്യഘട്ടത്തിന്റെ ലക്ഷ്യം. അതിലൂടെ സിനഡാത്മകതയുടെ വിവിധ രൂപഭാവങ്ങളും പ്രവർത്തനശൈലികളും ആഭിമുഖ്യങ്ങളും പരിഗണനാ വിഷയങ്ങളും ഏതുവിധത്തിൽ എത്രത്തോളം നമ്മുടെ പ്രാദേശികസഭയിൽ യാഥാർത്ഥ്യമായിരിക്കുന്നു എന്നറിയുകയും ഭാവിയിൽ അവ എങ്ങനെ കൂടുതൽ മെച്ചമായ രീതിയിൽ രൂപപ്പെടുത്തി നടപ്പിലാക്കാം എന്ന് കണ്ടെത്തുകയുമാണ്.

പരിശുദ്ധാത്മാവിന്റെയും ദൈവവചനത്തിന്റെയും പ്രവർത്തനത്തിലൂടെ സഭാസമൂഹം എപ്പോഴും സ്വയം നവീകരണത്തിന് വിളിക്കപ്പെടുന്നു. അതിനുതകുന്ന പരസ്പര ശ്രവണത്തിന്റെയും സംഭാഷണത്തിന്റെയും വിവേചിച്ചറിയലിന്റേതുമായ ഒരു പ്രക്രിയ അനിവാര്യമാണ്. അതിനുള്ള സാധ്യതയും അവസരവുമാണ് ഈ സിനഡ് ഇപ്പോൾ മുന്നട്ടുവച്ചിരിക്കുന്നത്.

ആദ്യഘട്ടത്തിൽ കൂടിയാലോചനകൾക്ക് അടിസ്ഥാനമാകേണ്ട പ്രധാന ചോദ്യം ഒരുക്കരേഖ നം.26 മുന്നോട്ടുവയ്ക്കുന്നുണ്ട്. "ഒരു സിനഡാത്മക സഭ സുവിശേഷ പ്രഘോഷണത്തിൽ ഒരുമിച്ച് യാത്ര ചെയ്യുന്നു. പ്രാദേശിക സഭയിൽ (തിരുവനന്തപുരം ലത്തീൻ അതിരൂപതയിൽ) ഈ ഒരുമിച്ചുള്ള യാത്ര ഇന്ന് എങ്ങനെയാണ് നടന്നുകൊണ്ടിരിക്കുന്നത്? ഈ ഒരുമിച്ചുള്ള യാത്രയിൽ വളരാൻ ഇനിയും എന്തൊക്കെ ചെയ്യാനാണ് പരിശുദ്ധാത്മാവ് നമ്മെ ക്ഷണിക്കുന്നത്?" ചുരുക്കത്തിൽ നിലവിലുള്ള അവസ്ഥയെ തിരിച്ചറിയുന്നതിനും ഭാവിയിലേക്കുള്ള പാത വെട്ടിത്തുറക്കുന്നതിനും ഇതൊരു വലിയ അവസരമാണ്.

## ഉപസംഹാരം

നമ്മുടെ അതിരൂപതയുടെ ഇന്നത്തെ സാചര്യത്തിൽ ഒരുമിച്ചുള്ള ഈ യാത്ര നമുക്കെങ്ങനെ ആസൂത്രണം ചെയ്ത് നടപ്പിലാക്കാം? ■



**'ഒരുമിച്ചുള്ള യാത്ര' എന്നാണ് 'സിനഡ്' എന്ന വാക്കിന്റെ മൂലാർഥം. ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്ന സിനഡിന്റെ ചർച്ചാവിഷയം 'സിനഡാത്മക സഭയ്ക്കായി: കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം' എന്നാണ്. സിനഡ് ചർച്ച ചെയ്യുന്നത് സിനഡാത്മകത (Synodality) എന്ന തത്വത്തിന്റെ പ്രായോഗിക മാനങ്ങളെക്കുറിച്ചാണ്.**

ഇഗ്നേഷ്യസ് തോമസ്

# അഞ്ചുതെങ്ങിൽ താമസിച്ചിരുന്ന ഒരു പോർച്ചുഗീസ് മെത്രാൻ

തിരുവനന്തപുരം അതിരൂപതയിൽപ്പെട്ട അഞ്ചുതെങ്ങ് ആസ്ഥാനമാക്കി കൊച്ചി രൂപതാ ഭരണത്തിന് നേതൃത്വം നൽകിയ ബിഷപ്പാണ് പോർച്ചുഗീസുകാരനായ ഡോം ക്ലെമന്റ് ലയ്ത്താവോ.

1663-ൽ ഡച്ചുകാർ കൊച്ചി അക്രമിച്ച് പോർച്ചുഗീസുകാരെ പരാജയപ്പെടുത്തി, ഈ പ്രദേശത്ത് മിഷണറി പ്രവർത്തനം നിരോധിച്ചശേഷം കൊച്ചി രൂപതാധ്യക്ഷനെന്ന നിലയിൽ അഞ്ചുതെങ്ങിൽ താമസിച്ച ബിഷപ്പ് ആണ് ഡോം ക്ലെമന്റ് ലയ്ത്താവോ. 1745 മുതൽ 1777 വരെയായിരുന്നു അദ്ദേഹത്തിന്റെ ഭരണകാലം. ഇദ്ദേഹത്തിന് മുൻപ് കൊച്ചി രൂപതാ മെത്രാന്മാരായി നിയമിക്കപ്പെട്ടവരെല്ലാം ഗോവയിലോ ലിസ്ബണിലോ താമസിച്ചുകൊണ്ട് രൂപതാ ഭരണം നിർവഹിക്കുകയായിരുന്നു ചെയ്തിരുന്നത്. മെത്രാന്മാരുടെ അസാന്നിധ്യത്തിൽ അവർ നിയമിച്ചിരുന്ന വികാരിമാരോ അഡ്മിനിസ്ട്രേറ്റർമാരോ മിഷൻ സുപ്പീരിയർമാരോ ആണ് രൂപതയുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിരുന്നത്.



മധ്യപോർച്ചുഗല്ലിലെ സെർനാക്കെ ഡൊബോൻ ജാർദിമിലിൽ ജനിച്ച ക്ലെമന്റ് ജോസഫ് കൊളാക്കോലയ്ത്താവോ ഈശോസഭയിൽ ചേർന്നാണ് വൈദികനായത്. ഇന്ത്യയിൽ മിഷനറി പ്രവർത്തനത്തിന് നിയോഗിക്കപ്പെട്ട അദ്ദേഹത്തെ 1745 മാർച്ച് 8-ാം തീയതി കൊച്ചി മെത്രാനായി നിയമിച്ചു. 1746 ഡിസംബർ 11 നായിരുന്നു മെത്രാഭിഷേകം. 1747 ഫെബ്രുവരി 25 ന് കൊച്ചി രൂപതാ മെത്രാനായി ചുമതലയേറ്റു. കൊച്ചിയും പരിസര പ്രദേശങ്ങളും ഡച്ച് ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ സമ്പൂർണാധിപത്യത്തിൻ കീഴിലായിരുന്നതിലാണ് തിരുവിതാംകൂർ രാജഭരണത്തിൽപ്പെട്ട അഞ്ചുതെങ്ങ് രൂപതാ ആസ്ഥാനമായി ബിഷപ്പ് ഡോം ക്ലെമന്റ് ലയ്ത്താവോ തെരഞ്ഞെടുത്തത്.

ധീരനും തീക്ഷ്ണമതിയുമായ ഒരു അജപാലകനായിരുന്നു ബിഷപ്പ് ലയ്ത്താവോ. 1752 ജനുവരി 14 ന് ദേവസഹായം പിള്ള ധീരരക്തസാക്ഷിത്വം വരിച്ച വിവരം അറിഞ്ഞയുടനെ തന്റെ ഭദ്രാസന ദേവാലയമായ അഞ്ചുതെങ്ങ് സെന്റ് പീറ്റേഴ്സ് കത്തീഡ്രലിൽ എത്തി ദൈവത്തിന് കൃതജ്ഞതയർപ്പിച്ചുകൊണ്ട് പൊന്തിഫിക്കൽ ദിവ്യബലി അർപ്പിക്കുകയും തദേവും (കൃതജ്ഞതാഗീതം) പാടുകയും ചെയ്തു. മാത്രമല്ല, തന്റെ അധികാര സീമയിൽപ്പെട്ട എല്ലാ ദേവാലയങ്ങളിലും ദേവസഹായം പിള്ളയുടെ രക്തസാക്ഷിത്വത്തിന് കൃതജ്ഞത അർപ്പിച്ച് ദിവ്യബലി അർപ്പിക്കാനും കൃതജ്ഞതാഗീതം ആലപിക്കാനും അദ്ദേഹം ആഹ്വാനം ചെയ്തു.

1756 നവം.15 ന് ബിഷപ്പ് ക്ലെമന്റ് ലെയ്ത്താവോ അദ്‌ലിമിന സന്ദർശനവേളയിൽ ബനഡിക്റ്റ് പതിനാലാമൻ പാപ്പക്ക് സമർപ്പിച്ച റിപ്പോർട്ടിൽ ദേവസഹായം പിള്ളയുടെ ജീവിതത്തേയും ധീരരക്തസാക്ഷിത്വത്തെ പറ്റി സവിസ്തരം പ്രതിപാദിച്ചിരുന്നു. ദേവസഹായത്തെ പഴയ നിയമത്തിലെ എലിയാസറിനോട് താരതമ്യം ചെയ്താണ് അദ്ദേഹം റിപ്പോർട്ട് സമർപ്പിച്ചത്.

ബിഷപ്പ് ക്ലെമന്റ് ലയ്ത്താവോയുടെ ഈ സാക്ഷ്യപത്രമാണ് ദേവസഹായത്തെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കുന്നതിനുള്ള ആധികാരികരേഖയായി സ്വീകരിക്കപ്പെട്ടത്. ദേവസഹായത്തിന്റെ വിശുദ്ധ ജീവിതവും ധീര രക്തസാക്ഷിത്വവും ലോകത്തിന് മുന്നിൽ അനാവരണം ചെയ്യുവാൻ ബിഷപ്പ് ക്ലെമന്റ് ലയ്ത്താവോക്ക് കഴിഞ്ഞുവെന്നത് ഒരു ദൈവനിയോഗമായിട്ടുവേണം കാണാൻ. മലയാളഭാഷ അനായാസേന കൈകാര്യം ചെയ്യാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. തിരുവിതാംകൂർ രാജാവുമായി അദ്ദേഹം മലയാളത്തിലാണ് ആശയവിനിമയം നടത്തിയിരുന്നത്. 1770 കളിൽ അഞ്ചുതെങ്ങിൽ നിന്ന് കൊല്ലം മൂതാക്കരയിലേക്ക് താമസം മാറ്റിയ ബിഷപ്പ് ക്ലെമന്റ് ലയ്ത്താവോ 1771 ജനുവരി 31 ന് നിര്യാതനായി. മൂതാക്കര സെന്റ് പീറ്റേഴ്സ് ദേവാലയത്തിലാണ് അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്നത്.

**വായന**

# അടിയാളപ്രേതം

അനിർവചനീയവും അവർണനീയവും അനന്യവുമായ വായനാനുഭവമാണ് പി.എഫ്. മാത്യൂസ് രചിച്ച 'അടിയാള പ്രേതം' എന്ന നോവൽ അനുവാചകർക്ക് പകർന്നുനൽകുന്നത്. 2020 ലെ മികച്ച നോവലിനുള്ള കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ച ഈ നോവൽ കൊച്ചിയിലും പരിസര പ്രദേശങ്ങളിലുമായി വസിക്കുന്ന തീരദേശ ജനതയുടെ ജീവിതത്തിന്റെയും ഭാഷാ ശൈലിയുടെയും നേർക്കാഴ്ചകളാണ്.




അതിനൂതനമായ ആഖ്യാന ശൈലിയാണ് നോവലിസ്റ്റ് സ്വീകരിച്ചിരിക്കുന്നത്. ആദിമധ്യാന്ത പൊരുത്തമുള്ളതായിരിക്കണം നോവലെന്ന ക്ലാസിക്കൽ നിർവചനത്തിന്റെ അതിർവരമ്പുകൾക്കുള്ളിൽ ഈ നോവലിനെ തളച്ചിടുക പ്രയാസമാണ്. ഒരു കാലഘട്ടത്തിലൂടെ സഞ്ചരിക്കുന്ന നോവലാണിത്. അത് നേർസഞ്ചാരമല്ല. മൂന്നുകാലങ്ങളിലാണ് ഈ കഥ സംഭവിക്കുന്നത്. ഇതിലെ കാലഘട്ടങ്ങളും വ്യക്തികളും സംഭവങ്ങളും എല്ലാം കുഴഞ്ഞുമറിഞ്ഞുകിടക്കുകയാണ്. ഏതാണ് ഭൂതം, ഏതാണ് ഭാവി, ഏതാണ് വർത്തമാനം എന്നു തിരിച്ചറിയാൻ കഴിയാത്ത വിധത്തിൽ തലകീഴായി ശയിക്കുന്നു.

അതിലളിതവും അതേസമയം അതിസങ്കീർണവും ആയ തലങ്ങളിലൂടെ കടന്നുപോകുന്ന ഈ നോവൽ ഒരു കുറ്റാന്വേഷണ കഥയുടെ രീതിയിലാണ് വികസിക്കുന്നത്. ആയതിനാൽ പുസ്തകം കൈയിലെടുത്താൽ അവസാന പുറം വരെ വായിക്കാൻ അനുവാചകനെ നിർബന്ധിക്കുന്ന വശ്യത ഈ കൃതിക്കുണ്ട്. കുറ്റാന്വേഷണ കൃതികളിൽ യുക്തിയും, താർക്കിക യുക്തിയും കുശാഗ്രബുദ്ധിയും ഒക്കെ ഉപയോഗിച്ചാണ് കുറ്റങ്ങൾ തെളിയിക്കപ്പെടുന്നത്. എന്നാൽ അടിയാള പ്രേതത്തിൽ ഇവയ്ക്കൊന്നും യാതൊരു സ്ഥാനവുമില്ലായെന്ന് ഓരോ അധ്യായവും കഴിയുമ്പോൾ മനസ്സിലാകും. ഇവിടെ കുറ്റാന്വേഷകനെ നയിക്കുന്നത് അയുക്തിയും ഭ്രമാത്മകതയുമാണ്. ഇത് വായനയിലൂടെ മാത്രമേ അനുഭവിക്കാൻ സാധിക്കൂ. അതും പല തവണയുള്ള വായന.

അരികുവൽക്കരിക്കപ്പെട്ടവരും അധഃസ്ഥിതരുമായ അടിസ്ഥാന ജനവിഭാഗങ്ങളുടെ ആകുലതകളും അടിമത്തവുമാണ് ഈ നോവലിന്റെ പ്രതിപാദ്യവിഷയം. നീതിക്കുവേണ്ടിയുള്ള അടിയാളരുടെ രോധനമാണ് ഈ നോവൽ മുഴുവൻ പ്രതിദ്ധ്വനിക്കുന്നത്. അടിയാളർ, നൂറ്റാണ്ടുകളായി നീളുന്ന ചങ്ങലകൾ പൊട്ടിച്ചെറിയാൻ നടത്തുന്ന അതികഠിന അന്വേഷണങ്ങളുടെയും പ്രതികാരത്തിന്റെയും ഭ്രമാത്മകതയാണ് ഈ നോവലിൽ ഉടനീളം നിറഞ്ഞുനിൽക്കുന്നത്. ജീവിച്ചിരിക്കുന്നവരും മരിച്ചവരും, യുക്തിവാദികളും ഭ്രാന്ത് പിടിച്ചവരുമൊക്കെ അയുക്തിയുടെ വിശാലമായ കളിത്തട്ടിൽ ആടിത്തിമിർക്കുന്നു. ധനം നേടിയെടുക്കാൻ



**ജോയി ഗോതുരുത്ത്**

സാത്താൻ പ്രീതിക്കായി നരബലിയും കൊലപാതക പരമ്പരകളും നടത്തുന്നവർക്ക് സംഭവിക്കുന്ന ദുരന്തങ്ങൾ അതികഠിനതയോടെ വിവരിക്കപ്പെട്ടിരിക്കുന്നു. പാപത്തിന്റെ ശമ്പളം മരണമാണ് എന്ന വചനം അന്വർത്ഥമാക്കപ്പെടുന്ന സംഭവപരമ്പരകൾ.

കുഞ്ഞുമാക്കോത എന്ന പറയസമുദായാംഗമായ പുരോഹിതൻ, അയാളെ അടയാളപ്പെടുത്തുന്ന പണ്ട്യാലക്കൽ അച്ചമ്പി മാപ്പ്ല എന്ന ധനാഢ്യൻ. പോർച്ചുഗീസുകാരൻ സാന്റിയാഗോ അല്മേഡ സായ്പ്, കുഞ്ഞുമാക്കോതയുടെ ഭാര്യ ചീര, പുതുതായി ചുമതലയേൽക്കുന്ന ഉണ്ണിച്ചെക്കൻ എന്ന പോലീസ് ഇൻസ്പെക്ടർ, സർക്കിൾ ഇൻസ്പെക്ടർ ബെഞ്ചമിൻ, യുക്തിവാദി കറുപ്പൻ, വില്യമച്ചൻ തുടങ്ങിയ കഥാപാത്രങ്ങൾ. പല കഥാപാത്രങ്ങളും ഒരേ സമയം ആത്മാക്കളുടെ ലോകത്തും ഭൗതിക ലോകത്തും വിരാജിക്കുന്നവർ. ആദ്യ പകുതിയിൽ ഉണ്ണിച്ചെക്കൻ എന്ന കഥാപാത്രമായിരുന്നു കഥയെ നയിച്ചത്. എന്നാൽ രണ്ടാം പകുതിയിൽ ഉണ്ണിച്ചെക്കൻ ഒരു മിത്ത് പോലെ ആയഥാർത്ഥ കഥാപാത്രമായി മാറുന്ന മാന്ത്രികത കാണാം. രണ്ടാം പകുതിയിൽ ബെഞ്ചമിൻ നായകത്വം ഏറ്റെടുക്കുന്നു. ക്രമബദ്ധമല്ലാത്ത സംഭവവികാസങ്ങളിലൂടെയാണ് നോവൽ മുന്നോട്ടും പുറകോട്ടും കാലരഥത്തിലൂടെ നീങ്ങുന്നത്. നമ്മെ മായികഭ്രമാത്മകതയുടെ അഗാധ ഗർത്തത്തിലേക്ക് തള്ളിയിട്ടുകൊണ്ടുമാത്രമല്ല, ആവർത്തിച്ചുള്ള വായന ആവശ്യപ്പെട്ടുകൊണ്ടുകൂടിയാണ് നോവൽ അവസാനിക്കുന്നത്.

കൊച്ചി പ്രദേശത്ത് ദീർഘകാലമായി നിലനിൽക്കുന്ന ഒരു മിത്തുണ്ട്. കാപ്പിരി മുത്തപ്പനെ സംബന്ധിച്ച ഐതിഹ്യവും കഥകളും കൊടുങ്ങല്ലൂർ കോട്ടപ്പുറം പ്രദേശത്തും നിലവിലുണ്ടായിരുന്നു. ഈ ഐതിഹ്യത്തിന്റെ അടിസ്ഥാനം പോർച്ചുഗീസുകാരുമായി ബന്ധപ്പെട്ടതാണ്. 1663 ലായിരുന്നു ഡച്ചുകാർ കൊച്ചി കീഴടക്കിയത്. അവരുടെ സമ്പത്ത് മുഴുവൻ ഉപേക്ഷിച്ചുവെറും കയ്യോടെ രക്ഷപ്പെടാനുള്ള അവസരം ഡച്ചുകാർ കൊടുക്കുന്നുണ്ട്. ഈ ഘട്ടത്തിൽ തങ്ങളുടെ സമ്പാദ്യങ്ങൾ നിധി കുംഭങ്ങളാക്കി കാത്തുസൂക്ഷിക്കാൻ തങ്ങളുടെ അടിമകളായ കാപ്പിരികളെ ഏൽപ്പിക്കുന്നു. അവരെ ബലിയർപ്പിച്ചുകൊണ്ടാണ് ഈ ദൗത്യത്തിന് ചുമതലപ്പെടുത്തുന്നത്. പോഞ്ഞിക്കര റാഫിയുടെ 'ഓരെപ്രനോബീസ്' എന്ന നോവലിന്റെ ഇതിവൃത്തം ഇതാണ്. ഇങ്ങനെ കൊല്ലപ്പെട്ടവരാണ് കാപ്പിരി മുത്തപ്പന്മാരായി മാറിയത്. നീണ്ടു കറുത്ത കോട്ടുധരിച്ചു ചുരുട്ടും പുകച്ചു രാത്രിയുടെ യാമങ്ങളിൽ ശിക്ഷകരായും രക്ഷകരായും ഇവർ പ്രത്യക്ഷപ്പെടാറുണ്ടത്രെ. ഈ മിത്താണ് ഈ നോവലിനെ ആദ്യവസാനം കോർത്തിണക്കുന്ന കഥാതന്തു.

കൃത്യഹസ്തനായ ഒരു സാഹിത്യകാരനാണ് പി.എഫ്. മാത്യൂസ്. എഴുതിയതിൽ മിക്കവാറും എല്ലാം തന്നെ പൊന്നാക്കാനുള്ള അസുലഭ ഭാഗ്യം അദ്ദേഹത്തിനുണ്ടെന്ന് പറയുന്നതിൽ അതിശയോക്തിയില്ല 'ചാവുനിലം'. 'ഇരുട്ടിലൊരു പുണ്യാളൻ' എന്നിവയ്ക്കുശേഷമുള്ള രചനയാണിത്. 'ഇരുട്ടിലൊരു പുണ്യാളൻ' എന്ന നോവലിന്റെ ശിഖരത്തിൽ ഉണ്ടായ സ്വതന്ത്ര സൃഷ്ടിയാണിതെന്ന് നോവലിസ്റ്റ് തന്നെ പറഞ്ഞിട്ടുണ്ട്. 'കടലിന്റെ മണം' എന്നത് ഏറ്റവും പുതിയ നോവലാണ്. 'മിഖായേലിന്റെ മക്കൾ' എന്ന സീരിയൽ തിരക്കഥയ്ക്കും 'കുട്ടിസ്രാങ്ക്', 'ഇ മ യൗ' എന്നീ സിനിമാ തിരക്കഥകൾക്കും അവാർഡുകൾ ലഭിച്ചിട്ടുണ്ട്. '13 കടൽകാക്കകളുടെ ഉപമ' എന്ന ചെറുകഥാ സമാഹാരത്തിനും അവാർഡ് ലഭിച്ചിട്ടുണ്ട്. എല്ലാ രചനകളിലും തീരദേശത്തിന്റെ ജീവിതവും ഭാഷയുമാണ് കാണാനാകുന്നത്. ഹൈക്കോടതിയിൽ ജീവനക്കാരനായിരുന്നു. കേരള ടൈംസ് പത്രത്തിൽ പ്രവർത്തിച്ചിട്ടുണ്ട്. ഇടപ്പള്ളി ഉണിച്ചിറയിലാണ് താമസം. ■

## ഡാനിയേലിന് ബോക്സിംഗിൽ സുവർണ നേട്ടം



തിരുവനന്തപുരം: ഇക്കഴിഞ്ഞ സംസ്ഥാനതല ബോക്സിംഗ് മത്സരത്തിൽ സബ്ജൂനിയർ 64 കിലോ വിഭാഗത്തിൽ ഡാനിയേൽ ജസ്റ്റിൻ സ്വർണം നേടി. വലിയതോപ്പ് സെന്റ് ആൻസ് ഇടവകാംഗങ്ങളായ ജസ്റ്റിൻ വിൻ-മേരി ബിന്ദു ദമ്പതികളുടെ മകനാണ് ഡാനിയേൽ. വെട്ടുകാട് സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിലെ ഒൻപതാംക്ലാസ് വിദ്യാർഥിയായ ഡാനിയേൽ 2021 സെപ്തംബറിൽ നടന്ന ജില്ലാ സബ്ജൂനിയർ ബോക്സിംഗ് മത്സരത്തിൽ 45 കിലോ വിഭാഗത്തിൽ സ്വർണം നേടിയിരുന്നു.


## 50-ാം വിവാഹവാർഷികം



**അലോഷ്യസ്** **ജൂലിയറ്റ്**

*(കിള്ളിപ്പാലം ഇടവകാംഗങ്ങൾ)*

2021 നവംബർ 4 -ാം തീയതി 50 -ാം വിവാഹവാർഷികം ആഘോഷിക്കുന്ന ഡാഡിക്കും മമ്മിക്കും പ്രാർഥനാശംസകൾ...

**മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ**




## അഭിനന്ദനങ്ങൾ



കേരള സർവകലാശാല 2021 ൽ നടത്തിയ എംഎസ്സി (ജ്യോഗ്രഫി) പരീക്ഷയിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ മേരി ആൻ. കിള്ളിപ്പാലം ഇടവകാംഗങ്ങളായ സാബുവിന്റെയും മേരി കാഞ്ചനയുടെയും മകളാണ്.



കേരള ആരോഗ്യ സർവകലാശാല 2021 ൽ നടത്തിയ എം.ഡി (പീഡിയാട്രിക്) പരീക്ഷയിൽ മൂന്നാം റാങ്ക് കരസ്ഥമാക്കിയ ഡോ. അനീറ്റ ജെ. പള്ളത്ത്. കിള്ളിപ്പാലം ഇടവകാംഗങ്ങളായ ജോസഫിന്റെയും ലീമ പീറ്ററിന്റെയും മകളാണ്.



2021 ജനുവരിയിൽ കണ്ണൂരിൽവച്ച് നടന്ന 45-ാമത് സംസ്ഥാനതല പവർ ലിഫ്റ്റിംഗ് ചാമ്പ്യൻഷിപ്പിൽ (69 കിലോ) ഒന്നാംസ്ഥാനം നേടിയ രാജിമോൾ പി. തിരുവനന്തപുരം ജില്ലാതല സ്ട്രോംഗ് വുമൺ ആയും തെരഞ്ഞെടുക്കപ്പെട്ട രാജി കിള്ളിപ്പാലം ഇടവകാംഗങ്ങളായ ചന്ദ്രന്റെയും പത്മകുമാരിയുടെയും മകളാണ്.

ഇവരെ കിള്ളിപ്പാലം സെന്റ് ജൂഡ് ഇടവക വികാരി ഫാ. ശാന്തപ്പന്റെ നേതൃത്വത്തിൽ ഇടവക ആദരിച്ചു.



*ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതി ആർച്ച്ബിഷപ്പ് ഡോ. ലെയോ ബോൾഡ് ജീരെല്ലി പാളം സെന്റ് ജോസഫ്സ് കത്തീഡ്രൽ ദേവാലയത്തിൽ ദിവ്യബലി അർപ്പിക്കുന്നു*

## വത്തിക്കാൻ സ്ഥാനപതി അതിരൂപതയിൽ

തിരുവനന്തപുരം: ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതി ആർച്ച്ബിഷപ്പ് ഡോ. ലെയോ ബോൾഡ് ജീരെല്ലി. തിരുവനന്തപുരം അതിരൂപതയിൽ സന്ദർശനം നടത്തി. സന്ദർശനത്തിന്റെ ഭാഗമായി പാളയം സെന്റ് ജോസഫ് ത്തീഡ്രൽ ദേവാലയത്തിൽ അദ്ദേഹം ദിവ്യബലിയർപ്പിച്ചു. തിരുവനന്തപുരം അതിരൂപതാ അധ്യക്ഷൻ ഡോ. സൂസപാക്യം, സഹായമെത്രാൻ ഡോ. ആർ. ക്രിസ്തുദാസ്, കോട്ടാർ ബിഷപ്പ് ഡോ. നാസ റെയ്ൻ സൂസ എന്നിവരോടൊപ്പമാണ് സ്ഥാനപതി ദിവ്യബലി അർപ്പിച്ചത്. വെട്ടുകാട്, വലിയവേളി ദേവാലയങ്ങളിലും അദ്ദേഹം സന്ദർശനം നടത്തി.



*സിനഡിന്റെ തിരുവനന്തപുരം അതിരൂപതാതല ഉദ്ഘാടനം പാളയം സെന്റ് ജോസഫ് കത്തീഡ്രലിൽ അതിരൂപതാ അധ്യക്ഷൻ ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം നിർവഹിക്കുന്നു*

## സിനഡിന് അതിരൂപതാതല തുടക്കമായി

തിരുവനന്തപുരം: 2021 ഒക്ടോബർ 9 ന് ഫ്രാൻസിസ് പാപ്പ തുടക്കംകുറിച്ച സാധാരണ സിനഡിന്റെ തിരുവനന്തപുരം അതിരൂപതാതല ഉദ്ഘാടനം പാളയം സെന്റ് ജോസഫ് കത്തീഡ്രലിൽ വച്ച് അതിരൂപതാ അധ്യക്ഷൻ ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം നിർവഹിച്ചു.

പരിശുദ്ധാത്മാവ് നൽകുന്ന വെളിച്ചത്തിൽ യേശുവാകുന്ന വഴിയിലൂടെ കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം എന്നീ മൂല്യങ്ങൾ മുറുകെ പിടിച്ച് കൂട്ടായി ദൈവരാജ്യത്തിലേക്ക് യാത്ര ചെയ്യുവാൻ മെത്രാപ്പൊലീത്ത വിശ്വാസികളെ ആഹ്വാനം ചെയ്തു.

അതിരൂപതാ വികാരി ജനറൽ മോൺ. സി. ജോസഫ്, അജപാലന ശുശ്രൂഷാ ഡയറക്ടർ ഫാ. ഡാർവിൻ പീറ്റർ, കത്തീഡ്രൽ വികാരി മോൺ. നിക്കോളാസ് ജുഡീഷ്യൽ വികാരി ഫാ. ജോസ് ജി., ഫെറോന വികാരി ഫാ. ഹൈസന്ത് എം. നായകം എന്നിവർ ചടങ്ങിൽ പങ്കെടുത്തു

## ഭവനം ഒരു സമ്മാനം പദ്ധതിയിൽ ഒരുവീടുകൂടി

തിരുവനന്തപുരം: തിരുവനന്തപുരം അതിരൂപത രൂപം നൽകി നടപ്പാക്കുന്ന ഭവനം ഒരു സമ്മാനം പദ്ധതിയുടെ നാലാംഘട്ടത്തിൽ പുത്തൻതോപ്പിൽ പണിപൂർത്തിയാക്കിയ വീടിന്റെ താക്കോൽദാനം ഇടവകയിലെ ലിസി പെരേരയ്ക്ക് നൽകി അതിരൂപതാ അധ്യക്ഷൻ ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം നിർവഹിച്ചു. പുത്തൻതോപ്പ് ഇടവകയുടെയും റ്റിഎസ്എസ്എസിന്റെയും ആഭിമുഖ്യത്തിലാണ് ഭവനനിർമാണം പൂർത്തിയാക്കിയത്.



*ഭവനം ഒരു സമ്മാനപദ്ധതിയുടെ ഭാഗമായി പുത്തൻതോപ്പ് ഇടവകയിൽ പണികഴിപ്പിച്ച ഭവനം ഇടവകാംഗമായ ലിസി പെരേരയ്ക്ക് ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം തുറന്നുനൽകുന്നു*

## ഭിന്നശേഷിക്കാർക്കായി 'ദയ' സ്റ്റോൾ ഉദ്ഘാടനം ചെയ്തു

പരുത്തിയൂർ: ഭിന്നശേഷിക്കാർക്കായി പരുത്തിയൂർ ഇടവകയിൽ റ്റിഎസ്എസ്എസിന്റെ കീഴിൽ പ്രവർത്തനം ആരംഭിച്ച ഭക്തവസ്തുക്കളുടെ വിൽപ്പനശാല 'ദയ' ഉദ്ഘാടനം ചെയ്തു. ഭിന്നശേഷിക്കാർക്ക് കൈത്താങ്ങാകുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച 'ദയ' സ്റ്റോൾ തിരുവനന്തപുരം അതിരൂപതാ സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് തുറന്നുകൊടുത്തു. ദൈവേഷ്ടം നിറവേറ്റുന്ന മാതൃകാപരമായ കാരുണ്യപ്രവർത്തിയാണ് ഇതരത്തിൽ ഉള്ള സംരംഭങ്ങൾ എന്ന് ബിഷപ്പ് ഓർമ്മിപ്പിച്ചു. ടി.എസ്.എസ്. ഡയറക്ടർ ഫാ. സാബാസ് ഇഗ്നേഷ്യസ്, പുല്ലുവിള ഫെറോന വികാരി, ഫാ. സിൽവെസ്റ്റർ കുരിശ്, പൂവാർ ഇടവക വികാരി ഫാ. അനീഷ് ഫെർണാണ്ടസ് എന്നിവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.



*'ദയ' സ്റ്റോളിന്റെ കൂദാശാകർമ്മം അതിരൂപത സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് നിർവഹിക്കുന്നു*



*നിസാമാബാദിൽ നടന്ന ആൾ ഇന്ത്യ ഇൻവിറ്റേഷൻ ഫുട്ബോൾ മത്സരത്തിൽ മൂന്നാംസ്ഥാനം നേടിയ തിരുവനന്തപുരം അതിരൂപതാ ഫുട്ബോൾ അക്കാദമി (ലിഫ) ടീം അംഗങ്ങൾ*

## ഫാ. മരിയ മൈക്കിളിന് ഡോക്ടറേറ്റ്



തിരുവനന്തപുരം: 'യോഹന്നാൻ സുവിശേഷത്തിൽ പ്രകാശിതമാകുന്ന ഈശോയുടെ നേതൃത്വം' എന്ന വിഷയത്തിൽ നടത്തിയ ഗവേഷണ പഠനത്തിന് അതിരൂപതാംഗമായ ഫാ. മരിയ മൈക്കിളിന് ഡോക്ടറേറ്റ് ലഭിച്ചു. ബെൽജിയത്തിലെ ലുവെയ്ൻ യൂണിവേഴ്സിറ്റിയിൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി ഗവേഷക വിദ്യാർത്ഥിയായിരുന്നു ഡോ. മരിയ മൈക്കിൾ. ബൈബിൾ പഠനരംഗത്തെ മുൻനിരയൂണിവേഴ്സിറ്റികളിലൊന്നാണ് ലൂവേയ്ൻ യൂണിവേഴ്സിറ്റി.



*സെന്റ് ആൻഡ്രൂസ് ഇടവകയിൽ നടന്ന പ്രവാസി ദിനാചരണം ഇടവക വികാരി ഫാ. ജെറോം ഫെർണാണ്ടസ് ഉദ്ഘാടനം ചെയ്യുന്നു*

# അന്താരാഷ്ട്ര പ്രവാസി - അഭയാർത്ഥി ദിനാചരണം

തിരുവനന്തപുരം: ആഗോള കത്തോലിക്കാസഭ അന്താരാഷ്ട്രതലത്തിൽ ആചരിക്കുന്ന 107-ാമത് അന്താരാഷ്ട്ര പ്രവാസി-അഭയാർത്ഥിദിനം തിരുവനന്തപുരം അതിരൂപതയിൽ പ്രവാസികാര്യ കമ്മിഷന്റെ ആഭിമുഖ്യത്തിൽ അതിവിപുലമായ പരിപാടികളോടെ ആചരിച്ചു.

പ്രവാസികളേയും പ്രവാസികളായവരേയും പ്രവാസ ജീവിതത്തിൽ നിന്ന് വിരമിച്ച് വിശ്രമ ജീവിതം നയിക്കുന്നവരേയും ഒരുമിച്ചുകൂട്ടിയാണ് ഇടവകതലത്തിൽ പ്രവാസി ദിനാചരണം സംഘടിപ്പിച്ചത്. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചാണ് ആചരണ പരിപാടികൾ വിവിധ ഇടവകകളിൽ നടന്നത്.

പുല്ലുവിള ഫെറോനയിലെ പള്ളം, പുതിയതുറ, പേട്ട ഫെറോനയിൽ മുട്ടട, പോങ്ങുംമൂട്, പേട്ട, വലിയതുറ ഫെറോനയിൽ കൊച്ചുവേളി ചെറിയതുറ, വെട്ടുകാട്, കൊച്ചുതോപ്പ്, ചെറുവെട്ടുകാട്, പാളയം ഫെറോനയിൽ പുന്നയ്ക്കാമുകൾ, മലമുകൾ, പാളയം, പുതുക്കുറിച്ചി ഫെറോനയിൽ തുമ്പ, മരിയനാട്, പുതുക്കുറിച്ചി, സെന്റ് ആൻഡ്രൂസ് തുടങ്ങിയ ഇടവകകളിൽ ദിവ്യബലി കാരുണ്യ പ്രവർത്തികൾ എന്നിവയോടുകൂടിയാണ് പ്രവാസി ദിനാചരണം സംഘടിപ്പിച്ചത്. വിവിധ ഇടവകകളിൽ പ്രവാസി ദിനാചരണത്തിന് പ്രവാസി കമ്മിഷൻ എക്സിക്യൂട്ടീവ് സെക്രട്ടറി ഫാ. ജോൺഡാൾ, കോഡിനേറ്റർ സിസ്റ്റർ സുജതോമസ്, പാളയം ഫെറോന കോർഡിനേറ്റർ ഫാ. ഗ്ലാഡിൻ അലക്സ്, ഫാ. ഫ്രഡി സോളമൻ, ഫാ. ജെറോം ഫെർണാണ്ടസ് തുടങ്ങിയവർ നേതൃത്വം നൽകി. പ്രവാസി ദിനാചരണത്തിന്റെ ഭാഗമായി ഭവന സന്ദർശനം, ധനസഹായ വിതരണം ദീർഘകാലം പ്രവാസ ജീവിതം നയിച്ചവരെ ആദരിക്കൽ, വസ്ത്രവിതരണം, ബോധവൽക്കരണ ക്ലാസുകൾ എന്നിവയും നടന്നു.

# ആഗോള പ്രവാസി ദിനാചരണം ദുബായിൽ നടന്നു

ദുബായ്: ആഗോള പ്രവാസി ദിനാചരണം ദുബായിൽ 'സൂം പ്ലാറ്റ്ഫോമി'ൽ സമുചിതമായി ആചരിച്ചു. കൂടുതൽ വിശാലമായ 'നമ്മിലേക്ക്' എന്ന ഫ്രാൻസിസ് പാപ്പയുടെ സന്ദേശം ആയിരുന്നു ഈ വർഷത്തെ ആഗോള പ്രവാസി ദിനത്തിന്റെ ആപ്തവാക്യം. കോഴിക്കോട് രൂപതാ മെത്രാനും കെആർഎൽസിബിസി മൈഗ്രന്റ്സ് കമ്മീഷൻ വൈസ് ചെയർമാനുമായ ബിഷപ്പ് ഡോ.വർഗീസ് ചക്കാലക്കൽ വെബിനാർ ഉദ്ഘാടനം ചെയ്തു. മീറ്റിംഗിൽ കെആർഎൽസിസി ദുബായ് പ്രസിഡന്റ് മരിയദാസ് കെ. അധ്യക്ഷത വഹിച്ചു. പുനലൂർ രൂപതാ മെത്രാനും കെആർഎൽസിബിസി മൈഗ്രന്റ്സ് കമ്മീഷൻ വൈസ് ചെയർമാനുമായ ബിഷപ്പ് ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ അനുഗ്രഹ പ്രഭാഷണം നടത്തി.

ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യത്തിന്റെ കർമ്മവീഥിയെ അടയാളപ്പെടുത്തുന്ന "ഇടയവീഥിയിലെ സൂര്യ തേജസ്" എന്ന പുസ്തകം യു.എ.ഇ. തലത്തിൽ പ്രകാശനം ചെയ്തു. ഫാ. ലെനി കോന്നുള്ളി, ഫാ. അലക്സ് വാച്ചാപറമ്പിൽ, ഫാ. അരുൺ രാജ് , ഫാ. മെട്രോ സേവ്യർ , ജോസഫ് ജൂഡ്, അനിൽ കുമാർ, ബിബിൻ ജോസഫ്, ബിബിയാൻ ബാബു എന്നിവർ സംസാരിച്ചു. കേരള സർക്കാരിന്റെ കീഴിലുള്ള നോർക്കയിലെ സേവനങ്ങളെപ്പറ്റി നോർക്ക റൂട്ട്സ് ജനറൽ മാനേജർ അജിത് കൊളാശ്ശേരി ക്ലാസ് നയിച്ചു.

# സെന്റ് വിൻസന്റ് ഡി. പോളിന്റെ തിരുനാൾ ആഘോഷിച്ചു

തിരുവനന്തപുരം: സെന്റ് വിൻസന്റ് ഡിപോളിന്റെ തിരുനാൾ വിവിധ പരിപാടികളോടെ സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റി തിരുവനന്തപുരം സെൻട്രൽ കൗൺസിലിന്റെ കീഴിലുള്ള വിവിധ കോൺഫറൻസുകളിൽ ആഘോഷിച്ചു.

സെൻട്രൽ കൗൺസിലിന്റെ കീഴിൽ ആഴാകുളത്ത് പ്രവർത്തിക്കുന്ന ആതുരാലയത്തിൽ നടന്ന തിരുന്നാളാഘോഷത്തിന് സെൻട്രൽ കൗൺസിൽ പ്രസിഡന്റ് ഡി. ഫ്രാൻസിസ്, വൈസ് പ്രസിഡന്റ് സഖറിയാസ്, തങ്കസ്വാമി, സി. അനീറ്റ, സി. ജസീന്ത, സി. ബ്രിജിറ്റ് എന്നിവർ നേതൃത്വം നൽകി. ഫാ. മോൻസി. ഐവിഡി, തിരുന്നാൾ ദിവ്യബലി അർപ്പിച്ചു.

ഇടയാർ വ്യാകുലമാതാ കോൺഫറൻസിന്റെ തിരുനാളാഘോഷ പരിപാടികൾ സെൻട്രൽ കൗൺസിൽ വൈസ് പ്രസിഡന്റ് സഖറിയാസ് ഉദ്ഘാടനം ചെയ്തു. കോൺഫറൻസ് പ്രസിഡന്റ് ജസീന്ത അധ്യക്ഷയായിരുന്നു. പതിനൊന്ന് വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകി.

വെട്ടുകാട് ഇടവകയിൽ മൂന്ന് കോൺഫ്രൻസുകളുടെ സംയുക്താഭിമുഖ്യത്തിൽ തിരുന്നാളാഘോഷം നടന്നു. ഇടവക വികാരി ഫാ. ജോർജ് ഗോമസ് പരിപാടികൾ ഉദ്ഘാടനം ചെയ്തു. 50 നിർധന കുടുംബങ്ങൾക്ക് ഭക്ഷണ കിറ്റുകൾ വിതരണം ചെയ്തു.

കരുംകുളം ഔവർ ലേഡി ഓഫ് ഫാത്തിമ യുവജന കോൺഫ്രൻസിന്റെ തിരുന്നാളാഘോഷം ഇടവക വികാരി ഫാ. അഗസ്റ്റിൻ ജോൺ ഉദ്ഘാടനം ചെയ്തു. 15 മത്സ്യക്കച്ചവട സ്ത്രീകൾക്ക് വായ്പാ സഹായം വിതരണം ചെയ്തു.

പൂന്തുറ സെന്റ് ബനഡിക്ട് വലിയതോപ്പ് ഔവർ ലേഡി ഓഫ് ഗുഡ് ഡെത്ത് എന്നീ കോൺഫ്രൻസുകളുടെ സംയുക്താഭിമുഖ്യത്തിൽ നടന്ന ആഘോഷം ഫാ. എഡിസൺ ഉദ്ഘാടനം ചെയ്തു. പൂന്തുറ ഇടവകയിലെ 7 നിർധന വിദ്യാർഥികൾക്ക് മൊബൈൽ ഫോൺ നൽകി.

മാർത്താണ്ഡം തുറ സെന്റ് ലൂർദ് വനിതാ കോൺഫറൻസിന്റെ ആഘോഷ പരിപാടികൾ ഇടവക വികാരി ഫാ. അസ്സീസി ഉദ്ഘാടനം ചെയ്തു. ഏഴ് വനിതകൾക്ക് പലിശ രഹിതവായ്പ വിതരണം ചെയ്തു.

പുതിയതുറ ഏരിയ കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന സെന്റ് നിക്കോളാസ് കോൺഫറൻസിന്റെ വാർഷികവും സെന്റ് വിൻസന്റ് ഡി പോൾ ദിനവും ആഘോഷിച്ചു. പ്രസിഡന്റ് ഫ്രാൻസിസിന്റെ അധ്യക്ഷതയിൽ കൂടിയ യോഗം ഇടവക വികാരി ഫാ. സജു റോൾഡൻ ഉദ്ഘാടനം ചെയ്തു. എസ്എസ്എൽസി, പ്ലസ്-ടു, ഡിഗ്രി ടെക്നിക്കൽ കോഴ്സുകൾ എന്നിവയിൽ ഉന്നതവിജയം കരസ്ഥമാക്കിയ 27 വിദ്യാർഥികളെ ക്യാഷ് അവാർഡ് നൽകി ആദരിച്ചു.

കരുംകുളം ഏരിയ കൗൺസിലിലെ തെക്കേ കൊല്ലങ്കോട് പരുത്തിയൂർ, വലിയതോപ്പ് എന്നീ ഇടവകകളിലെ കോൺഫറൻസുകൾ സംയുക്തമായി എ.സി. പ്രസിഡന്റ് ജോൺസന്റെ അധ്യക്ഷതയിൽ സംഘടിപ്പിച്ച യോഗം ഫാ. ജേക്കബ് സ്റ്റെല്ലസ് ഉദ്ഘാടനം ചെയ്തു. സാധുക്കളായ 4 വിദ്യാർഥികൾക്ക് മൊബൈൽ ഫോൺ നൽകി. സി.സി. പ്രസിഡന്റ് ഡി. ഫ്രാൻസിസ്, സെബാസ്റ്റ്യൻ ക്ലമന്റ് ടോം സാബു എന്നിവർ പ്രസംഗിച്ചു.



*സെന്റ് വിൻസന്റ് ഡി പോളിന്റെ തിരുനാൾ ആഘോഷത്തോടനുബന്ധിച്ച് വെട്ടുകാട് ഇടവകയിലെ നിർധനകുടുംബങ്ങൾക്ക് നൽകിയ സഹായധനത്തിന്റെ ഉദ്ഘാടനം ഇടവക വികാരി ഡോ. ജോർജ് ഗോമസ് നിർവഹിക്കുന്നു*

## ഇടിക്കൂട്ടിൽ നിന്ന് വിഴിഞ്ഞത്തിന് സ്വർണം ഉൾപ്പെടെ മൂന്നു മെഡലുകൾ

വിഴിഞ്ഞം: തീരദേശത്തെ ചുണക്കുട്ടികൾ ദേശീയതലത്തിൽ നടന്ന ചെസ്ബോക്സിംഗിൽ ഒരുസ്വർണം ഉൾപ്പെടെ മൂന്നുമെഡലുകൾ നേടി. പശ്ചിമബംഗാളിൽ നടന്ന ദേശീയ ചെസ് ബോക്സിംഗിലാണ് വിഴിഞ്ഞം സ്വദേശികളായ മൂന്നു കുട്ടികൾ മെഡൽ നേടിയത്. ഇവരിൽ രണ്ടുപേർ സഹോദരങ്ങളാണ്. 35 കിലോ വിഭാഗത്തിൽ വിഴിഞ്ഞം സ്വദേശികളായ അരുൾദാസിന്റെയും പനിയമ്മയുടെയും മകനായ ക്രിസ്റ്റിയാനോയാണ് (10) സ്വർണമെഡലിന് ഉടമയായത്. വിഴിഞ്ഞം സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിലെ അഞ്ചാംക്ലാസ് വിദ്യാർഥിയാണ് ക്രിസ്റ്റിയാനോ.

സീനിയർ പെൺകുട്ടികളുടെ വിഭാഗത്തിലാണ് വിഴിഞ്ഞം സ്വദേശി ജോർജ്ജ് ഡെയ്സി ദമ്പതികളുടെ മകളായ ജോഷ്ല യും 50 കിലോ വിഭാഗത്തിൽ ജോഷ്ലയുടെ സഹോദരൻ ജോഷനും വെങ്കലമെഡലുകൾ നേടിയത്. വിഴിഞ്ഞം സി ഫൈറ്റേഴ്സ് ബോക്സിംഗ് ക്ലബ് പരിശീലകൻ പ്രിയൻ റോമന്റെ നേതൃത്വത്തിലാണ് ഇവർ മത്സരത്തിൽ പങ്കെടുത്തത്.



## ഡോ. സാബാസ് ഇഗ്നേഷ്യസ് 'കടൽ' ഡയറക്ടർ

കെ ആർ എൽ സി സി യുടെ നേതൃത്വത്തിലുള്ള കോസ്റ്റൽ ഏരിയ ഡവലപ്പ്മെന്റ് ഏജൻസി ഫോർ ലിബറേഷൻ (കടൽ) ഡയറക്ടർ ആയി ഡോ. സാബാസ് ഇഗ്നേഷ്യസ് നിയമിതനായി. തീരദേശത്തിന്റെയും തീരദേശ ജനതയുടേയും സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള ഗവേഷണവും പഠനങ്ങളും പ്രശ്ന പരിഹാര നിർദ്ദേശങ്ങളും രൂപപ്പെടുത്തുകയുമാണ് 'കടൽ' ലക്ഷ്യമിടുന്നത്. തിരുവനന്തപുരം അതിരൂപതാംഗമായ ഫാ. സബാസ് തിരുവനന്തപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ കൂടിയാണ്.

ഏഴു വർഷക്കാലം ഡയറക്ടറായിരുന്ന ഡോ. അന്റണിറ്റോ പോൾ സ്ഥാനമൊഴിഞ്ഞ സാഹചര്യത്തിലാണ് ഫാ. സാബാസ് നിയമിതനായത്.

## മോണിക്ക നെൽസന് ബോക്സിംഗിൽ സ്വർണം

കേരള സ്റ്റേറ്റ് ബോക്സിങ് സബ് ജൂനിയർ വിഭാഗത്തിൽ സ്വർണ്ണ നേട്ടവുമായി തിരുവനന്തപുരം ലത്തീൻ അതിരൂപത അംഗമായ മോണിക്ക നെൽസൺ. വെങ്ങാനൂർ മോഡൽ ഹയർ സെക്കന്ററി സ്കൂളിലെ ആറാം ക്ലാസ് വിദ്യാർഥിനിയാണ് മോണിക്ക. വിഴിഞ്ഞം പരിശുദ്ധ സിന്ധുയാത്ര മാതാ ഇടവക അംഗങ്ങളായ നെൽസൺ ബിന്ദു ദമ്പതികളുടെ രണ്ടു മക്കളിൽ ഇളയകുട്ടിയാണ് മോണിക്ക. ഡോറിയൻ ആണ് സഹോദരൻ.





*ഡിഫെൻസ് പരിശീലന പരിപാടിയുടെ ഉദ്ഘാടനം അതിരൂപതാ വിദ്യാഭ്യാസ ഡയറക്ടർ ഫാ. മെൽക്കൺ നിർവഹിക്കുന്നു*

# ഡിഫെൻസ് പരിശീലന പദ്ധതിക്ക് തുടക്കമായി

പുല്ലുവിള: പുല്ലുവിള ഫെറോന വിദ്യാഭ്യാസ ശുശ്രൂഷ സമിതിയുടെ നേതൃത്വത്തിൽ വിദ്യാർഥികൾക്കായുള്ള ഡിഫെൻസ് പരിശീലന പദ്ധതിക്ക് തുടക്കം കുറിച്ചു. തീരദേശ മേഖലയിലെ കുട്ടികളെ ഇന്ത്യയുടെ വിവിധ സേനവിഭാഗങ്ങളിൽ എത്തിക്കുന്നതിനു വേണ്ടി എഴുത്തു പരീക്ഷയ്ക്കും ശാരീരിക ക്ഷമത പരീക്ഷയ്ക്കും പരിശീലനവും പിന്തുണയും നൽകുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഫെറോന വിദ്യാഭ്യാസ ശുശ്രുഷ സമിതി ഈ പരിപാടിക്ക് തുടക്കംക്കുറിച്ചത്. പരിശീലന പരിപാടിയുടെ ഉദ്ഘാടനം അതിരൂപത വിദ്യാഭ്യാസ ഡയറക്ടർ ഫാ. മെൽക്കൺ നിർവഹിച്ചു.

കായിക ശേഷിയും അഭിരുചിയും വിദ്യാഭ്യാസവുമുള്ള യുവതി യുവാക്കൾ ഈ മേഖലയിലെ ഉയർന്ന തസ്തികകളിൽ എത്തിപ്പെടണമെന്നും ഇതിന് തീഷ്ണമായ പരിശ്രമവും ഇച്ഛാശക്തിയും ഉണ്ടാകണമെന്നും ഫാ. മെൽക്കൺ പറഞ്ഞു. ഫെറോന വിദ്യാഭ്യാസ കോർഡിനേറ്റർ ഫാ. പ്രദീപ് ജോസഫ്അധ്യക്ഷത വഹിച്ചു.

സൈനിക അർദ്ധ സൈനിക വിഭാഗങ്ങളിലെ വിവിധങ്ങളായ തൊഴിലവസരങ്ങളെക്കുറിച്ചും നേട്ടങ്ങളെക്കുറിച്ചും തൊഴിൽ ലഭ്യതയ്ക്ക് വേണ്ട മാനദണ്ഡങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കരസേന വ്യാമസേന നാവികസേന മേഖലകളിലെ ഉദ്യോഗസ്ഥരായ ജൂസ ഫെർണാണ്ടസ്, ജോമോൻ എന്നിവർ ക്ലാസുകൾ നടത്തി.

# പരുത്തിയൂർ ഇടവകയിൽ 'സാപ്യൻസ' വിദ്യാഭ്യാസ സെന്റർ ആരംഭിച്ചു

പരുത്തിയൂർ: ഇടവകയിലെ ഭാവി തലമുറയുടെ വിദ്യാഭ്യാസം, വ്യക്തിത്വ വികസനം, കലാവാസന എന്നിവ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സാപിയൻസ എഡ്യുസെന്റർ ആരംഭിച്ചു. പരുത്തിയൂർ വി. മരിയ മഗ്ദലേന ഇടവകയിലെ വിദ്യാഭ്യാസ സമിതിയുടെ കീഴിൽ ആരംഭിച്ച സെന്റർ അതിരൂപതാ വിദ്യാഭ്യാസ ശുശ്രൂഷ ഡയറക്ടർ ഫാ. മെൽക്കൺ ഉത്ഘാടനം ചെയ്തു. പുല്ലുവിള ഫെറോന വികാരി ഫാ. സിൽവസ്റ്റർ കുരിശ് ആശീർവാദ കർമ്മവും വെബ്സൈറ്റ് പ്രകാശനവും നിർവഹിച്ചു. പുല്ലുവിള ഫെറോന വിദ്യാഭ്യാസ ശുശ്രൂഷ കോഡിനേറ്റർ ഫാ. പ്രദീപ് ബ്രൗഷർ പ്രകാശനം ചെയ്തു. ബ്ലോക്ക്, പഞ്ചായത്ത്, ഇടവക പ്രതിനിധികളും സന്നിഹിതരായിരുന്നു. പരിശീലന പരിപാടിയുടെ ഭാഗമായി നിർദ്ധനരായ വിദ്യാർത്ഥികൾക്കായുള്ള പഠനോപകരണ വിതരണവും നടന്നു.

## കാനൻ ലോ

ഫാ. ജോസ് ജി.
ജുഡീഷ്യൽ വികാർ



# സാധുതയുള്ള ജ്ഞാനസ്നാനവും അതിന്റെ ഫലങ്ങളും

കത്തോലിക്കാ സഭ അംഗീകരിക്കുന്ന, കത്തോലിക്കാ സഭയിലെയും അകത്തോലിക്കാ സഭകളിലെയും, ജ്ഞാനസ്നാനങ്ങളെയാണ് സാധുതയുള്ള ജ്ഞാനസ്നാനം (Valid Baptism) എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. ജ്ഞാനസ്നാന കർമ്മം ആഘോഷപൂർവ്വകമായ കർമ്മമാണ്. ഈ ആഘോഷം കത്തോലിക്കാ സഭയിലെ വിവിധ റീത്തുകളിലും അകത്തോലിക്കാ സഭകളിലും വ്യത്യസ്ത രീതികളിൽ നിർവ്വഹിച്ചുപോരുന്നു. വൈവിധ്യ രീതികളിൽ ജ്ഞാനസ്നാനകർമ്മം ആഘോഷിക്കുമ്പോഴും നിയമപരമായ (സാധുതയുള്ള) ജ്ഞാനസ്നാനത്തിന്റെ അവിഭാജ്യഘടകങ്ങൾക്ക് മാറ്റമുണ്ടാകുന്നില്ല.

ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 849 പ്രകാരം, സ്വാഭാവികമായ ജലവും വാക്കുകളുടെ അനുയോജ്യമായ ക്രമവും ഉപയോഗിച്ചു നല്കുന്ന ജ്ഞാനസ്നാനമാണ് സാധുവായ ജ്ഞാനസ്നാനം (Washing in real water with the proper forms of words).

സ്വാഭാവികജലം എന്നതുകൊണ്ട് വിവക്ഷിക്കുന്നത് മായം ചേർക്കാത്തതും (വെള്ളത്തിന്റെ തനിമ നഷ്ടപ്പെടാത്ത) ഒഴുക്ക് തടസ്സപ്പെടുത്താത്തതുമായ ജലം. അതുകൊണ്ട് ജ്ഞാനസ്നാനാർത്ഥിയുടെ ശിരസ്സിൽ ജലം ഒഴിച്ചോ, കൃത്രിമ മാർഗ്ഗത്തിലൂടെ ഒഴുക്ക് തടസ്സപ്പെടുത്തിയിട്ടില്ലാത്ത നദിയിലോ മറ്റോ അർത്ഥിയെ മുക്കിയോ ജ്ഞാനസ്നാനപ്പെടുത്താവുന്നതാണ്.

ജ്ഞാനസ്നാനത്തിന്റെ വാക്കുകളുടെ അനുയോജ്യമായ ക്രമം നിർണ്ണയിച്ചിരിക്കുന്നത് വി. മത്തായി എഴുതിയ സുവിശേഷത്തിലെ 28:20-നെ ആധാരമാക്കിയാണ്: 'പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നൽകുവിൻ'. അപ്പോൾ ത്രിയേകദൈവത്തിന്റെ നാമത്തിൽ സ്വാഭാവികമായ ജലം ഉപയോഗിച്ചു നല്കുന്ന ജ്ഞാനസ്നാനമാണ് സാധുതയുള്ള ജ്ഞാനസ്നാനം.

കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥം (CCC) 1213, CIC 849 എന്നിവ പ്രകാരം ജ്ഞാനസ്നാനത്തിന്റെ ഫലങ്ങൾ ഇവയാണ്:

1. ഉചിതമായ സമയത്ത് മറ്റ് കൂദാശകൾ സ്വീകരിക്കാൻ അർഹത നല്കുന്നു (കൂദാശകളിലേക്കുള്ള കവാടമാണ് ജ്ഞാനസ്നാനം).
2. പാപങ്ങളിൽനിന്നും (ജന്മപാപത്തിൽ നിന്നും കർമ്മപാപങ്ങളുണ്ടെങ്കിൽ അവയിൽനിന്നും) മോചനം ലഭിക്കുന്നു.
3. ദൈവത്തിന്റെ മക്കളായി വീണ്ടും ജനിക്കുന്നു;
4. മായാത്ത മുദ്രയിലൂടെ ക്രിസ്തുവിന് അനുരൂപരായിത്തീരുന്നു;
5. സഭയിൽ അംഗമായിത്തീരുന്നു.

നീർച്ചാൽ

# കർത്താവിന്റെ കണ്ണിലെ അത്ഭുതങ്ങൾ

**ആണ്ടുവട്ടം 32-ാം ഞായർ (നവം. 07)** 1 രാജ. 17:10-16, ഹെബ്രാ. 9: 24-28, മാർക്ക്. 12: 38-44

**ഫാ. വർഗീസ് ജോസഫ്**

ഒരായിരം സ്വപ്നങ്ങളോടെ പടുത്തുയർത്തിയ ജീവിതങ്ങളൊക്കെ ചീട്ടുകൊട്ടാരം പോലെ തകർന്നെന്നുവരാം. നിഴൽപോലെ കൂടെ ഉണ്ടെന്ന് കരുതി ജീവിക്കുന്നവർ അനാഥരായി ഒറ്റപ്പെട്ടെന്ന് വരാം. അവരാരും ഇന്ന് ജീവിതത്തിൽ വലിയ അത്ഭുതം ഉണ്ടാകും എന്നുകരുതി കാത്തുനിൽക്കേണ്ട. കാരണം കർത്താവിന്റെ മുമ്പിൽ അവർ തന്നെ അത്ഭുതമായിത്തീരും. മറ്റാരെയും കുറിച്ചല്ല ഇത് പറഞ്ഞത്, വിധവകളെ കുറിച്ചാണ്. സ്വപ്നം കണ്ട ജീവിതത്തെ ഓർമ്മയിൽപോലും സൂക്ഷിക്കാനാവാത്തവിധം ജീവിത പങ്കാളി നഷ്ടപ്പെട്ടുപോകുന്നവരാണ് വിധവകൾ. ഒറ്റപ്പെടലിന്റെ വേദനയിൽ അത്ഭുതങ്ങൾ ഇനി അവർക്കില്ല. എന്നാൽ ദൈവത്തിന് അവൾ അത്ഭുതമാണ്. ഇങ്ങനെയൊരു ഓർമ്മപ്പെടുത്തൽ വളരെ വ്യക്തമായി നൽകുന്നത് ഒന്നാംവായനയും സുവിശേഷവുമാണ്.

> **സ്വപ്നം തകർന്ന ജീവിതമാണ് നമ്മുടേത്. പ്രതീക്ഷ നഷ്ടപ്പെട്ട ജീവിതമാണ് നമ്മുടേത്. ചിതറിയ ജീവിതങ്ങളുടെ അവസാന ആശ്രയമായി ദൈവപുത്രൻ നിങ്ങളെ തേടിവരും. വറ്റാത്ത സൗഭാഗ്യത്തിന്റെ സദ്‌വാർത്തയുമായി!**

ഒന്നാം വായനയിൽ കർത്താവ് പറഞ്ഞതനുസരിച്ച് ഏലിയാ സറേഫായിലേക്ക് പോകുകയാണ്. ഒരു വിധവ നിനക്ക് ഭക്ഷണം തരും എന്നതാണ് കല്പന. കർത്താവിന്റെ വലിയ അത്ഭുതങ്ങൾക്ക് ചെറിയ മനുഷ്യരുടെ ജീവിതങ്ങൾ അനുയോജ്യമാകുന്നത് നമ്മൾ കാണും. ദാരിദ്ര്യത്തിലൂടെയാണ് ആ ജനത കടന്നുപോകുന്നത്. അവിടേയും മാറ്റി നിർത്തപ്പെടുന്ന ജീവിതമാണ് വിധവകളുടേത്. എന്നിട്ടും ദൈവത്തിന്റെ പ്രവാചകന് ഭക്ഷണം നൽകുവാൻ. ദൈവം കരുതിവച്ചത് പേര് പോലും സൂചിപ്പിക്കാതെ പോയ വിധവയെയാണ്. ദൈവത്തിന്റെ വലിയ അത്ഭുതത്തിന് ചിതറിയ ജീവിതമാണ് ഏറ്റവും ശ്രേഷ്ഠമാണെന്നതാണ് ഒന്നാമത്തെ ചിന്ത.

കൈയിലുള്ള കലത്തിലെ ഒരുപിടി മാവും ഭരണിയിലെ അല്പം എണ്ണയും കൊണ്ട് നിസ്സഹായയായി നിൽക്കുകയാണ് ആ വിധവ. വേദനയുടെ വക്കിൽ അവസാനം ആ വിധവ പറഞ്ഞ ഒരു വാക്ക് ഏറെ ഹൃദയഭേദകമാണ്. ഇത് കൊണ്ടുചെന്ന് അപ്പമുണ്ടാക്കി എനിക്കും എന്റെ മകനും കഴിക്കണം. പിന്നെ ഞങ്ങൾ മരിക്കും (1. രാജ 17:12). മരണത്തിന്റെ നിഴലിലാണ് ആ ജീവിതങ്ങൾ. എന്നിട്ടും വറ്റാത്ത കലത്തിലെ മാവും ഭരണിയിലെ എണ്ണയും പ്രതീക്ഷിച്ച് ഉള്ളതുകൂടി നൽകുവാനുള്ള വിശ്വാസം അവളിൽ ഉണ്ടായിരുന്നു. അവസാന കച്ചിതുരുമ്പിലും ദൈവത്തിന്റെ അത്ഭുതം ഉണ്ടാകുമെന്ന വിശ്വാസം ഉണ്ടാകണമെന്നതാണ് രണ്ടാമത്തെ ചിന്ത.

സുവിശേഷത്തിലും സമാനമായ വിധവയെ മാർക്കോസ് സുവിശേഷകൻ കാണിച്ചുതരുന്നുണ്ട്. വിധവയുടെ വില കുറഞ്ഞ രണ്ടുചെമ്പുനാണയങ്ങളെ മറ്റെന്തിനേ

ക്കാളും മൂല്യമുള്ളതായി ക്രിസ്തു കാണുന്നു. വളരെയധികം ധ്യാനത്തോടെ വായിച്ചുതീർക്കേണ്ട വചനഭാഗമാണിത്. നമ്മൾ അത്ഭുതമായി കണ്ടുനടക്കുന്ന ക്രിസ്തുവിന് നമ്മൾ ഒരു അത്ഭുതമായി മാറുന്നുണ്ടോ? നമ്മൾ പ്രഘോഷിച്ചു നടക്കുന്ന ക്രിസ്തു നമ്മളെ കുറിച്ച് എന്നെങ്കിലും ഏറ്റുപറയുന്നുണ്ടോ? സുവിശേഷത്തിലെ വിധവ ക്രിസ്തുവിന് മുമ്പിൽ ഏറെ ശ്രേഷ്ഠയാണ്. അവൾ കാണാത്ത ക്രിസ്തു അവളെ കണ്ടു. അവൾ പറയാത്ത ക്രിസ്തു അവളെക്കുറിച്ച് പറഞ്ഞു. ക്രിസ്തുവിന്റെ മുമ്പിൽ അത്ഭുതമായി ജീവിക്കുക എന്നതാണ് മൂന്നാമത്തെ ചിന്ത.

സ്വപ്നങ്ങൾ തകർന്നുപോയ ജീവിതമാണ് നമ്മുടേത്. പ്രതീക്ഷ നഷ്ടപ്പെട്ട ജീവിതമാണ് നമ്മുടേത്. ചിതറിയ ജീവിതങ്ങളുടെ അവസാന ആശ്രയമായി ദൈവപുത്രൻ നിങ്ങളെ തേടിവരും. വറ്റാത്ത സൗഭാഗ്യത്തിന്റെ സദ്‌വാർത്തയുമായി! ചെയ്യേണ്ടത് ഒരൊറ്റകാര്യം, അത്ഭുതമായി ജീവിക്കുക, സുവിശേഷത്തിലെ വിധവയെ പോലെ, നിങ്ങളും ക്രിസ്തുവിന്റെ കണ്ണുകളിൽ അത്ഭുതമാകും. തീർച്ച!

# യേശു: ഈ ഭവനത്തിന്റെ നായകൻ

**ആണ്ടുവട്ടം 33-ാം ഞായർ (നവം. 14)**

ദാനി. 12: 1-3, ഹെബ്രാ. 10: 11-14,18. മാർക്കോ. 13: 24-32

**ഫാ. വിക്ടർ എവരിസ്റ്റസ്**

ആരാണ് രാജാവ്? അധികാരം ഉള്ളവൻ ആരോ അവനാണ് രാജാവ്. മറ്റുള്ളവരെ നിയന്ത്രിക്കാൻ കെൽപ്പുള്ളവനാരോ അവനാണ് രാജാവ്. കീഴിലുള്ളവരെ സംരക്ഷിക്കുന്നവൻ ആരോ അവനാണ് രാജാവ്. ജനം ഭൗതിക സുരക്ഷയ്ക്കു വേണ്ടി ആരെ ആശ്രയിക്കുന്നുവോ അവനാണ് രാജാവ്. ആരിൽ പ്രതീക്ഷ വച്ചും വിശ്വസിച്ചും ജനം ജീവിക്കുന്നുവോ അവനാണ് രാജാവ്. ഒരു രാജാവിനെ നമുക്കിങ്ങനെയൊക്കെ ഡിഫൈൻ ചെയ്യാൻ സാധിക്കും. എങ്കിൽ നമ്മുടെ ജീവിതത്തെ, എന്റെ ജീവിതത്തെ നിയന്ത്രിക്കുന്ന, സംരക്ഷിക്കുന്ന, എനിക്കു വേണ്ടി ജീവൻ ത്യജിക്കുന്ന, ഞാൻ ആശ്രയിക്കുന്ന, വിശ്വസിക്കുന്ന, എന്നെ നയിക്കുന്ന ആ രാജാവ് ആരാണ്?

ഭൂമിയിലുള്ള അധികാര കേന്ദ്രങ്ങളെയൊന്നും വിശ്വസിക്കാൻ പറ്റാതായിരിക്കുന്നു. അവരെ നാം നമ്മളെ ഏൽപ്പിച്ചാൽ നമ്മൾ ചൂഷിതരാവും. നമ്മെ ആവുന്നത്ര മുതലെടുത്തിട്ട് വലിച്ചെറിയാനായിരിക്കും അവരുടെ വ്യഗ്രത. സ്വാർത്ഥതയുടെ കൂടും കൂടാരവുമായിരിക്കുന്നു ഇവിടത്തെ അധികാരകേന്ദ്രങ്ങൾ. അൽപ്പത്തരങ്ങളും അത്യാഗ്രഹങ്ങളും ആസക്തികളും അവരുടെ മുഖമുദ്രയായി മാറിയിരിക്കുന്നു. ഇവിടെയാണ് ക്രിസ്തു എന്ന രാജാവിന്റെ പ്രസക്തി. ഇന്നു വരെ രാജ്യം ഭരിച്ചിട്ടുള്ള എല്ലാ രാജാക്കൻമാരെക്കാളും ശക്തനും വിശ്വസ്തനുമാണ് ഭൗതികമായി ഒരു രാജ്യം പോലും ഭരിച്ചിട്ടില്ലാത്ത, എന്നാൽ ആത്മീയമായും ഭൗതികമായും എല്ലാത്തിന്റേയും അധിപനായ ക്രിസ്തു.

> **നമ്മുടെയൊക്കെ ജീവിതം വിജയിക്കണമെങ്കിൽ നമ്മുടെ ജീവിതത്തിന്റെ വിജയമായി ക്രിസ്തുവിനെ അംഗീകരിക്കണം. ക്രിസ്തുവിനെ ജീവിതത്തിന്റെ കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിക്കണം. ക്രിസ്തു ഈ ഭവനത്തിന്റെ നായകൻ എന്ന് വീടിന്റെ മുമ്പിൽ ആണിയടിച്ചും പശയൊട്ടിച്ചും തൂക്കിയിട്ട് മാത്രം കാര്യമില്ല.**

മറ്റെല്ലാ കാര്യങ്ങളും നമുക്ക് വിസ്മരിക്കാം. എന്നിട്ട്, നമ്മുടെ വ്യക്തി ജീവിതത്തിന്റെ രാജാവാരാണെന്ന് ചിന്തിക്കാം. മദ്യപാനത്തിന് അടിമയായ ഒരാളുടെ രാജാവ് മദ്യമാണ്. എല്ലാറ്റിനോടും കലഹിക്കുന്ന ഒരാളുടെ രാജാവ് ആരാണ്? അന്യന്റെ വസ്തുക്കൾ മോഷ്ടിക്കുന്ന ഒരാളുടെ രാജാവ് ആരാണ്? ആസക്തിയോടെ സ്ത്രീയെ, പുരുഷനെ നോക്കുന്ന ഒരുവൻ ആരുടെ നിയന്ത്രണത്തിൻ കീഴിലാണ്? അപരനോട് ശത്രുത പുലർത്തുന്ന ഒരാൾ ആരാലാണ് നയിക്കപ്പെടുന്നത്? അധികാരത്തിനു വേണ്ടി ജീവിക്കുന്ന ഒരു വ്യക്തിയുടെ രാജാവ് ആരായിരിക്കും? മറ്റുള്ളവരെ നശിപ്പിക്കാൻ ശ്രമിക്കുന്ന ഒരുവൻ ആരാലാണ് നിയന്ത്രിക്കപ്പെടുന്നത്? ഏഷണിയും കുറ്റവും പറയുന്ന ഒരാൾ ആരുടെ പ്രജയാണ്?

ക്രിസ്തുവിനാൽ നയിക്കപ്പെടുന്ന ഒരാൾക്ക് ഇപ്പറഞ്ഞ ലിസ്റ്റിൽപെടാൻ പറ്റില്ല. എന്റെ പേര് മുകളിലത്തെ ലിസ്റ്റിൽ എവിടെയെങ്കിലും ഉണ്ടോ? ഉണ്ടെങ്കിൽ എന്റെ രാജാവ് ക്രിസ്തുവല്ല മറ്റാരെങ്കിലും, മറ്റെന്തെങ്കിലും ആയിരിക്കും. പണമോ, മദ്യമോ, ദുരാഗ്രഹമോ, എന്തെങ്കിലും ആയിരിക്കും. പക്ഷേ, ഓർക്കുക അവരൊന്നും നമ്മുടെ യഥാർഥരാജാക്കന്മാരല്ലെന്ന്,

നാശത്തിലേക്കുള്ള സഹയാത്രികർ മാത്രമാണെന്ന്.

നമ്മുടെയൊക്കെ ജീവിതം വിജയിക്കണമെങ്കിൽ നമ്മുടെ ജീവിതത്തിന്റെ വിജയമായി ക്രിസ്തുവിനെ അംഗീകരിക്കണം. ക്രിസ്തുവിനെ ജീവിതത്തിന്റെ കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിക്കണം. ക്രിസ്തു ഈ ഭവനത്തിന്റെ നായകൻ എന്ന് വീടിന്റെ മുമ്പിൽ ആണിയടിച്ചും പശയൊട്ടിച്ചും തൂക്കിയിട്ട് മാത്രം കാര്യമില്ല. അടുത്ത പെയിന്റടിക്ക് അത് പറിച്ചു മാറ്റപ്പെടാം. അല്ലെങ്കിൽ തുരുമ്പെടുക്കുമ്പോൾ പശയുടെ പശിമ നഷ്ടപ്പെടുമ്പോൾ താഴെ പോയെന്നിരിക്കാം. പക്ഷേ മനസിലെ ക്രിസ്തുവോ?

ഒരു സെൻ കഥയിൽ പറയുന്നു.

കളിമൺ ബുദ്ധൻ പെരുമഴയിൽ അലിഞ്ഞു പോയി; സ്വർണ്ണ ബുദ്ധൻ അഗ്നിയിൽ ഉരുകി; തടികൊണ്ടുള്ള ബുദ്ധനെ ചിതലുകൾ തിന്നു.

മനസിലെ ബുദ്ധൻ മാത്രം നിലനിൽക്കുന്നു എന്ന്.

മനുഷ്യൻ ഒരു സാമൂഹ്യജീവിയായതുകൊണ്ട് പരസ്പരം ബന്ധങ്ങൾ സ്ഥാപിക്കാതെ ജീവിക്കാൻ പറ്റില്ല. അതുപോലെ തന്നെ നാം മറ്റുള്ളവരെ ആശ്രയിക്കുകയും വേണം. ഈ ആശ്രയം പരമമായി ദൈവത്തിലേയ്ക്ക് വയ്ക്കാൻ നാം പഠിക്കണം. ഒപ്പം അവനെ രാജാവായി കാണാനും അംഗീകരിക്കാനും പഠിക്കാം. ഇത്ര ശക്തനായ ഒരു രാജാവിന്റെ പിൻബലം നമുക്കുണ്ടെങ്കിൽ പിന്നെന്തു ഭയപ്പെടാനാണ്? ക്രിസ്തു എന്റെ കൂടെയുണ്ടെങ്കിൽ ആർക്ക് എനിക്കെതിരെ നിൽക്കാൻ സാധിക്കും? (റോമ. 8.31).

# നിത്യതയുടെ സമ്മാനം കരസ്ഥമാക്കാം

**ആണ്ടുവട്ടം 34-ാം ഞായർ (നവം. 21)** ദാനി. 7: 13-14, വെളി 1: 5-8, യോഹ. 18: 33-37

**ഫാ. ഡൈസൻ**

**സ്വർഗ്ഗം സ്വന്തമാക്കാൻ പേരുകൾ ജീവന്റെ പുസ്തകത്തിൽ കുറിക്കുന്ന തരത്തിലുള്ള നന്മ പ്രവൃത്തികൾ ചെയ്യണം. നന്മ പ്രവൃത്തികൾ ചെയ്യുന്നവരെ ദൈവം തന്റെ വലത്തുവശത്തു നിറുത്തുന്നു.**

**ലോ**കത്തിന്റെ പുസ്തകത്തിൽ സ്വന്തം പേര് എഴുതി ചേർക്കുവാൻ മനുഷ്യൻ മത്സരിക്കുകയാണ്. ഈ മത്സരം വ്യർത്ഥമാണ്. കാരണം ലോകത്തിന്റെ പുസ്തകത്തിലെ പേര് വേഗം മാഞ്ഞുപോകും. ഒരിക്കലും മായാത്ത നിത്യതയുടെ തൂലിക കൊണ്ട് ജീവന്റെ പുസ്തകത്തിലാണ് നമ്മുടെ പേരുകൾ കുറിക്കപ്പെടേണ്ടത്. യേശു ശിഷ്യന്മാരെ ഓർമ്മപ്പെടുത്തുന്നു: പിശാചുക്കൾ നിങ്ങൾക്ക് കീഴടങ്ങുന്നു എന്നതിൽ നിങ്ങൾ സന്തോഷിക്കേണ്ടാ; മറിച്ച് നിങ്ങളുടെ പേരുകൾ സ്വർഗ്ഗത്തിൽ എഴുതപ്പെട്ടിരിക്കുന്നു എന്നതിൽ സന്തോഷിക്കുവിൻ (ലൂക്ക 10:20). ഒരു മനുഷ്യന്റെ സന്തോഷവും ഭാഗ്യവും അവന്റെ പേര് ജീവന്റെ ഗ്രന്ഥത്തിൽ എഴുതപ്പെട്ടിരിക്കുന്നു എന്നതിലാണ്. ജീവന്റെ പുസ്തകത്തിൽ പേരുള്ളവൻ രക്ഷപ്പെടുകയും നിത്യജീവനായി പൊടിയിൽ നിന്ന് ഉണരുകയും ചെയ്യുമെന്ന് ദാനിയേൽ പ്രവാചകൻ ആദ്യ വായനയിൽ പറയുന്നു.

ജെറുസലേം ദേവാലയത്തിൽ പുരോഹിതർ പാപങ്ങളകറ്റാൻ കഴിവില്ലാത്ത അനേകം ബലികൾ അർപ്പിച്ചു. എന്നാൽ യേശു കാൽവരിയിൽ ഒരേ ഒരു ബലി അർപ്പിച്ചു. അതിലൂടെ ലോകത്തിന്റെ പാപങ്ങളെല്ലാം അകന്നു. യേശു ചെയ്ത ഈ ഉന്നത ദൗത്യത്തിന് പിതാവായ ദൈവം യേശുവിനെ പിതാവിന്റെ വലതുഭാഗത്ത് ഉപവിഷ്ടനാക്കിയെന്ന് ഹെബ്രായർക്കുള്ള ലേഖനം പറയുന്നു. ദൈവം ഏൽപ്പിച്ച ദൗത്യം ഈ ലോകത്ത് പൂർത്തികരിക്കുമ്പോൾ നമ്മളും യേശുവിന്റെ വലതുഭാഗത്ത് ഉപവിഷ്ടരാകും. എന്താണ് ദൈവം ഏൽപ്പിക്കുന്ന ദൗത്യം? ഏറ്റവും എളിയ സഹോദരന്മാർക്ക് നന്മ ചെയ്യുക (മത്ത 25:40). നന്മ ചെയ്യുമ്പോൾ നമ്മുടെ പേരുകൾ സ്വർഗ്ഗത്തിൽ കുറിക്കപ്പെടുകയും ദൈവത്തിന്റെ വലത്തു ഭാഗത്തു നില്ക്കുവാൻ സാധിക്കുകയും ചെയ്യും. അപ്പോൾ യേശു നമ്മെ നോക്കി ഇപ്രകാരം പറയും. എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ വരുവിൻ. ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി സജ്ജമാക്കിയിരിക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ (മത്താ 25:34).

മനുഷ്യപുത്രന്റെ രണ്ടാം വരവിന് മുമ്പ് പ്രകൃതിയിലുണ്ടാകാൻ പോകുന്ന താളം തെറ്റലുകളെ വിശിഷ്യ ആകാശ ഗോളങ്ങളിൽ ഉണ്ടാകുന്ന മാറ്റത്തെ പ്രവാചകശൈലിയിലാണ് യേശു അവതരിപ്പിക്കുന്നത്. ഇതിനെ വാച്യാർത്ഥത്തിലല്ല, തിന്മയുടെ പതനത്തിന്റെ അടയാളമായിട്ടാണ് കാണേണ്ടത്. ഇതിനുശേഷമാണ് മനുഷ്യപുത്രൻ സർവ്വശക്തിയോടും മഹത്വത്തോടു കൂടെ മേഘങ്ങളിൽ വരുന്നത്. അവൻ രണ്ടാമതും വരുന്നത് ചിതറി പോയ പഴയ ഇസ്രായേലിനെ ഒരുമിച്ചു കൂട്ടാനല്ല, ലോകം മുഴുവനുമുള്ള ക്രിസ്തുവിശ്വാസികളാകുന്ന പുതിയ ഇസ്രായേലിനെ ഒരുമിച്ച് കൂട്ടാനാണ്. അവന്റെ പ്രത്യാഗമനം സുനിശ്ചതമായ യാഥാർത്ഥ്യമായതുകൊണ്ട് പുതിയ ഇസ്രാ

യേലിൽ അംഗമാകാനും ജീവന്റെ ഗ്രന്ഥത്തിൽ പേര് കുറിക്കാനും അവന്റെ വലതു ഭാഗത്ത് നില്ക്കാനും വേണ്ടി മൂന്നു കാര്യങ്ങൾ ചെയ്യണം.

**1. വിവേകമതികളായ കന്യകളെ പോലെ ഒരുക്കമുള്ളവരായിരിക്കണം**

ജീവിതം ഒരുക്കമാണ്. വിവേകാനന്ദന് ജീവിതം മരണത്തിനു വേണ്ടിയുള്ള ഒരുക്കമായിരുന്നു. വിവേകമതികളായ കന്യകൾക്ക് ജീവിതം മണവാളനെ ദർശിക്കുന്നതിനുള്ള ഒരുക്കമായിരുന്നു. ക്രിസ്ത്യാനികൾക്ക് ജീവിതം വീണ്ടും വരുന്ന യേശുവിനെ സ്വീകരിക്കുവാനുള്ള ഒരുക്കമാണ്. ഏതു യാമത്തിൽ വന്നാലും അവനെ സ്വീകരിക്കത്തക്ക രീതിയിൽ ജീവിതം ദീപ്തമായിരിക്കണം. ഇത്തിരി വെട്ടത്തിന്റെ ചിരാതുകളല്ല തെളിയേണ്ടത് ജീവിത വിളക്കുകളാണ്! ജീവിത വിളക്കുകൾ തെളിയാൻ നന്മയുടെ എണ്ണ കരുതാം നിതാന്ത ജാഗ്രതയുള്ളവരാകാം.

**2. വിരുന്നിനുള്ള വിവാഹ വസ്ത്രം ധരിച്ചിരിക്കണം**

കുഞ്ഞാടായ യേശുവിന്റെ ദിവ്യവിരുന്നിൽ പങ്കെടുക്കാൻ നാം വിവാഹ വസ്ത്രം ധരിക്കണം. വിവാഹവസ്ത്രമെന്നാൽ വിശുദ്ധിയുടെയും സുകൃതത്തിന്റെയും തൂവെള്ള വസ്ത്രമാണ്. അത് ശോഭയേറിയതും നിർമ്മലവുമായ മൃദുല വസ്ത്രമാണ്. ആ വസ്ത്രം വിശുദ്ധരുടെ സൽപ്രവൃത്തികളാൽ നെയ്യപ്പെട്ടതാണ് (വെളിപ്പാട് 19:8). ആ വസ്ത്രം ധരിച്ചവരെ കുറിച്ച് വെളിപാട് പുസ്തകം ഇങ്ങനെ പറയുന്നു. ആരാണ് ഈ വെള്ളയങ്കിയണിഞ്ഞവർ? ഇവരാണ് വലിയ ഞെരുക്കത്തിൽ നിന്ന് വന്നവർ. കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ വസ്ത്രങ്ങളെ വെളുപ്പിച്ചവർ (വെളിപ്പാട് 7:14). ഈ വസ്ത്രം നിരസിക്കുന്നവർ ദൈവരാജ്യത്തിന്റെ വിളിയും, വിളിച്ചവനെയും നിരസിക്കുന്നവരായിരിക്കും.

**3. താലന്തുകൾ വർദ്ധിപ്പിക്കുന്ന വിശ്വസ്ത ദാസരാകണം**

ഓരോ മനുഷ്യനെയും വിവിധ താലന്തുകൾ നല്കിയാണ് ദൈവം ഈ ലോകത്ത് അയക്കുന്നത്. ദൈവം താലന്തുകൾ നല്കുന്നത് കുഴിച്ചുമൂടാനല്ല വികസിപ്പിക്കുവാനാണ്. പാപത്തിന്റെ അലസതയിൽ മയങ്ങുവാനുള്ളതല്ല ജീവിതം. യജമാനനായ ദൈവത്തിന്റെ സന്തോഷം വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ കൊണ്ട് ജ്വലിക്കുന്നതാകണം ജീവിതം. എന്നെ വിശ്വസിച്ച യജമാനനോട് കൂടുതൽ വിശ്വസ്തത കാണിക്കാൻ അവൻ ഏല്പിച്ച ദൗത്യം ആവേശത്തോടും ആത്മാർത്ഥതയോടും ചെയ്യാനുള്ള ആഗ്രഹവും അഭിനിവേശവും ദൈവീകമാണ്. വിശ്വസ്തതയ്ക്കുള്ള സമ്മാനമാണ് സ്വർഗ്ഗപ്രവേശനം.

സ്വർഗ്ഗം സ്വന്തമാക്കാൻ പേരുകൾ ജീവന്റെ പുസ്തകത്തിൽ കുറിക്കുന്ന തരത്തിലുള്ള നന്മ പ്രവൃത്തികൾ ചെയ്യണം. നന്മ പ്രവൃത്തികൾ ചെയ്യുന്നവരെ ദൈവം തന്റെ വലത്തുവശത്തു നിറുത്തുന്നു. വലത്തു വശത്തു നില്ക്കുന്നവർ പുതിയ ഇസ്രായേലിലെ ഒരുക്കവും വിവേകവുമുള്ള, വിശുദ്ധിയുടെ കല്യാണ വസ്ത്രമുള്ള, യജമാനന്റെ സന്തോഷം വർദ്ധിപ്പിക്കുന്ന വിശ്വസ്തതയുള്ള അംഗമായിരിക്കും. ■

# വചനാധിഷ്ഠിത ജീവിതത്തിനുള്ള ആഹ്വാനം

**തപസുകാലം 1-ാം ഞായർ (നവം. 28)** ഏശ. 33:14-16, 1 തെസെ. 3: 12, 4-2. ലൂക്കാ. 21-25-28, 34-36

**ഫാ. ലോറൻസ് കുലാസ്**

**വിമോചനം പ്രതീക്ഷിച്ച് ക്രിസ്തുശിഷ്യർ ശിരസ്സ് ഉയർത്തി നില്ക്കുമെന്ന പ്രഖ്യാപനത്തിന്റെ അർത്ഥമിതാണ്: ജറുസലേം വിധിക്കപ്പെട്ടതു പോലെ മനുഷ്യപുത്രനായി യേശു വരുമ്പോൾ ലോകവും വിധിക്കപ്പെടും.**

പുതിയൊരു ആരാധനവത്സരം ആഗമനകാലം ഒന്നാം ഞായറോടുകൂടി ആരംഭിക്കുകയാണ്. ആരാധനക്രമത്തിന്റെ 'C' കാലചക്രത്തിൽ (Cycle) ലൂക്കാ എഴുതിയ വിശുദ്ധ സുവിശേഷത്തിൽനിന്നുള്ള വചനഭാഗങ്ങളാണ് ഞായറാഴ്ചകളിൽ പ്രധാനമായും പ്രഘോഷിക്കപ്പെടുന്നത്. യുഗാന്ത്യത്തെ സംബന്ധിച്ച ഒരു വചനഭാഗമാണ് ഇന്നത്തെ സുവിശേഷം.

ജറുസലേമിന്റെ പതനം പ്രവചിച്ചതിനു ശേഷം (21:20-24) യേശു ലോകാവസാനം ദീർഘദർശനം ചെയ്യുന്നു (21:25-28). ലോകാവസാനത്തിനുമുമ്പ് ആകാശഗോളങ്ങളിലും കടലിലും മാറ്റങ്ങളുണ്ടാകുമെന്ന് യേശു പ്രവചിക്കുന്നു (21:25). മനുഷ്യപുത്രന്റെ ആഗമനത്തിന് മുമ്പു പ്രത്യക്ഷപ്പെടുന്ന പ്രാപഞ്ചിക അടയാളങ്ങൾ (Cosmic signs) പ്രവാചക വെളിപ്പെടുത്തലുകളെ പ്രതിധ്വനിപ്പിക്കുകയും നിറവേറ്റുകയും ചെയ്യുന്നു (കാണുക, ഏശ 13:10; എസ 32:7; ജോയേൽ

2:30–31). അതുപോലെ തന്നെ, കരയിലും കടലിലുമുള്ള ഭീകരതയും പ്രവാചകന്മാർ വിവരിച്ചിട്ടുണ്ട് (സങ്കീ 46:2–3, ഹഗായി 2:6; ജ്ഞാന 5:22). അതിനാൽ, മനുഷ്യപുത്രന്റെ ആഗമനത്തിന് മുമ്പുള്ള അടയാളങ്ങൾ വ്യക്തമായും പ്രാപഞ്ചിക അടയാളങ്ങൾ മാത്രമല്ല, തിരുവെഴുത്തുകൾ നിറവേറ്റുന്ന അടയാളങ്ങളാണ്. ആകാശഗോളങ്ങളിലും കടലിലും ഉണ്ടാകുന്ന മാറ്റങ്ങൾ കാണുന്ന ജനം ഭയം മൂലം ബോധരഹിതരാകും; ആകുലരാകും (21:26). എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് കേൾക്കാൻ കാത്തിരിക്കുന്ന ശ്രോതാക്കളിൽ ജനത്തിന്റെ ഭയവും ആകുലതയും വിവരിക്കുക വഴി സുവിശേഷകൻ സസ്പെൻസും ജിജ്ഞാസയും വർദ്ധിപ്പിക്കുവാൻ ശ്രമിക്കുകയാണ്: ഈ ഭയാനകമായ സൂചനകൾ എന്തിന്റെ ആമുഖമാണ്? എന്താണ് "ലോകത്ത് വരാൻ പോകുന്നത്" (21:26)?

ഈ അടയാളങ്ങളെല്ലാം കടന്നുപോയിക്കഴിഞ്ഞാൽ "സംഭവിക്കാൻ പോകുന്നവയെ ഓർത്തുള്ള ഭയയവും ആകുലതയും കൊണ്ട്" (21:26) ഭയപ്പെടുന്നവർ "മേഘത്തിൽ വരുന്ന മനുഷ്യപുത്രനെ" കാണും (21:27). വരാനിരിക്കുന്ന മനുഷ്യപുത്രനെക്കുറിച്ചുള്ള ഈ വിവരണം ദാനിയേൽ 7:13 ൽ നിന്നാണ്: "നിശാദർശനത്തിൽ ഞാൻ കണ്ടു, ഇതാ, വാനമേഘങ്ങളോടുകൂടെ മനുഷ്യപുത്രനെപ്പോലെ ഒരുവൻ വരുന്നു." ഭാവിയിൽ വരാനിരിക്കുന്ന മനുഷ്യപുത്രനെക്കുറിച്ച് യേശു നേരത്തെ പരാമർശിച്ചിരുന്നു (ലൂക്കാ 12:40;17:22, 26, 30). എന്നാൽ, മനുഷ്യപുത്രനെ ദാനിയേലിന്റെ ഭാഷയിൽ വിവരിക്കുന്നത് ഇതാദ്യമാണ്: "മേഘങ്ങളിൽ" എന്ന ഭാഷ. മേഘത്തെക്കുറിച്ചുള്ള പരാമർശം ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ സ്വർഗാരോഹണവും മനുഷ്യപുത്രന്റെ വരവും തമ്മിലുള്ള ബന്ധം സ്ഥാപിക്കുന്നു (അപ്പ 1:9–11). ലൂക്കാ സുവിശേഷത്തിൽ മനുഷ്യപുത്രന്റെ വരവിനെക്കുറിച്ചുള്ള പരാമർശത്തിൽ ഇപ്പോൾ യേശുവിനെക്കുറിച്ച് ലജ്ജിക്കുന്നവരെക്കുറിച്ച് മനുഷ്യപുത്രൻ ലജ്ജിക്കുമെന്ന് മുന്നറിയിപ്പ് നല്കിയിട്ടുണ്ട് (9:26); എന്നാൽ ഇപ്പോൾ തന്നെ ഏറ്റുപറയുന്നവരെ യേശുവും ഏറ്റുപറയും (12:8). കൂടാതെ പ്രതീക്ഷിക്കാത്ത സമയത്തായിരിക്കും മനുഷ്യപുത്രൻ പ്രത്യക്ഷനാകുന്നത് (12:40). മനുഷ്യപുത്രന്റെ വരവിനെ ആകാശം മുഴുവൻ പ്രകാശിപ്പിക്കുന്ന മിന്നൽപ്പിണരുകളുമായി ലൂക്കാ താരതമ്യം ചെയ്യുന്നുമുണ്ട് (17:24). ഒപ്പം, അത് നോഹയുടെയും ലോത്തിന്റെയും കാലത്തുപോലെ അതിഭീകരമായ നാശം വിതയ്ക്കുകയും ചെയ്യും (17:26–30). എന്നാൽ ഒരു ചോദ്യം അവശേഷിക്കുന്നു: "അവൻ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ" (18:8).

മനുഷ്യപുത്രന്റെ വരവിൽ മറ്റുള്ളവർ ഭയത്താലും ആകുലതകളാലും തളർന്നു പോകുമ്പോൾ ശിഷ്യരോട് നിർദ്ദേശിക്കപ്പെടുന്നത്, "നിങ്ങൾ ശിരസ്സുയർത്തി നിൽക്കുവിൻ എന്തെന്നാൽ, നിങ്ങളുടെ വിമോചനം സമീപിച്ചിരിക്കുന്നു." തിരഞ്ഞെടുക്കപ്പെട്ടവരെ – ക്രിസ്തുശിഷ്യരെ– ഒരുമിച്ചുകൂട്ടുന്ന മാലാഖമാരെക്കുറിച്ചുള്ള മർക്കോസിന്റെ വിവരണം ലൂക്കാ ഒഴിവാക്കുന്നു (മർക്കോ 13:27). ലൂക്കാ സുവിശേഷകൻ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് മനുഷ്യപുത്രന്റെ വരവിന്റെയും ശിഷ്യർ അവനെ സ്വീകരിക്കുന്ന രീതിയുടെയും പ്രാധാന്യത്തിലാണ്. ശിഷ്യരെ സംബന്ധിച്ചിടത്തോളം, മനുഷ്യപുത്രന്റെ വരവ് അർത്ഥമാക്കുന്നത് മുമ്പ് വിവരിച്ച പീഡനങ്ങൾക്കും ഭീകരതകൾക്കും (കാണുക, 21:10–19) ഒരു അന്ത്യം എന്നാണ്. ദുഷ്ടരെ വിധിക്കാൻ മനുഷ്യപുത്രൻ വരുമെങ്കിലും, അവന്റെ വരവ് അർത്ഥമാക്കുന്നത് വിശ്വാസികളുടെ മോചനമാണ്. "വിമോചനം" (redemption) എന്ന പദം ലൂക്കാ, അപ്പസ്തോല പ്രവർത്തനം എന്നിവയിൽ ഇവിടെ മാത്രമാണ് ഉപയോഗിച്ചിരിക്കുന്നത്. എന്നാൽ ഏഴ് തവണ പൗലോസിന്റെ രചനകളിലും രണ്ട് തവണ ഹെബ്രായർക്കെഴുതിയ ലേഖനത്തിലും ഈ പദം ഉപയോഗിച്ചിട്ടുണ്ട്. വിമോചനം പ്രതീക്ഷിച്ച് ക്രിസ്തുശിഷ്യർ ശിരസ്സ് ഉയർത്തി നില്ക്കുമെന്ന പ്രഖ്യാപനത്തിന്റെ അർത്ഥമിതാണ്: ജറുസലേം വിധിക്കപ്പെട്ടതുപോലെ മനുഷ്യപുത്രനായി യേശു വരുമ്പോൾ ലോകവും വിധിക്കപ്പെടും. ഇതാ തങ്ങൾക്ക് രക്ഷ കൈവന്നിരിക്കുന്നുവെന്ന് ക്രിസ്തുശിഷ്യർക്ക് അപ്പോൾ ബോധ്യമാകും. അവർ പീഡനങ്ങളിൽ നിന്ന് മോചിതരാകും' (കാണുക, 21:22–19).

പീഡനങ്ങളിൽ നിന്ന് ജനം മോചിതരാകുമെന്നും വിശ്വാസികൾ "വിമോചനം" അനുഭവിക്കുമെന്നുമുള്ള പ്രതീക്ഷയുടെ വചസുകൾ ലൂക്കാസുവിശേഷകൻ പ്രസ്താപിക്കുന്നു. നമുക്ക് ഒരിക്കലും വിനാശകരമായ സംഭവങ്ങൾ പൂർണ്ണമായി പ്രവചിക്കാനാകില്ല. പക്ഷേ നമുക്ക് അവയ്ക്കായി തയ്യാറെടുക്കാനാകും. നാളയെ സംബന്ധിച്ചിടത്തോളം നമുക്ക് ഉയർന്ന ധാർമ്മികജീവിതം നയിക്കാൻ കഴിയും. ഇരുണ്ട ദിവസങ്ങളിൽ ജീവിക്കാനുള്ള ശക്തി നാം സംഭരിക്കേണ്ടതുണ്ട്. യേശു പൂർണ്ണമായും സന്നിഹിതനാണെന്ന അനുഭവത്തിൽ നമുക്ക് ജീവിക്കാം; പൂർണമായ പ്രതീക്ഷയോടെ ജീവിക്കാം. ■

**നാളയെ സംബന്ധിച്ചിടത്തോളം നമുക്ക് ഉയർന്ന ധാർമ്മികജീവിതം നയിക്കാൻ കഴിയും. ഇരുണ്ട ദിവസങ്ങളിൽ ജീവിക്കാനുള്ള ശക്തി നാം സംഭരിക്കേണ്ടതുണ്ട്. യേശു പൂർണ്ണമായും സന്നിഹിതനാണെന്ന അനുഭവത്തിൽ നമുക്ക് ജീവിക്കാം;**

**വചനജ്വാല**

2021 നവംബർ മാസം ബി.സി.സി. കൂട്ടായ്മകളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്



# മക്കൾ ഒലിവുതൈകൾ പോലെ

**ഫാ.സുരേഷ് പയസ്**
ബി.സി.സി. എക്സിക്യൂട്ടീവ് സെക്രട്ടറി

1. **പരിശുദ്ധാത്മാവിന്റെ ഗാനം**
2. **സ്വാഗതം : കുടുംബനാഥൻ / നാഥ**
3. **യേശുവിനെ ക്ഷണിക്കൽ**
4. **വചനഗീതി**
5. **ദൈവവചന പാരായണം** ***(മത്തായി 18:1-5)***
6. **വചനവിചിന്തനം**

ശിശുക്കളെയും കൊണ്ട് യേശുവിന്റെ ആശീർവാദം തേടി വരുന്നജനങ്ങളെ ശിഷ്യന്മാർ തടഞ്ഞു. യേശു പ്രതികരിക്കുന്നത് ശിശുക്കളെ കുറിച്ച് പറഞ്ഞുകൊണ്ടാണ്. സ്വർഗ്ഗരാജ്യത്തിൽ ആരാണ് വലിയവൻ എന്ന ചോദ്യത്തിന് മറുപടിയായിട്ടാണ് യേശു ശിശുക്കളെക്കുറിച്ച് പറയുന്നത്. ഒരു ശിശുവിനെ ശിഷ്യന്മാരുടെ മദ്ധ്യേ നിർത്തുന്നു. രണ്ടു കാര്യങ്ങളാണ് യേശു പറയുന്നത് (1) ശിശുക്കളെപ്പോലെയാകുക (2) ശിശുക്കൾ ആകുക. ആദ്യത്തേത് ശിശുക്കളുടെ മനോഭാവം ഉള്ളവനാകണം എന്നാണ് അർത്ഥമാക്കുന്നത്. നിഷ്ക്കളങ്കത, തുറവി, ആശ്രയബോധം, വിട്ടുകൊടുക്കുന്ന സ്വഭാവം, മുൻവിധികളില്ലാത്ത പെരുമാറ്റം, ദ്രോഹങ്ങൾ മറക്കാനുള്ള കഴിവ്, ഇവയെല്ലാം ശിശുക്കളുടെ സവിശേഷതകളാണ്. ഈ സവിശേഷതകൾ സ്വന്തമാക്കുന്നവർക്കാണ് സ്വർഗ്ഗരാജ്യം ലഭ്യമാവുക. ശിശുക്കളെ തടയുമ്പോൾ ശിഷ്യർ ശിശുക്കളുടെ മനോഭാവമില്ലാതെ പെരുമാറുകയാണ്. ശിശുക്കൾ മതിൽ കെട്ടുന്നവരല്ല, ഹൃദയവിശാലതയോടെ പാലം പണിയുന്നവരാണ്. "ഇതുപോലുള്ള ഒരു ശിശുവിനെ എന്റെ നാമത്തിൽ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു". ഇവിടെ "ശിശു" ഒരു പ്രതീകമായി മാറുന്നു. യഥാർത്ഥത്തിൽ യേശു ശിശുക്കളെ ശിഷ്യന്മാർക്ക് പരിചയപ്പെടുത്തുക മാത്രമല്ല ദൈവരാജ്യത്തിൽ, കുടുംബത്തിൽ, സമൂഹത്തിൽ ശിശുക്കൾക്കുള്ള പ്രാധാന്യത്തെ ചൂണ്ടിക്കാട്ടുകയാണ്.

നമുക്ക് ഒരിക്കൽകൂടി സങ്കീർത്തകന്റെ ഗാനം ഏറ്റെടുക്കാം. ഭാര്യഭർത്താക്കന്മാർ ഭവനത്തിൽ മേശയ്ക്കരികിൽ ഇരിക്കുമ്പോൾ , അവരുടെ സമീപത്ത് കുട്ടികൾ ഒലിവുതൈകൾ പോലെ (സങ്കീ:128-3), അതായത് ഊർജ്ജസ്വലതയും ഉന്മേഷവും നിറഞ്ഞവരായി കാണപ്പെടുന്നു. ഒരർത്ഥത്തിൽ മാതാപിതാക്കന്മാർ വീടിന്റെ അടിത്തറയാണെങ്കിൽ, മക്കൾ കുടുംബത്തിന്റെ സജീവ ശിലകളെപ്പോലെയാണ്.കർത്താവിന്റെ ദാനമാണ് മക്കൾ, ഉദരഫലം ഒരു സമ്മാനവും. കുട്ടികളുടെ സാന്നിധ്യം തലമുറകൾ തോറും ര

ക്ഷാചരിത്രത്തിലുടനീളമുള്ള കുടുംബത്തിന്റെ തുടർച്ചയുടെ ഒരടയാളമാണ്. കുടുംബങ്ങൾക്കുള്ളിലെ വിശ്വാസപ്രഘോഷണത്തെ ഒരു സങ്കീർത്തനം പ്രകീർത്തിക്കുന്നു. "നാം അതു കേൾക്കുകയും അറിയുകയും ചെയ്തിട്ടുണ്ട്, പിതാക്കന്മാർ നമ്മോടു പറഞ്ഞിട്ടുമുണ്ട്. അവരുടെ മക്കളിൽ നിന്ന് നാം അത് മറച്ചുവയ്ക്കരുത്; കർത്താവ് പ്രവർത്തിച്ച മഹത്തായ കാര്യങ്ങളും അവിടുത്തെ അത്ഭുതകൃത്യങ്ങളും വരും തലമുറയ്ക്ക് വിവരിച്ചു കൊടുക്കണം. അവിടുന്ന് യാക്കോബിനു പ്രമാണങ്ങൾ നല്കി; ഇസ്രായേലിനു നിയമവും; അതു മക്കളെ പഠിപ്പിക്കാൻ നമ്മുടെ പിതാക്കന്മാരോട് അവിടുന്ന് ആജ്ഞാപിച്ചു. വരാനിരിക്കുന്ന തലമുറ ഇനിയും ജനിച്ചിട്ടില്ലാത്ത മക്കൾക്ക് അവ അിറയുകയും തങ്ങളുടെ മക്കൾ അവ പറഞ്ഞുകൊടുക്കുകയും ചെയ്യും (സങ്കീ78:3-6). കുടുംബം, അങ്ങനെ മാതാപിതാക്കന്മാർ വിശ്വാസത്തിൽ അവരുടെ മക്കളുടെ ആദ്യ അദ്ധ്യാപകരായിത്തീരുന്ന സ്ഥലമാണ്. മക്കളെ സംബന്ധിച്ചിടത്തോളം "നിന്റെ പിതാവിനെയും മാതാവിനെയും ബഹുമാനിക്കുക (പുറ 20:12) എന്ന കല്പന സ്വീകരിക്കാനും പ്രായോഗികമാക്കാനും വിളിക്കപ്പെട്ടിരിക്കുന്നു. ഇവിടെ ബഹുമാനം എന്ന പദം കുടുംബപരവും സാമൂഹികവുമായ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നതിനോട് ബന്ധപ്പെട്ടിരിക്കുന്നു.

**7. റിപ്പോർട്ട്**

**8. ഹാജർ**

**9. ചർച്ച**

(1) സങ്കീർണ്ണത നിറഞ്ഞ സാഹചര്യങ്ങളിൽ ലാളിത്യത്തിന് ഊന്നൽ കൊടുത്തുകൊണ്ട് ശിശുക്കളുടെ മനോഭാവത്തിലും രൂപത്തിലും ജീവിക്കാമോ?

(2) കുട്ടികളെ വാർത്തെടുക്കുവാൻ ആത്മീയ, കുടുംബ, സാമൂഹിക, സാംസ്ക്കാരിക, വിദ്യാഭ്യാസ അന്തരീക്ഷം ഒരുക്കിക്കൊടുത്തുകൊണ്ട് ഭാവി തലമുറയെ രൂപപ്പെടുത്തുവാൻ കർമ്മ പദ്ധതികൾ യൂണിറ്റ് അടിസ്ഥാനത്തിൽ സാധ്യമാക്കാമോ?

10. പൊതു അറിയിപ്പ്, ശുശ്രൂഷ സമിതികളുടെ പ്രവർത്തനങ്ങളും, വിലയിരുത്തലും

**11. വിശ്വാസികളുടെ പ്രാർത്ഥന**

**12. സമാപന ഗാനം**

**13.നന്ദി**

■

# തിരിച്ചറിവ്



**ഫാ. എ.ആർ.ജോൺ**
കുടുംബശുശ്രൂഷാ ഡയറക്ടർ

# കാഴ്ച



**കാഴ്ചയുടെ അത്യുന്നത തലമാണ് ആത്മീയത. എല്ലാ കാഴ്ചകളെയും സമഗ്രമായി ഒന്നിൽ കാണാനുള്ള കാഴ്ചശക്തിയാണ് ആത്മീയത. ഉൾവെളിച്ചം സിദ്ധിച്ച നിർമല മാനസർക്ക് അതിനുള്ള കഴിവുണ്ട്. ദൈവത്തെ കാണാനുള്ള സിദ്ധിയുടെ കാര്യമാണ് പറഞ്ഞുവരുന്നത്.**

കാഴ്ചയ്ക്ക് മൂന്നുതലങ്ങളുണ്ടെന്നാണ് ഗ്രീക്ക് ചിന്തകനായ പ്ലേറ്റോ പറയുന്നത്. ഒന്ന്, കാണുന്ന കണ്ണിന്റെ, രണ്ട് കാണുന്ന വസ്തുവിന്റെ, മൂന്ന് നമ്മെ പ്രകാശിപ്പിക്കുന്ന ഉൾവെളിച്ചത്തിന്റെ. കാണേണ്ടത് കാണാൻ നമ്മെ പ്രാപ്തമാക്കുന്നതാണ് ഉൾവെളിച്ചം. വെളിച്ചമുള്ള കണ്ണിന് എല്ലാ കാഴ്ചകളും എല്ലാ അവസ്ഥകളും എല്ലാ സമയവും സൗന്ദര്യമുള്ള കാഴ്ചകളാണ്. ഒരുദിവസത്തിന്റെ സൗന്ദര്യം ആസ്വദിക്കാൻ ഇക്കൂട്ടർക്ക് സായാഹ്നം വരെ കാത്തിരിക്കേണ്ടതില്ല. അവർക്ക് എല്ലാ കാഴ്ചകളിലും സൗന്ദര്യം കാണാനുള്ള ഉൾക്കാഴ്ച ഉണ്ട്. അതിന് മന്ദമാരുതന്റെ ശബ്ദം കാണാൻ കഴിയണം. പ്രകൃതിയുടെ സൗ

ന്ദര്യം കേൾക്കാൻ കഴിയണം. ഇതു സാധ്യമാക്കുന്ന സിദ്ധിയാണ് ഹൃദയക്കാഴ്ച.

കാടറിയാത്തവർക്ക് പക്ഷികളുടെ ശബ്ദങ്ങളെല്ലാം കിളിയുടെയോ കുയിലിന്റെയോ ശബ്ദമാണെന്ന് തോന്നും. കാറ്റിലാടുന്ന മരങ്ങളുടെ ശബ്ദം ഒരേപോലെ തോന്നും. എന്നാൽ കാടറിയുന്നവർക്ക്, കാട്ടിൽ ജീവിക്കുന്നവർക്ക് ഓരോ ശബ്ദവും ഏത് പക്ഷിയുടേതാണെന്നും ഏത് മരത്തിന്റേതാണെന്നും തിരിച്ചറിയാനാവും.

ബന്ധങ്ങൾ എത്രയെന്ന് കാഴ്ചയില്ലാത്തവർ കൈവിരലിലെണ്ണി തിട്ടപ്പെടുത്തും. ഉൾക്കാഴ്ചയുള്ളവർ ബന്ധങ്ങളുടെ ഉഷ്മളതയിൽ നിന്ന് അവ തിട്ടപ്പെടുത്തും. ഇത് കാഴ്ചപ്പാടിലുള്ള വ്യത്യാസമാണ്.

ചിലർ ജീവിതം കൊണ്ട് എന്തുനേടിയെന്ന് ചിന്തിക്കുമ്പോൾ മറ്റുചിലർ ജീവിതം കൊണ്ട് എന്തുനൽകിയെന്ന് ചിന്തിക്കുന്നു. ചിലർ ഇനി എത്രകാലം ജീവിക്കുമെന്ന് ആധികൊള്ളുമ്പോൾ മറ്റുചിലർ ജീവിച്ചകാലം ആധികൂടാതെയായിരുന്നല്ലോ എന്ന് ഓർത്ത് സംതൃപ്തരാകും. ചിലർക്ക് നേട്ടം എന്നത് വിജയം സമ്മാനിച്ച ഉയർച്ചയാണ്. എന്നാൽ മറ്റുചിലർക്കത് പരാജയം നൽകിയ പാഠവും അതിജീവനം സമ്മാനിച്ച ഉൾക്കരുത്തുമാണ്.

എനിക്ക് അറിയാം എങ്ങനെ എന്തുചെയ്യണമെന്ന്. എനിക്ക് ആരുടെയും സഹായം വേണ്ട. എന്നെ ആരും പഠിപ്പിക്കേണ്ട. എന്നെല്ലാം ചിന്തിക്കുന്നവരുണ്ട്. അതേസമയം ഈ പ്രപഞ്ചത്തിൽ ജനിക്കുന്നതിൽ ഏറ്റവും ദുർബലർ മനുഷ്യൻ ആണെന്നും പരസഹായം കൂടാതെ ജീവിക്കാൻ അവന് കഴിയില്ലെന്നുമുള്ള ബോധം ഒരു കാഴ്ചയാണ്.

നാം നമ്മിൽ തന്നെ കേന്ദ്രീകരിക്കുമ്പോഴാണ് കാഴ്ചമങ്ങുന്നതും ജീവിതത്തിന് ഭാരം അനുഭവപ്പെടുന്നതും. ജീവിതത്തെ അതിന്റെ പാരസ്പര്യതയിലും ഐക്യത്തിലും സഹവർത്തിത്തത്തിലും പരാശ്രയത്തിലും കാണുമ്പോഴാണ് കാഴ്ചയും കാഴ്ചപ്പാടുകളും വിശാലമാകുന്നത്. ആ വിശാലതയാണ് സ്വാതന്ത്ര്യവും ജീവിത സൗന്ദര്യവും. അതിന്റെ ചാരുത അവർണനീയമായ ഒരു ജീവിതാനുഭവമാണ്. ഒരു മനഃശാത്രജ്ഞന്റെ കണ്ണിലൂടെ കാഴ്ചയെ നോക്കിയാൽ നാം എന്തുകാണാൻ ആഗ്രഹിക്കുന്നുവോ അതാണ് യഥാർത്ഥത്തിൽ കാണുന്നതെന്ന് മനസ്സിലാവും. ജീവിതത്തിലും യാത്രയിലും ബന്ധങ്ങളിലും നാം കാണുന്നതിൽ ബഹുഭൂരിപക്ഷവും കാണാൻ ആഗ്രഹിച്ചവ മാത്രമാണ്. അത്തരം കാഴ്ചകൾക്ക് ഏറെ കുറവുകളുണ്ട്.

ചില കാഴ്ചകളിൽ നാം സ്തബ്ധരാകുമ്പോൾ ചില സാന്നിധ്യങ്ങളിൽ നാം ആഹ്ലാദിക്കാറുണ്ട്. ചില കാഴ്ചകൾ നാം ആസ്വദിക്കും. ആവർത്തിച്ച് കാണാൻ കൊതിക്കും. ചില കാഴ്ചകൾ നമ്മളിൽ മടുപ്പുളവാക്കും. ചിലതിനെ മാറ്റിനിർത്തും. ചില കാഴ്ചകളെ നാം വെറുക്കുകയും അത് വേണ്ടായിരുന്നുവെന്ന് കരുതുകയും ചെയ്യും. ഇതെല്ലാം കാഴ്ചകളുടെ വൈവിധ്യങ്ങളാണ്.

കാഴ്ചയുടെ അത്യുന്നത തലമാണ് ആത്മീയത. എല്ലാ കാഴ്ചകളെയും സമഗ്രമായി ഒന്നിൽ കാണാനുള്ള കാഴ്ചശക്തിയാണ് ആത്മീയത. ഉൾവെളിച്ചം സിദ്ധിച്ച നിർമല മാനസർക്ക് അതിനുള്ള കഴിവുണ്ട്. ദൈവത്തെ കാണാനുള്ള സിദ്ധിയുടെ കാര്യമാണ് പറഞ്ഞുവരുന്നത്. ഇത്തരം ഒരു സിദ്ധിയില്ലെങ്കിൽ അതിന് കാരണം തേടി എങ്ങും പോകേണ്ട. സദ്ഗുരു പറഞ്ഞത് ഒന്നോർത്താൽ മതിയാവും. 'അപരന്റെ കണ്ണിലെ കരട് എടുത്തുകളയാനുള്ള പരിശ്രമങ്ങൾക്കിടയിൽ സ്വന്തം കണ്ണിലെ തടിക്കഷ്ണം കാണാനുള്ള കാഴ്ച നിനക്കില്ലല്ലോ' എന്ന ഗുരുവചനം. യേശു അന്ധയാചകനോടായി ചോദിച്ചു, 'നിനക്ക് ഞാൻ എന്ത് ചെയ്തുതരണമെന്നാണ് നീ ആഗ്രഹിക്കുന്നത്' അവൻ പറഞ്ഞു, 'കർത്താവേ, എനിക്ക് കാഴ്ച വീണ്ടുകിട്ടണം (ലൂക്ക. 18:41). കാഴ്ച കിട്ടിയവന് കാണേണ്ടവനെ കൺകുളിർക്കെ കാണാൻ കഴിഞ്ഞു. ഇനി നമുക്ക് ഒരു പ്രാർഥന മാത്രം. 'നാഥാ എനിക്ക് കാഴ്ച തരേണമേ'.



ജെ.സി.

# സിനഡാത്മകസഭയ്ക്ക്: കൂട്ടായ്മ, പങ്കാളിത്ത ദൗത്യം

1962 മുതൽ 1965 വരെ നീണ്ടുനിന്ന രണ്ടാം വത്തിക്കാൻ കൗൺസിൽ-നിന്നാരംഭിച്ച സഭാ നവീകരണ യജ്ഞത്തിന്റെ തുടർച്ചയാണ് 2021 ഒക്ടോബർ 10-ാം തീയതി ആരംഭിച്ച സിനഡാത്മകസഭയ്ക്കുള്ള സിനഡ്. "ഏകയോഗമായ സഭയ്ക്കായി: കൂട്ടായ്മയും പങ്കാളിത്തവും ദൗത്യവും" എന്ന വിചിന്തന പ്രമേയം ചർച്ച ചെയ്യുന്ന സമ്മേളനം സാർവത്രിക സഭയിലെ പതിനാറാമത്തെ സാധാരണ സിനഡാണ്. 2021 മുതൽ 2023 വരെ നീണ്ടുനിൽക്കുന്ന സിനഡിന് മൂന്നുതലങ്ങളുണ്ട് രൂപത, ഭൂഖണ്ഡം, സാർവത്രികം എന്നിങ്ങനെ മൂന്നുതലങ്ങളായിട്ടാണ് ഈ സമ്മേളനം ക്രമപ്പെടുത്തിയിരിക്കുന്നത്. രൂപതാതല സിനഡ് സമ്മേളനം 2021 ഒക്ടോബർ 17 ന് ആരംഭിച്ച് 2022 ഏപ്രിൽ വരെ നീണ്ടുനിൽക്കും. രണ്ടാംഘട്ടം 2022 സെപ്തംബർ മുതൽ 2023 മാർച്ചുവരെയായിരിക്കും ആഗോളതലത്തിലുള്ള സിനഡ് യോഗം 2023 ഒക്ടോബറിൽ വത്തിക്കാനിൽ വച്ച് നടത്തപ്പെടും. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ആലോചനയുടെ തുടർച്ചസഭയിൽ ഉണ്ടാകാനായാണ് സാർവത്രികസഭയിൽ സിനഡ് ആരംഭിച്ചത്. മെത്രാന്മാരുടെ സിനഡ് എന്നാണ് പൊതുവെ അറിയപ്പെട്ടിരിക്കുന്നത്. എന്നാൽ ഇപ്പോൾ നടക്കുന്ന സിനഡ് 'സഭയുടെ സിനഡ്' എന്നാണ് വിളിക്കപ്പെടുന്നത്. സിനഡ് പ്രക്രിയയിൽ സഭയിലെ എല്ലാപേരും പങ്കാളികളാണ്. അതുകൊണ്ട് സിനഡ് മൂന്നുതലങ്ങളിലായി നടത്തപ്പെടുന്നത് ഇടവകതലത്തിൽ ആരംഭിച്ച് വത്തിക്കാനിൽ അവസാനിക്കുന്ന ഒന്നാണ് സിനഡ് പ്രക്രിയ.

മനുഷ്യരെ അവരുടെ ജീവിതാവസ്ഥയിൽ കണ്ടുമുട്ടുക, ഹൃദയംകൊണ്ട് അവരെ കേൾക്കുക, തങ്ങളുടെ ദൗത്യമെന്തെന്ന് വിവേചിച്ചറിയുവാൻ അവരെ സഹായിക്കുക - യേശു ജനങ്ങൾക്കിടയിലൂടെ സഞ്ചരിച്ചുകൊണ്ട് നടത്തിയ ശുശ്രൂഷയെ അനുസ്മരിച്ചാണ് പാപ്പ രണ്ടുവർഷം നീളുന്ന സിനഡൽ യാത്രയ്ക്ക് തുടക്കം കുറിച്ചത്. "മൂന്നാം സഹസ്രാബ്ദത്തിലെ സഭയുടെ ജീവിതശൈലി നിർണയിക്കുന്ന ദൈവിക പദ്ധതി വെളിപ്പെട്ടുകിട്ടാനുള്ള" ഐതിഹാസിക അപ്പസ്തോല നടപടിയാണിത്. ഭൂമുഖത്തെ മാമ്മോദീസ സ്വീകരിച്ച മുഴുവൻ ജനത്തെയും ശ്രവിച്ചുകൊണ്ട് പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട് ക്രിസ്തുവിന്റെ പ്രവാചകദൗത്യവുമായി മുന്നേറാനുള്ള സിനഡാത്മക പ്രക്രിയയായിട്ടാണ് ഇതിനെ രൂപാന്തരപ്പെടുത്തുന്നത്. നമ്മൾ ആയിത്തീരേണ്ട സഭയെക്കുറിച്ച് സ്വപ്നം കാണുവാൻ ജനങ്ങളെ പ്രേരിപ്പിക്കുന്ന, അവരുടെ പ്രത്യാശകൾ തഴച്ചുവളരുന്ന, നമ്മുടെ പൊതുദൗത്യ നിർവഹണത്തിന് നമ്മുടെ കരങ്ങൾക്ക് കരുത്ത് പകരുന്ന ഒന്നാകണം സിനഡാത്മകസഭയ്ക്കുവേണ്ടി; കൂട്ടായ്മ പങ്കാളിത്തവും, ദൗത്യനിയോഗവും. ധാർമിക ശ്രേഷ്ഠതയുടെയും ഉന്നതാധികാര ശ്രേണിയുടെയും പേരുള്ള അധീശത്വ മനോഭാവത്തിന്റെ അടയാളമായ 'ക്ലെറിക്കലിസം' എന്ന അധികാര പ്രമത്തതയും ഗർവ്വുമാണ് ആഗോളസഭയിൽ പലടിത്തും ഉയർന്നുവന്നിട്ടുള്ള ലൈംഗികചൂഷണ ആരോപണങ്ങളുടെയും തുടർച്ചകളുടെയും പ്രധാനഹേതുവെന്ന് ഫ്രാൻസിസ് പാപ്പ ചൂണ്ടികാണിക്കുന്നു. ജനങ്ങളുടെ അടുക്കലേക്ക് പോയി അവരുടെ ശബ്ദത്തിന് ചെവികൊടുത്തുകൊണ്ട് ധ്യാനപൂർവ്വം പുതിയൊരു ജീവിതരീതിയും പ്രവർത്തനശൈലിയും രൂപപ്പെടുത്തുകയാണ് ഇന്നത്തെ സമൂഹം ഉന്നയിക്കുന്ന ചോദ്യങ്ങൾക്കുള്ള പ്രതിവിധിയെന്ന തിരിച്ചറിവാണ് സിനഡാത്മക കൂട്ടായ്മയെ അനിവാര്യമാക്കുന്നത്. എന്നാൽ ഇതിനെ ഒരു സഭാ കൺവൻഷനോ സ്റ്റഡി ഗ്രൂപ്പോ, രാഷ്ട്രീയ പൊതുസമ്മേളമോ, പാർലമെന്റോ ആയല്ല കാണേണ്ടത്, എന്ന് പാപ്പ വ്യക്തമാക്കുന്നുണ്ട്.

കേരളസഭ ഇന്ന് അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളും വെല്ലുവിളികളും പ്രതിസന്ധികളും ആഴത്തിൽ ചർച്ച ചെയ്യാനും തുറന്ന മനസ്സോടെ വിശകലനം ചെയ്യുവാനുള്ള അവസരമാക്കി ഈ സിനഡാത്മക പ്രക്രിയയെ മാറ്റണം. അടിസ്ഥാന വിശ്വാസ പ്രമാണങ്ങളിലും ജീവിതദർശനത്തിലും വന്നിട്ടുള്ള മാറ്റങ്ങൾ തൊട്ട് നമ്മുടെ ജീവിതരീതി സാംസ്കാരിക, സാമ്പത്തിക സാമൂഹ്യരാഷ്ട്രീയ അവസ്ഥ, പൊതുസമൂഹത്തിന് നമ്മൾ നൽകുന്ന സാക്ഷ്യം തുടങ്ങി സ്മസ്ത മണ്ഡലങ്ങളെയും അഭിമുഖീകരിക്കുന്ന ബഹുതലസ്പർശിയായ ഒരു സംവേദന പ്രക്രിയയായി ഇത് മാറണം. ഓരോ രൂപതകളിലും വത്തിക്കാൻ കൗൺസിൽ മുതൽ നാളിതുവരെ നടന്ന നവീകരണ പ്രക്രിയ മനസ്സിലാക്കാനും, കരുത്തുകളും കുറവുകളും തിരിച്ചറിയാനും, സഭയിൽ ഭാവിയിൽ വരുത്തേണ്ട മാറ്റങ്ങളുടെ പശ്ചാത്തലത്തിലും വേണം സിനഡിനെ നാം സമീപിക്കേണ്ടത്. വ്യത്യസ്തമായൊരു സഭാരൂപീകരണ പ്രക്രിയയായി നാമിതിനെ കാണണം. മറ്റൊരു സഭ സൃഷ്ടിക്കേണ്ട ആവശ്യമില്ല. ■



പ്രശസ്ത തീർത്ഥാടനകേന്ദ്രമായ
തിരുവനന്തപുരം, വെട്ടുകാട്
മാദ്രെ ദെ ദേവൂസ്
ദേവാലയത്തിൽ
ക്രിസ്തുരാജത്വ
തിരുനാൾ
മഹോത്സവം
2021 നവംബർ 12
വെള്ളി മുതൽ 21
ഞായർ വരെ
2021 നവംബർ 12 വെള്ളി വൈകിട്ട് 6.30 ന്:
സമൂഹദിവ്യബലി, തിരുനാൾ കൊടിയേറ്റ്
മുഖ്യകാർമികൻ: റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്. ആർ
( തിരു. ലത്തീൻ അതിരൂപത സഹായമെത്രാൻ )
2021 നവംബർ 20 ശനി വൈകിട്ട് 6.30ന്: സന്ധ്യാവന്ദന പ്രാർത്ഥന
മുഖ്യകാർമികൻ: മോറോൻ മോർ ബസേലിയോസ്
കർദിനാൾ ക്ലീമിസ് കാതോലിക്കാ ബാവ
( തിരു. മലങ്കര അതിരൂപതാ മേജർ ആർച്ച്ബിഷപ് )
ക്രിസ്തുരാജ തിരുസ്വരൂപപ്രദക്ഷിണം
2021 നവംബർ 21 ഞായർ വൈകിട്ട് 5ന്:
പൊന്തിഫിക്കൽ സമൂഹദിവ്യബലി
മുഖ്യകാർമികൻ: മോസ്റ്റ് റവ. ഡോ. സൂസപാക്യം എം.
( തിരു. ലത്തീൻ അതിരൂപതാ മെത്രാപ്പോലീത്ത )
MADRE DE DEUS CHURCH
(Archdiocese of Trivandrum)
Vettucaud, Titanium P.O, Trivandrum - 695 021, Ph: 0471-2503067, 2500143

Total Page 44 Pub. Date : 01.11.2021
RNI Registered NO. 36056/81 REG NO. KL/TV(S)266/2021-2023. WPP NO. KL/TV(S)WPP/171/2021-2023 JEEVANUM VELICHAVUM Rs. 25.00

# THE CONGREGATION OF CARMELITE RELIGIOUS (CCR)

IN HIS PRESENCE WE STAND AND SERVE




Our Foundress



Mother Mary Theresa Veronica
of the Passion
1823 - 1906

ദൈവസ്നേഹത്തിന്റെ സന്തോഷപൂർണമായ ഒരു സാക്ഷിയാകുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ? സ്നേഹപൂർവം നിങ്ങളെ സ്വാഗതം ചെയ്യുവാൻ തുറന്ന കരങ്ങളുമായി യേശു ഇതാ കാത്തുനിൽക്കുന്നു.

യേശുവിനോടൊത്ത് മറ്റുള്ളവർക്കുവേണ്ടി സന്തോഷം പങ്കുവച്ചുകൊണ്ടുള്ള ജീവിതാനുഭവത്തിലേക്ക് നിങ്ങൾക്ക് സ്വാഗതം. എസ്. എസ്. എൽ. സി., പ്ലസ് – ടു പാസ്സായ, താല്പര്യമുള്ളവർ താഴെ കാണുന്ന അഡ്രസിൽ ബന്ധപ്പെടുക

Sr. Margret
Mary Mount Convent
Nanthancode
Trivandrum 695003
Phone : 0471-2314180, 9995375727

Vocation Promoter
St. Theresa's Provincial House
Pushpadhara, Thazhuthala
Kottiyam, Kollam
Phone : 0474 - 2535500

Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press, Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Deepak Anto